KSFDC

# ഫിലിം വിഷൻ

കേരള ഭാഗ്യക്കുറി

DIGITAL MAGAZINE PUBLISHED BY FILCA FILM SOCIETY
Website : www.filca.in E-mail: filcakerala@gmail.com

filca

PH:8089036090

വോള്യം -8 | ലക്കം -137 | ഏപ്രിൽ 2025 | മലയാളം - ഇംഗ്ലീഷ്


Filca Film Society, in association with Social Justice Dept., Lottery Dept., Joint Council - Nanma Film Society, KSFDC, Chalachithra Academy, Human Rights Protection Mission, Senior Citizen Service Council, Beam Film Society, BSS Chalachithra Mandalam, and LGBTQ organizations.

# TRANS FILM FESTIVAL

Seminar and Awards for LGBTQ artistic talents


Joint Council Hall,
Near Press Club,
Trivandrum.

27 APRIL 2025




**10 AM**

Boys don't cry (USA)
Dir- Kimberly Peirce.





**12:10 PM**

All about my mother
(Spain)
Dir- Pedro Almodovar.




**04:00 PM**

XXY
(Argentina)
Dir- Lucia Puenzo





**06:00 PM**

Beautiful Boxer
(Thailand)
Dir- Ekachai Uekrangtham

All are welcome | Admission to people who are above 18 years old | Free Entry


കേരള സർക്കാർ
കേരള സംസ്ഥാന ഭാഗ്യക്കുറി
വിഷു ബമ്പർ
ഭാഗ്യക്കുറി 2025
VISHU BUMPER LOTTERY 2025
രണ്ടാം സമ്മാനം
₹1 കോടി
വീതം 6 പരമ്പരകൾക്ക്
ഒന്നാം സമ്മാനം
₹12 കോടി
COMMON TO ALL SERIES
മൂന്നാം സമ്മാനം
₹10 ലക്ഷം
വീതം 6 പരമ്പരകൾക്ക്
നാലാം സമ്മാനം
₹5 ലക്ഷം
വീതം 6 പരമ്പരകൾക്ക്
ടിക്കറ്റ് വില
₹300
കൂടാതെ 5000, 2000, 500, 300 രൂപയുടെ നിരവധി സമ്മാനങ്ങൾ
DATE OF DRAW
28-05-2025, 2pm
For draw results: www.statelottery.kerala.gov.in
BR103 VA, VB, VC, VD, VE, VG series


കാഴ്ചകളുടെ
ലോകത്തിലൂടെ
വിജ്ഞാനത്തിലേക്ക്
ജോയിന്റ് കൗൺസിൽ
നന്മ ഫിലിം സൊസൈറ്റി






Jorge Mario Pedro Vargas Llosa (28 March 1936 - 13 April 2025), more commonly known as Mario Vargas Llosa, was a Peruvian novelist, journalist, essayist, and politician. The works of Mario Vargas Llosa are viewed as both modernist and postmodernist novels.Vargas Llosa's style encompasses historical material as well as his own personal experiences.Some critics consider him to have had a more substantial international impact and worldwide audience than any other writer of the Latin American Boom.


In 2010, he won the Nobel Prize in Literature for "his cartography of structures of power and his trenchant images of the individual's resistance, revolt, and defeat".Vargas Llosa rose to international fame in the 1960s with novels such as The Time of the Hero (La ciudad y los perros, 1963/1966), The Green House (La casa verde, 1965/1968), and the monumental Conversation in The Cathedral (Conversación en La Catedral, 1969/1975).


Vargas Llosa frequently used his writing to challenge the inadequacies of society, such as demoralization and oppression by those in political power towards those who challenge this power. One of the main themes he explored in his writing is the individual's struggle for freedom within an oppressive reality.


Many of Vargas Llosa's earlier novels were set in Peru, while in later work he expanded to other regions of Latin America, such as Brazil and the Dominican Republic. His responsibilities as a writer and lecturer allowed him to travel frequently and led to settings for his novels in regions outside of Peru.Vargas Llosa was one of the most significant Latin American novelists and essayists and one of the leading writers of his generation.





# Mario Vargas Llosa - Homage

വോള്യം -8 ലക്കം -137 ഏപ്രിൽ 2025 മലയാളം - ഇംഗ്ലീഷ്

April Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

TRANS FILM FESTIVAL

KSFDC





**Dr. R. BINDU**
MINISTER FOR
HIGHER EDUCATION & SOCIAL JUSTICE
GOVERNMENT OF KERALA

Thiruvananthapuram
Date 15.04.2025

**ജനാധിപത്യ സമൂഹമാകാം**
**ഇവരെയും ചേർത്തു പിടിയ്ക്കാം**

വ്യത്യസ്തമായ സ്വത്വമോ ലൈംഗികാഭികാമ്യമോ പ്രകടിപ്പിക്കുന്നതിന്റെ ഭാഗമായി കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ബഹിഷ്കൃതരായി, അരക്ഷിതമായ ജീവിത സാഹചര്യങ്ങളിൽ അസംഖ്യം അനീതികളോട് പൊരുതി ജീവിക്കേണ്ടി വരുന്നവരാണ് ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റി. അവർക്ക് ആവശ്യമായ മാനവികമായ പരിഗണനയും അംഗീകാരവും നൽകാൻ ഇനിയും ദൂരങ്ങൾ നാം താണ്ടേണ്ടതുണ്ട്. മാനവികമായ നീതിയും അന്തസ്സും ഇവർക്ക് ഇനിയുമെത്രയധികം പ്രാപ്യമാക്കാമോ, അതാവും ജനാധിപത്യ സമൂഹമായി നാം ഉയരുന്നതിന്റെ അടയാളം.

സമൂഹത്തിന്റേയും സംസ്കാരത്തിന്റേയും കേന്ദ്രസ്ഥാനങ്ങളിൽ നിന്ന് നീതിരഹിതമായി ആട്ടിപ്പായിക്കപ്പെടുന്ന ഈ സമൂഹത്തെ ഒപ്പം ചേർത്തു നിർത്താനും കൈപിടിച്ചുയർത്താനുമുള്ള ഉദ്യമങ്ങൾ ഇനിയും ഉയർന്നുവരണമെന്ന കാഴ്ചപ്പാടിലാണ് സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനങ്ങളെല്ലാം. അതിലേക്കുള്ള മികച്ചൊരു സർഗ്ഗാത്മക സംഭാവനയാണ് തിരുവനന്തപുരത്ത് ഫിൽക്ക ഫിലിം സൊസൈറ്റി ഒരുക്കുന്ന ട്രാൻസ്ജെൻഡർ ചലച്ചിത്രോത്സവമെന്നതിൽ ആഹ്ളാദവും അഭിമാനവുമുണ്ട്.

ട്രാൻസ്ജെൻഡർ മനുഷ്യാവകാശങ്ങൾക്കു വേണ്ടി നിലകൊള്ളാനും അതിനായുള്ള അവബോധ രൂപീകരണത്തിൽ പങ്കു വഹിക്കാനും ചലച്ചിത്രോത്സവത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

സ്നേഹത്തോടെ,

ഡോ. ആർ. ബിന്ദു

Office : Room No. 301, Annexe-II
Government Secretariat, Thiruvananthapuram-695 001
Phone-Office : 0471-2327574 Res. : 0471-2334133 Mobile : 9447741385
E-mail : r.bindu@kerala.gov.in, minhednsjd@gmail.com

**വട്ടിയൂർക്കാവിന്റെ ഹൃദയഭാഗത്ത് മൂന്നാംമൂടിൽ വർണ്ണവിസ്മയം തീർത്ത് വസ്ത്ര നിർമ്മാണ രംഗത്തേക്ക് പുതിയ കാൽവയ്പുമായി അജുഷ ഫാഷൻസ് പ്രവർത്തനം തുടങ്ങിയിരിക്കുന്നു.**

വളരെ കുറഞ്ഞ നിരക്കിൽ നിങ്ങളുടെ മേനിക്കിണങ്ങിയ പുതുമ നിറഞ്ഞ വസ്ത്രങ്ങൾ ശരിയായ അളവിൽ **അജുഷ ഫാഷൻസ്** - ൽ ലഭിക്കുന്നു.

തൊഴിലന്വേഷകരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമായി **അജുഷ ഫാഷൻസ്**.



ഏവർക്കും ഹൃദ്യമായ സ്വാഗതം..

AJUSHA FASHIONS

**AJUSHA FASHIONS**
Interzone Plaza TC 34/61, Moonnammoodu,
Vattiyoorkavu. P. O., Trivandrum - 695013
Ph : 9526912096, 9497120967, 9446177088

# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE April 2025

INDEX

1. UN strategy on transgenders and media
ഡോ. ബി.രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) 19



2. ട്രാൻസ്ജെൻഡർ ചലച്ചിത്രമേള , ട്രാൻസ്ജെൻഡർ മനുഷ്യാവകാശങ്ങൾ
–സാബു ശങ്കർ (ഫിൽക്ക) 21



3. ആൺകുട്ടികൾ കരയാറില്ല – ഡോ. പി. അജികുമാർ (ഫിൽക്ക) 30




4. കിംബർലി പിയേഴ്സ് – ഗിരിജ സുരേന്ദ്രൻ (ഫിൽക്ക) 33




5. ഓൾ എബൗട്ട് മൈ മദർ. –വിനോദ്കുമാർ. പി (ഫിൽക്ക) 36




6. പെഡ്രോ അൽമോദോവർ - രാജാംബിക എസ്. എസ് (ഫിൽക്ക) 38




7. എക്സ് എക്സ് വൈ – ഷീബാ.എസ്. ജെയിംസ് ( ഫിൽക്ക) . 41



8. ലൂസിയ പുയെൻസോ - സുരേഷ്കുമാർ.സി (ബീം ഫിലിം സൊസൈറ്റി) 44



9. ബ്യൂട്ടിഫുൾ ബോക്സർ - രാജാംബിക എസ്. എസ് (ഫിൽക്ക) 46



10. എക്കച്ചായി ഉക്രാങ്തം –ജോൺ തോമസ് (ഫിൽക്ക) 52



11. (പ്രതികരണം) കെട്ടിടങ്ങൾ പ്രകൃതിയോട് ചേർന്നുനിൽക്കുന്നവയായിരിക്കണം
– ഡോ. പ്രൊഫ. ആശാലത തമ്പുരാൻ –ജോൺ തോമസ് (ഫിൽക്ക) 53



Website:www.filca.in Email:filcakerala@gmail.com

# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE April 2025

INDEX

### ട്രാൻസ്ജെൻഡറിസം - കവിതകൾ


12. ലിംഗസ്വത്വം -രാജാംബിക എസ്. എസ് (ഫിൽക്ക) 61

13. നോവിൻ പിറപ്പുകൾ -ദിവ്യ. സി. ആർ 62

14. ഞാൻ -ഡോ. ഉഷാറാണി .പി 63

15. അതിജീവന സ്വത്വം -എസ്. എൽ. ബ്രൈറ്റ് മീയണ്ണൂർ 64

16. ഇരുമുഖം -അനീഷ്. ആർ. കെ 65

17. ഗാസ് -പി. കെ. ജയരാജൻ 66

18. ഒന്നാണു നമ്മൾ -ജാനു കാഞ്ഞിരംകുളം 67

19. ട്രാൻസ്ജെൻഡറിസം -പുഷ്പ അനിൽ 68

20. ആരു ഞാൻ ? - സജി അജീഷ് 69

21. തിരുനങ്കൈകൾ - തിരുമല ശിവൻകുട്ടി 70

22. മൂന്നാം ലിംഗം -ഡോ. അനിൽകുമാർ. എസ്. ഡി 71



Website:www.filca.in Email:filcakerala@gmail.com

filca FILM LOVERS CULTURAL ASSOCIATION

കേരള ഭാഗ്യക്കുറി

# FILM VISION

**27TH SUNDAY APRIL 2025**

Joint Council A/C Hall ,Near Press Club, Trivandrum.

PROGRAM INAUGURATION

Filca Film Society, in association with Social Justice Dept, KSFDC ,Joint Council - Nanma Film Society, Lottery Dept. , Chalachithra Academy, Human Rights Protection Mission,Beam Film Society, Senior Citizen Service Council,BSS Chalachithra Mandalam and LGBTQ Organizations

## TRANS FILM FESTIVAL INAUGURAL FUNCTION

Filca


Poetry session @ 2:45 PM

**Seminar @ 3:00 PM**

Message : **DR. R. BINDU**
(Hon'ble Minister for Higher education and Social Justice.)



Welcome : **DR. B. RADHAKRISHNAN**
( President, Filca Film Society.)



Presided over : **S. SAJEEV**
( State Secretary , Joint Council & Editor,Kerala NGO Magazine)



Inauguration : **SREEKUTTY NAMITHA**
((Actress & Chairperson, Activities Liberty foundation Kerala )



Talk :Transgenderism - Govt. Policy and programs -
**SHEEBA MUMTAS**
( Asst. Director , Dept.of Social Justice )



Talk : Challenges and possibilities in implementing law and policy with special reference to Kerala scenario -
: **SHYAMA.S. PRABHA**
(Program officer,Transgender Cell, Dept.of Social Justice).



Talk : The Theme of Trans Film Festival -
: **SABU SANKAR**
(Novelist ,Film Author , Director, Sr. Journalist)




Honouring :Notable LGBTQ talents and artists

Felicitation & Gratitude : **GIRIJA SURENDRAN**
( Actress & Vice President, Filca)



free entry | (admisson to people are above 18 years old) | all are welcome


കേരള ഭാഗ്യക്കുറി
KSFDC
filca
TRANS FILM FESTIVAL
Filca Film Society, in association with Social Justice Dept., Lottery Dept., Joint Council - Nanma Film Society, KSFDC, Chalachithra Academy, Human Rights Protection Mission, Senior Citizen Service Council, Beam Film Society, BSS Chalachithra Mandalam, and LGBTQ organizations.
Poetry Session
27 Sunday April 2025.
Time @2:45
Janu Kanjiramkulam
Dr.Anilkumar S.D
S.L.Brite Miyannoor.
Dr.Usharani P
Thirumala Sivankutty C.S
Saji Ajeesh
Aneesh R. K
Pushpa Anil
Divya C.R
P.K.Jayarajan
Rajambika S.S
Presides over :
John Thomas
( Consultant, Filca)


# TRANS FILM FESTIVAL

**Filca Film Society, in association with Social Justice Dept., Lottery Dept., Joint Council - Nanma Film Society, KSFDC, Chalachithra Academy, Human Rights Protection Mission, Senior Citizen Service Council, Beam Film Society, BSS Chalachithra Mandalam, and LGBTQ organizations.**


| 27 SUNDAY , April, 2025 | SCREENING SCHEDULE | Joint Council Building, Near Press Club ,Trivandrum. |
|---|---|---|

FILCA

10 :00AM
**BOYS DON'T CRY**
USA/ 1999 / 118 MINS
**DIR- KIMBERLY PEIRCE**




12:10 PM
**ALL ABOUT MY MOTHER**
SPAIN / 1999 / 101 MINS
**DIR- PEDRO ALMODOVAR**




Lunch Break

2:45 PM
**Poetry session, Seminar and Awards to LGBTQ artistic talents**

4:00 PM
**XXY**
ARGENTINA / 2007 / 91 MIN
**DIR- LUCIA PUENZO**




6 :00 PM
**BEAUTIFUL BOXER**
THAILAND / 2003 / 118 MINS
**DIR- EKACHAI UEKRANGTHAM**




FILCA film society filcakerala@gmail.com www.filca.in 80890 36090



Higher Education Department
കേരള സർക്കാർ
ഉന്നത വിദ്യാഭ്യാസ വകുപ്പ്
ADDITIONAL SKILL ACQUISITION PROGRAMME
asap
A Govt. of Kerala Undertaking
ആധുനിക തൊഴിൽ മേഖലകളിൽ അസാപ് കേരള നൽകുന്ന
പരിശീലനം വഴി മികച്ച തൊഴിൽ അവസരങ്ങൾ സ്വന്തമാക്കാം
അസാപ് കേരളയുടെ
നൂതന ഹ്രസ്വകാല
നൈപുണ്യപരിശീലന
കോഴ്സുകൾ
ഇനി ലോകം നിങ്ങളെ തേടട്ടെ...!!!
ചെറിയ കാലയളവിൽ
പരിശീലനം
വലിയ വേതനത്തിൽ
ജോലി
GET SKILLED WITH
ASAP KERALA
www.asapkerala.gov.in



KPharma
Your Family Health Store
Your Prescription
Delivered Anytime,
Anywhere
Kuravankonam - +91 9995811166
Attingal - +91 8129484422
Pothencode - +91 9074558869
Manacaud - +91 8136988890
Vattiyoorkavu - +91 8714692315
Ayoor - +91 7593001351



www.ksfe.com
കെ എസ് എഫ് ഇ
ഗോൾഡ് ലോൺ
ഇനി ആവശ്യങ്ങൾക്ക്
അവധികൊടുക്കേണ്ടതില്ല...
കുറഞ്ഞ പലിശ | കൂടുതൽ തുക | എത്രയും പെട്ടെന്ന്
KSFE
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
കോർപ്പറേറ്റ് ഓഫീസ്: 'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Toll Free Helpline: 18004253455, mail: mail@ksfe.com



എന്റെ കേരളം എന്നും സുന്ദരം
ലോകത്തെ കേരളം കാണിക്കൂ!
കേരള സർക്കാർ
kerala
God's Own Country


BHIMA
GOLD • DIAMONDS • SILVER • PLATINUM
INDIA • UAE
+91 99472 54777
USP
URBANSCAPE PROPERTIES
A BHIMA INITIATIVE
A USP HOME -
AN INVESTMENT IN
TRUST AND QUALITY!
If you are keen on buying a home in Trivandrum choose -
Urbanscape Properties, part of the unmatched 100 year legacy of Bhima.
ONGOING WORK IN FULL SWING
SOLITAIRE
VATTIYOORKAVU
2 & 3 BHK DESIGNER APARTMENTS
K-RERA/PRJ/TVM/192/2022
MIDTOWN
PREMIUM LUXURY APARTMENTS
KAZHAKOOTTAM
2 & 3 BHK PREMIUM APARTMENTS
K-RERA/PRJ/TVM/073/2024
ONGOING WORK IN FULL SWING
ONGOING WORK IN FULL SWING
DIVINITY
CLASSIC HOMES BY BHIMA
POTHENCODE
3 & 4 BHK PREMIUM LUXURY VILLAS
IN 5, 6 & 7 CENTS
PREMIUM GATED COMMUNITY
K-RERA/PRJ/TVM/223/2023
ALL PROJECT LANDS OWNED BY USP
rera.kerala.gov.in
URBANSCAPE PROPERTIES
Ruby Plaza, 3rd & 4th Floors, Vellayambalam - Sasthamangalam Road, Vellayambalam, Thiruvananthapuram - 695010
urbanscapepropertiesofficial
@urbanscapeproperties
urbanscapeproperties.com
CREDAI

filca

## ഫിൽക്ക ഫിലിം സൊസൈറ്റി

# 25-ാം വാർഷികം

പ്രമാണിച്ചു സംഘടിപ്പിക്കുന്ന ദൃശ്യപരമ്പര...

## കേരള വിഷ്വൽ എൻസൈക്ലോപീഡിയ

കാഴ്ചയുടെ കൗതുകം, കേരള വിജ്ഞാന ശേഖരം

**സൗജന്യ ഓൺലൈൻ റഫറൻസ് ന്യൂസ് മീഡിയ**

**www.keralapedia.com**

എം.എസ്.എം.ഇ. ഉദ്യം – ജി. എസ്. റ്റി – ഐ പി ആർ കോപ്പിറൈറ്റ് രജിസ്റ്റേർഡ് സംരംഭം

- കോർപ്പറേഷൻ - മുൻസിപ്പാലിറ്റി മേഖലകളിലെ ഓരോ വാർഡിന്റെയും ഓരോ പഞ്ചായത്തിന്റെയും ഗവേഷണ ഡോക്യുമെന്ററി പരമ്പര പുനരാരംഭിക്കുന്നു.
- 40 - ലേറെ വിവിധ വിഷയങ്ങൾ.
- കൗൺസിലർമാരും പ്രമുഖരും പങ്കെടുക്കുന്നു.
- പ്രൊജക്റ്റ് ഫിലിം പരിശീലിക്കാൻ താൽപര്യം ഉള്ളവർക്ക് ഫീസില്ലാതെ പങ്കെടുക്കാം.
- വാണിജ്യ സ്ഥാപനങ്ങൾക്ക് പരസ്യചിത്രം സൗജന്യമായി നിർമ്മിച്ച് കൊടുക്കുന്നു.
- അതത് വാർഡിൽ നിന്നുള്ള വാണിജ്യ സ്ഥാപനങ്ങളുടെ 10 സെക്കന്റ് പരസ്യചിത്രം ചേർക്കുന്നതിലൂടെ പ്രവർത്തകർക്ക് മികച്ച പ്രതിഫലം ഉടൻ ലഭിക്കുന്നു.

- വിദ്യാർത്ഥികൾക്കും സീനിയർ സിറ്റിസൺസിനും പാർട് ടൈം ജോലി.
- ഓരോ ഡോക്യുമെന്ററിയും 5 വർഷം പരസ്യചിത്രങ്ങളോടെ ഓൺലൈനിൽ സൂക്ഷിക്കുന്നു.

**സാമ്പിൾ എപ്പിസോഡ്-സേർച്ച്: "വട്ടിയൂർക്കാവ് ഡോക്യുമെന്ററി ഫിലിം"- യുട്യൂബിൽ കാണാം.**

## FILCA FILM SOCIETY

www.filca.in filcakerala@gmail.com

Contact:- 80890 36090 (General Secretary), 96336 70050 (Co-ordinator - Executive Committee Member), 98470 63190 (President), 98473 08020 (Joint Secretary), 94953 76760 (Vice President) & 95394 37067 (Treasurer).

filca FILM LOVERS CULTURAL ASSOCIATION


# FILCA FILM SOCIETY

www.filca.in

## 25 ാം വർഷത്തിലേയ്ക്ക്

- എല്ലാ മാസവും പ്രത്യേക പ്രമേയം ആസ്പദമാക്കി ലോക സിനിമാ ഫെസ്റ്റിവലുകൾ.
- നഗര ഹൃദയത്തിൽ സൗകര്യ പ്രദമായ പ്രദർശനം.
- പ്രവേശനം സൗജന്യം.
- ഓരോ മാസവും പ്രശസ്ത വ്യക്തികൾ അതിഥികളായെത്തുന്നു.
- ഓരോ മാസവും ഡിജിറ്റൽ ഫിലിം മാഗസിൻ.
- എപ്പോഴും റെഫറൻസിന് ഉപയോഗിക്കാവുന്ന രീതിയിൽ മാഗസിൻ ഓൺലൈനിൽ സൂക്ഷിക്കുന്നു.
- പ്രത്യേകം website. www.filca.in
- സിനിമയുമായി ബന്ധപ്പെട്ട് വർക്ക് ഷോപ്പുകൾ.
- വിവിധ കഴിവുകൾ ചലച്ചിത്ര - മാധ്യമ രംഗത്ത് പ്രകാശിപ്പിക്കാനുള്ള അവസരം.
- ചലച്ചിത്ര ഗ്രന്ഥങ്ങളുടെ പ്രസാധനം.
- ഡോക്യുമെന്ററി - ഫീച്ചർ സിനിമകളുടെ നിർമ്മാണം.
- സ്വന്തമായി നൂതന പ്രൊജക്ടർ, ഓഡിയോ സിസ്റ്റം, കമ്പ്യൂട്ടർ ഉപകരണങ്ങൾ, സ്ക്രീൻ തുടങ്ങിയവ.
- ഫിലിം എഡിറ്റിംഗ്, സിനിമാട്ടോഗ്രാഫി, സ്ക്രിപ്റ്റ് റൈറ്റിംഗ് തുടങ്ങിയവ പഠിക്കാൻ സൗകര്യം.
- സാങ്കേതിക വിദഗ്ദരുടെയും കലാകാരന്മാരുടെയും രചയിതാക്കളുടെയും ചലച്ചിത്ര ആസ്വാദകരുടെയും കൂട്ടായ്മ.

# UN STRATEGY ON TRANSGENDERS AND MEDIA



**Dr. B. Radhakrishnan**
(President, Filca Fim Society)

A TRANS FILM FESTIVAL. This will probably be the first time in Kerala that a film festival will screen four of the best films selected from world cinema on transgender themes. The festival will continue the theme with a poetry reading, a special edition of a magazine, and a seminar. We endeavour to promote an understanding of transgenderism as many people seem to be unaware of the many nuances of it.

To be precise, transgenderism refers to a person's gender identity differing from the biological sex they were assigned at birth. The relationship between transgenderism and the phenomenon of nature is complex and multifaceted. Research suggests that the brains of transgender individuals may differ from those of cisgender individuals in terms of structure and function. Hormones play a crucial role in foetal development, and some research suggests that atypical hormonal exposure may contribute to the development of transgender identities.

Transgender individuals may experience a disconnect between their assigned sex and their experienced gender, that may impact their process of identity formation and self-discovery.

Transgender individuals may face unique mental health challenges, including anxiety, depression, and trauma, and these often originate from the societal stigma and discrimination they experience.

The sociological perspective is that "gender" is a cultural construct that varies across societies and historical periods, influencing how individuals understand their sexual identity.

Socialisation plays a significant role in shaping gender identity, with individuals learning and internalising societal norms and expectations. Some argue that transgenderism has a biological basis, with genetic or hormonal factors contributing to its development. Others emphasise the role of environmental factors, such as upbringing and socialisation, in shaping gender identity.

The relationship between transgenderism and nature is complex, and it is likely that both biological and environmental factors contribute to the development of transgender identities.

The United Nations (UN) has taken a comprehensive approach to promote the rights and well-being of transgender individuals worldwide.

The UN advocates for the elimination of discrimination against transgender individuals in all areas of life, including employment, education, healthcare, and housing. It promotes equal rights and opportunities for transgender individuals, including the right to legal recognition of their gender identity,

and emphasises the importance of treating transgender individuals with dignity and respect, free from violence, harassment, and stigma.

The UN works to ensure that transgender individuals have access to legal recognition of their gender identity without requiring medical or surgical interventions. The UN advocates for access to comprehensive healthcare services, including gender-affirming care, mental health services, and HIV prevention and treatment. It works to prevent and respond to violence against transgender individuals, including through the development of effective laws, policies, and programmes. The UN supports the empowerment and participation of transgender individuals in all aspects of society, including through capacity-building programmes and advocacy initiatives.

The UN works with member states to develop and implement laws, policies, and programmes that promote the rights and well-being of transgender individuals. It partners with civil society organisations, including transgender-led organisations, to amplify their voices and support their work. It conducts research and collects data to better understand the experiences and challenges faced by transgender individuals, informing evidence-based policies and programmes.
The OHCHR ( Office of the United Nations High Commissioner for Human Rights ) leads the UN's efforts to promote and protect the rights of transgender individuals. UNAIDS works to address the specific needs and challenges faced by transgender individuals in the context of HIV prevention and treatment. The United Nations Development Programme (UNDP) supports the development of inclusive laws, policies, and programs that promote the rights and well-being of transgender individuals.

The UN's strategy on transgender rights is guided by the principles of non-discrimination, equality, and dignity and aims to promote the full realisation of human rights for all transgender individuals worldwide.This film festival is organised by the FILCA Film Society in collaboration with the Department of Social Justice, under the Department of Higher Education, Joint Council, the Chalachitra Academy, Kerala State Film Development Corporation, the Beam Film Society, the Lottery Department, the Human Rights Protection Mission, etc.

FILCA is an inclusive organisation, and as part of our commitment to support transgender people, we have decided to provide opportunities to transgender individuals in the film-serial-documentary works of FILCA Film Society.

UNITED NATIONS

വോള്യം -8 ലക്കം -137 ഏപ്രിൽ 2025 മലയാളം - ഇംഗ്ലീഷ്

April Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society


TRANS FILM FESTIVAL



# ട്രാൻസ്ജെൻഡർ ചലച്ചിത്രമേള , ട്രാൻസ്ജെൻഡർ മനുഷ്യാവകാശങ്ങൾ




**സാബു ശങ്കർ**
(ജനറൽ സെക്രട്ടറി, ഫിൽക്ക)
(നോവലിസ്റ്റ് , ചലച്ചിത്ര ഗ്രന്ഥകാരൻ ,
ചീഫ് കറസ്പോന്റ് - നേർക്കാഴ്ച വാരിക
അമേരിക്ക, സമീക്ഷ മാഗസിൻ കാനഡ
& ലിമ വേൾഡ് ലൈബ്രറി ലണ്ടൻ, യു. കെ. )




തിരുവനന്തപുരത്ത് ഫിൽക്ക ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു ട്രാൻസ്ജെൻഡർ ഫിലിം ഫെസ്റ്റിവൽ ഏപ്രിൽ 27-ന് നടക്കുന്നു. വിശ്വചലച്ചിത്രവേദിയിൽ നിന്ന് തെരെഞ്ഞെടുത്ത നാല് സിനിമകളാണ് സൗജന്യമായി ജോയിന്റ് കൗൺസിൽ ഹാളിൽ പ്രദർശിപ്പിക്കുന്നത് . ബോയ്സ് ഡോണ്ട് ക്രൈ (1999/അമേരിക്ക/ സംവിധാനം - കിംബെർലി പീയേർസ്) , ഓൾ എബൌട്ട് മൈ മദർ (1999/സ്പെയിൻ / സംവിധാനം - പെഡ്രോ അൽമോദോ വർ ) , എക്സ് എക്സ് വൈ ( 2007/ അർജന്റീന- സ്പെയിൻ-ഫ്രാൻസ്/ സംവിധാനം - ലൂസിയ പീയെൻസോ ) , ബ്യൂട്ടിഫുൾ ബോക്സർ (2003 / തായ്‌ലൻഡ് / എകാച്ചായി ഉക്രാങ്തം). നാല് ഭൂഖണ്ഡങ്ങളി ൽ നിന്നുള്ള നാല് സിനിമകളിൽ നാല് അവസ്ഥകൾ ആണ് ട്രാൻസ് ജെൻഡേർസ് കേന്ദ്ര കഥാപാത്രങ്ങളായ സംഭവകഥകളിലൂടെ പ്രതിപാദിക്കുന്നത് .ഓരോ ഷോട്ടുകളും പക്വവും അന്തരീക്ഷസൃഷ്ടിയുള്ളതും അർത്ഥവത്തായതുമാണ്.അവ പ്രേക്ഷകനെചിന്തിപ്പിക്കാൻ വഴിയൊരുക്കുന്നു.ട്രാൻസ്ജെൻഡർ ആയ ആളുകൾക്ക് പരിഗണന നൽകാൻ പ്രചോദിപ്പിക്കുന്നു .

ലിംഗ വ്യക്തിത്വ സങ്കീർണ്ണത ഒരു ജൈവ വൈകൃതമല്ല , കുറ്റകൃത്യമല്ല , രോഗമല്ല . പിന്നെയോ പ്രകൃതിയുടെ അപൂർവ്വ ലീലാ പ്രതിഭാസമാണ് . മനുഷ്യരായി ജനിക്കുന്നു .ക്രോമസോമുകളിൽ മാറ്റങ്ങളുണ്ടാവുന്നു. മനഃശാസ്ത്രപരമായും ഋതുഭേദങ്ങളുമുണ്ടാവുന്നു . പ്രകൃതിയിൽ ഒരുപാട് അത്ഭുതങ്ങളുണ്ടാവും . മനുഷ്യബുദ്ധിക്ക് നിർവചിക്കാനാവാത്തവ . വിശ്വാസികളുടെ ഭാഷയിൽ പറഞ്ഞാൽ എല്ലാ മനുഷ്യരും ദൈവത്തിന്റെ സൃഷ്ടികൾ തന്നെ . പുരുഷ സ്പർശമില്ലാതെയാണ് കന്യകയായ മറിയം യേശുവിനെ പ്രസവിച്ചത് . ഋഗ്വേദത്തിലെ പത്താം മണ്ഡലത്തിലെ പ്രജാപതിയാഗത്തിൽ കന്യകയുടെ ഉദരത്തിൽ പിറന്നവനെ കുറിച്ച് പറയുന്നുണ്ട് . സ്ത്രീയായി പിറന്ന് പുരുഷനായി മാറിയ ശിഖണ്ഡിയെ മഹാഭാരതത്തിൽ കാണാം . പുരുഷനായി




പിറന്നു സ്ത്രീയായി മാറി വീണ്ടും പുരുഷനായിത്തീർന്ന പ്രവാചകൻ ടിറിസ്യാസിനെ കുറിച്ച് ഗ്രീക്ക് ഇതിഹാസമായ ഒഡീസിയിൽ കാണാം .

LGBTQ വിനെ ഒരു പ്രത്യേക ജീവജാതിയായി കാണുന്നത് ആധുനിക ബൗദ്ധിക പൗരസമൂഹത്തിന് അനുയോജ്യമല്ല . ട്രാൻസ്ജെൻഡർ ആളുകൾക്കെതിരായ അക്രമം തടയുന്നതിന് ലളിതമായ ഉത്തരമില്ല. മറികടക്കാൻ നിരവധി തടസ്സങ്ങളുമുണ്ട്. പക്ഷേ അത് നടപടിയെടുക്കാതിരിക്കാനുള്ള ഒരു ഒഴികഴിവായിരിക്കരുത് . ട്രാൻസ്ജെൻഡർ ആളുകൾ നേരിടുന്ന അക്രമങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ; ട്രാൻസ്ജെൻഡർ സമൂഹവുമായും അതിന്റെ സഖ്യകക്ഷികളുമായും മറ്റ് സാമൂഹിക നീതി സംഘടനകളുമായും സഹകരിച്ച് പ്രവർത്തിക്കുന്നതിനും ; ഈ വിനാശകരമായ പ്രശ്നത്തിന് കൂടുതൽ പരിഹാരങ്ങൾ കണ്ടെത്തുന്നതിനും ; സ്വകാര്യ സംഘടനകളെയും പൊതു ഏജൻസികളെയും നടപടിയെടുക്കാൻ പ്രേരിപ്പിക്കുന്നതിനും മനുഷ്യാവകാശ സംഘടനകൾ പ്രതിജ്ഞാബദ്ധമാണ്.

LGBTQ കമ്മ്യൂണിറ്റിയിലെ എല്ലാ അംഗങ്ങളെയും നീതിയോടെയും അന്തസ്സോടെയും ബഹുമാനത്തോടെയും പരിഗണിക്കുന്നതു വരെ ഈ ജോലി അവസാനിക്കില്ല.

ജീനുകൾ, ഹോർമോണുകൾ, പാരിസ്ഥിതിക ഘടകങ്ങൾ എന്നിവയിൽ നിന്നാണോ അതോ മിക്കവാറും ഈ ഘടകങ്ങളുടെയും മറ്റും സങ്കീർണ്ണമായ സംയോജനത്തിൽ നിന്നാണോ ലിംഗ വ്യക്തിത്വം ഉയർന്നു വരുന്നതെന്ന് ശാസ്ത്രത്തിന് ഇതുവരെ അറിയില്ല.

സിസ്ജെൻഡർ ആളുകൾ ചെയ്യുന്നതു പോലെ, ട്രാൻസ്ജെൻഡർ ഐഡന്റിറ്റി ഉള്ള ആളുകൾ അവരുടെ ലിംഗ വ്യക്തിത്വം മുൻവിധിയോടെ തിരഞ്ഞെടുക്കാൻ സാധ്യതയില്ല. എന്നിരുന്നാലും, സ്കൂളിലും ജോലി സ്ഥലത്തും സമൂഹത്തിലും ട്രാൻസ്ജെൻഡർ ഐഡന്റിറ്റിയെ സംരക്ഷിക്കുന്ന, ലിംഗ വ്യക്തിത്വത്തെ സംബന്ധിച്ച നമ്മുടെ നിയമങ്ങളും നയങ്ങളും നീതിയുക്തമാകേണ്ടതുണ്ട് .






ട്രാൻസ്ജെൻഡർ അവകാശങ്ങളെ പിന്തുണയ്ക്കുന്നവർ ആദ്യമായി യുക്തിപരമായി പിഴവുള്ളതും ലിംഗ വ്യക്തിത്വത്തെക്കുറിച്ചുള്ള നിലവിലുള്ള ശാസ്ത്രീയ തെളിവുകൾ അംഗീകരിക്കുന്നതിൽ പരാജയപ്പെടുന്നതുമായ വാദങ്ങൾ ഒഴിവാക്കണം.

സുരക്ഷിതമായും സ്വതന്ത്രമായും വിവേചനത്തെ ഭയപ്പെടാതെയും ജീവിക്കാനുള്ള അവകാശങ്ങൾ ഉൾപ്പെടെയുള്ള അനിഷേധ്യമായ മനുഷ്യാവകാശങ്ങളുടെ ആശയത്തെ ആശ്രയിച്ചായിരിക്കണം ട്രാൻസ് ജെൻഡർ വിഷയത്തിൽ നമ്മുടെ ഏറ്റവും മികച്ച വാദങ്ങൾ.

തൊഴിൽ, പാർപ്പിടം, പൊതുഇടങ്ങൾ, സേവനങ്ങൾ, സർക്കാർ ഫണ്ട് ചെയ്ത പ്രോഗ്രാമുകൾ, വിദ്യാഭ്യാസം, നിയമ സഹായം , എന്നിവയിൽ ഒരു വ്യക്തിയുടെ ലൈംഗിക ആഭിമുഖ്യം അല്ലെങ്കിൽ ലിംഗ വ്യക്തിത്വത്തെ അടിസ്ഥാനമാക്കിയുള്ള വിവേചനത്തിനെതിരെ വ്യക്തവും സ്ഥിരവുമായ, സംരക്ഷണ – സമത്വനിയമം സ്ഥാപിക്കണം. കൂടാതെ, സർക്കാർ ഫിംഗിലും പൊതു ഇടങ്ങളിലും സേവനങ്ങളിലും ലൈംഗികതയുടെ അടിസ്ഥാനത്തിൽ വിവേചനം നടത്തുന്നത് നിരോധിക്കണം .

2016 മാർച്ചിൽ, അമേരിക്കയിലെ നോർത്ത് കരോലിനയിലെ പബ്ലിക് സ്കൂൾ വിദ്യാർത്ഥികൾ അവരുടെ ജനന ലിംഗഭേദത്തിന് അനുസൃതമായി സ്കൂൾ ബാത്ത്റൂം ഉപയോഗിക്കണമെന്ന് നിയമം പാസാക്കി. ജനനസമയത്ത് അവർക്ക് നൽകിയിട്ടുള്ള ലിംഗഭേദം പരിഗണിക്കാതെ, അവരിൽ പിന്നീട് രൂപപ്പെട്ട ലിംഗഭേദം അനുസരിച്ച് സൗകര്യങ്ങൾ ഉപയോഗിക്കാൻ വിദ്യാർത്ഥികളെ അനുവദിക്കുന്നതായിരുന്നു ഈ നിയമം .പക്ഷെ ഈ ദ്വന്ദ്വസ്വത്വ സങ്കീർണ്ണ നിയമം വലിയ വിവാദങ്ങൾ സൃഷ്ടിച്ചു. ഇന്നത്തെ ട്രാൻസ്ജെൻഡർ ആളുകളുടെ അവകാശ പ്രശ്നങ്ങളിൽ അത് ഒരു ചെറിയ അധ്യായം മാത്രമാണ് . ട്രാൻസ്ജെൻഡർ സൗഹൃദ ബാത്ത്റൂം നയത്തിന്റെ ആനുകൂല്യത്തിൽ കുറ്റകൃത്യ വാസനയുള്ള പുരുഷന്മാർ സ്ത്രീകളുടെ ബാത്ത്റൂമുകളിൽ പ്രവേശിച്ച് പെൺകുട്ടികളെയും സ്ത്രീകളെയും ഉപദ്രവിക്കുന്നു എന്നതായിരുന്നു പ്രശ്നം. എന്നാൽ, ട്രാൻസ്ജെൻഡർമാരിൽ നിന്ന് മറ്റ് സ്ത്രീകൾക്ക് ഉപദ്രവമുണ്ടെന്ന വാദത്തെ ട്രാൻസ്ജെൻഡർമാരും പിന്തുണക്കാരും നിഷേധിക്കുന്നു. മറിച്ച് ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ട്രാൻസ്ജെൻഡർ (LGBTQ) കമ്മ്യൂണിറ്റിയിലെ അംഗങ്ങൾക്കെതിരായ ഉയർന്ന തോതിലുള്ള അക്രമമാണ് വ്യാപകമെന്നും കാണാം . കഴിഞ്ഞ ദശകത്തിൽ അമേരിക്കയിൽ നരഹത്യ നിരക്കുകൾ പൊതുവെ കുറഞ്ഞിട്ടുങ്കിലും, ട്രാൻസ്ജെൻഡർ ജനസംഖ്യയിൽ സ്ത്രീകളുടെ കൊലപാതകങ്ങളുടെ ശതമാനം വളരെ കൂടുതലാണ് . ട്രാൻസ്ജെൻഡർ അവകാശങ്ങൾ ഉയർത്തിപ്പിടിക്കേതിന്റെ ആവശ്യകത ഇന്ന് നമ്മുടെ സമൂഹത്തിൽ ഒരു മനുഷ്യാവകാശ പ്രശ്നം തന്നെയാണ് . തൊഴിൽ, പാർപ്പിടം, ആരോഗ്യ സംരക്ഷണം എന്നിവയുൾപ്പെടെ



പ്രധാനപ്പെട്ട മേഖലകളിൽ ട്രാൻസ്ജെൻഡർ ആളുകൾ കടുത്ത വിവേചനം നേരിടുന്നു. എന്നാൽ നിലവിലെ രാഷ്ട്രീയ കാലാവസ്ഥയിൽ ട്രാൻസ്ജെൻഡർ ആളുകൾക്ക് ഏറ്റവും ഫലപ്രദമായ, മനുഷ്യത്വപരമായ പിന്തുണ നാം നൽകുന്നുണ്ടോ ?

അങ്ങനെ ജനിച്ചുപോയി എന്ന രീതിയിലാണ് LGBTQ സമൂഹത്തിലെ പലരും സ്വയം മനസിലാക്കുന്നത്. അതായത് ലൈംഗിക ആഭിമുഖ്യവും ലിംഗ വ്യക്തിത്വവും തങ്ങളുടെ ഇച്ഛാനുസൃതം അല്ലെന്നുള്ള വാദം . ഈ ആശയത്തെ അടിസ്ഥാനമാക്കിയുള്ളതാണ് LGBTQ അവകാശങ്ങൾക്കായുള്ള വാദങ്ങൾ. അങ്ങനെ ജനിച്ചുപോയി എന്ന വാദം അസ്ഥിരമായ ശാസ്ത്രത്തെയും അപൂർണ്ണമായ യുക്തിയെയും ആശ്രയിച്ചിരിക്കുന്നു . അതിനാൽ ട്രാൻസ്ജെൻഡർ അവകാശങ്ങൾക്ക് ശക്തമായ അടിത്തറയില്ല . മനുഷ്യാവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള വാദങ്ങളിൽ കൂടുതൽ ഉറച്ച അടിത്തറ കണ്ടെത്തേതുണ്ട് . ദി മിസ് മെഷർ ഓഫ് ഡിസയർഎന്ന പുസ്തകത്തിൽ, അങ്ങനെ ജനിച്ചുപോയി എന്ന വാദത്തിൽ ലിംഗ വ്യക്തിത്വം സ്വതസിദ്ധമാണെന്നതിനെ ചൊല്ലി നിരവധി പ്രശ്നങ്ങൾ കാണാം.

ഒന്നാമതായി, ഈ അവകാശവാദം അടിസ്ഥാനപരമായി തെളിയിക്കാനാവാത്തതാണ്. മനുഷ്യ ഐഡന്റിറ്റിയുടെ ഏതൊരു വശത്തെയും പോലെ ലിംഗ വ്യക്തിത്വവും കാലക്രമേണ വികസിക്കുന്നു. ഒരു ശിശുവിന് പൂർണ്ണമായും ഒരു ഐഡന്റിറ്റി ബോധ്യപ്പെടുമെന്ന് പറയാനാവില്ല . സ്വയം അവബോധത്തിൽ വർഷങ്ങൾക്കൊണ്ട് വികസിക്കുന്ന, ലിംഗഭേദത്തെ കുറിച്ച് വിപുലമായ വൈജ്ഞാനിക വികസനം ആവശ്യമാണ്.

അതുപോലെ, ജനനസമയത്തുള്ള , ഒരു പ്രത്യേക ലിംഗത്തിൽ പെട്ടയാളാണെന്ന തോന്നൽ - ലിംഗ വ്യക്തിത്വം - ജനിതകമായി നിർണ്ണയിക്കപ്പെട്ടതാണെന്ന വാദത്തെയും സംശയിക്കുന്നു. അത്തരമൊരു അവകാശവാദത്തെ പിന്തുണയ്ക്കുന്ന ജൈവശാസ്ത്ര ഗവേഷണങ്ങൾ പരിമിതമാണ് . കൂടാതെ അതിൽ ശാസ്ത്രീയമായ ഒരു സമവായത്തിന്റെ സാമ്യമില്ല. ലിംഗ വ്യക്തിത്വവും പെരുമാറ്റവും സങ്കീർണ്ണമാണ്. അവസ്വത്വത്തെക്കുറിച്ചുള്ള ആശയങ്ങളും പെരുമാറ്റങ്ങളുടെയും ചിന്തകളുടെയും വികാരങ്ങളുടെയും ഒരു വലിയ സങ്കീർണ്ണ ശ്രേണിയും ഉൾക്കൊള്ളുന്നുണ്ട് .

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
TRANS FILM FESTIVAL
KSFDC



ലിംഗ വ്യക്തിത്വം ഒരു ജീനിൽ നിന്നോ അല്ലെങ്കിൽ ഒരു പ്രത്യേക എണ്ണം X, Y ക്രോമസോമുകളുടെ സാന്നിധ്യത്തിൽ നിന്നോ മാത്രമാണെന്ന ആശയത്തെ സമകാലിക ജീവശാസ്ത്ര തെളിവുകൾ പിന്തുണയ്ക്കുന്നില്ല. പകരം, ജീനുകൾ, പരിസ്ഥിതി, മറ്റ് ഘടകങ്ങൾ എന്നിവ തമ്മിലുള്ള ഒന്നിലധികം ഇടപെടലുകളിൽ നിന്നാണ് ലിംഗ വ്യക്തിത്വം ഉയർന്നുവരുന്നു എന്നാണ് കരുതുന്നത് . ഇതിൽ വ്യക്തിപരമായ വികാരങ്ങളും ഉൾപ്പെടുന്നു .

അങ്ങനെ ജനിച്ചുപോയി എന്നതിന്റെ മറ്റൊരു വ്യാഖ്യാനം , മാറ്റമില്ലായ്മയെ കുറിച്ചുള്ളതാണ്. ജനനസമയത്ത്,മാറ്റത്തിനുള്ള സാധ്യതയുടെ ഒരു ഘടകം ഉണ്ടോ എന്ന ചോദ്യവുമായി ബന്ധപ്പെട്ടതിനാൽ ഈ ആശയം പ്രശ്നകരമാണ്. ജീനുകൾ നിർണ്ണയിക്കുന്ന ഘടകങ്ങൾ പോലും ജീവിതത്തിലുടനീളം മാറാം. മുടിയുടെ നിറവും ഘടനയും ജനിതകമായി നിർണ്ണയിക്കപ്പെടുന്നു. ജനനസമയത്ത് മുടി ഉണ്ടായിരിക്കുകയോ ഇല്ലാതിരിക്കുകയോ ചെയ്യാം. കാലക്രമേണ നിറം മാറാം. ചുരുണ്ടതിൽ നിന്ന് നേരെയോ, തിരിച്ചും മാറാം. ഒരു വ്യക്തി പ്രായമാകുമ്പോൾ വ്യത്യസ്ത രീതിയിലുള്ള കഷണ്ടി ഉണ്ടാകാം. ഇതിനു പ്രതിരോധശേഷി പാരമ്പര്യമായി ലഭിക്കുന്നില്ല. വാക്സിനേഷൻ അല്ലെങ്കിൽ രോഗബാധ ഒരാളുടെ രോഗപ്രതിരോധ സ്വഭാവത്തിൽ മാറ്റത്തിന് കാരണമാകാം . അതിനാൽ ജനനസമയത്ത് ഒരു സ്ഥിര സ്വഭാവം ഉണ്ടെന്നും അതിന്റെ മാറ്റമില്ലെന്നുമുള്ള വാദങ്ങൾ ദുർബലമാണ് .

ട്രാൻസ്ജെൻഡർ അവകാശങ്ങൾക്കുള്ള അടിത്തറയായി, മാറ്റമില്ലായ്മയെ ആശ്രയിക്കുന്നത് ഒഴിവാക്കാൻ മറ്റു ചില കാരണങ്ങളുമുണ്ട്. ലിംഗ സ്വത്വത്തെക്കുറിച്ചുള്ള ശാസ്ത്രീയ പഠനം ഇതുവരെ നിരവധി പ്രധാന ചോദ്യങ്ങൾക്ക് ഉത്തരം നൽകിയിട്ടില്ല . പൊതുവെ എല്ലാവരിലും ലിംഗസ്വത്വത്തിന് മാറ്റമില്ല എന്ന് കരുതുന്നുവെങ്കിലും പ്രായപൂർത്തിയാകാത്ത കുട്ടികളിൽ ലിംഗസ്വത്വം മാറാവുന്നതാണ്. ഒരാളുടെ ജനനസമയത്തുള്ള ബാഹ്യ ജനനേന്ദ്രിയത്തെ അടിസ്ഥാനമാക്കിയുള്ള വ്യക്തിത്വത്തിൽ നിന്ന് വ്യത്യസ്തമായി അതിനോട് പൊരുത്തപ്പെടാനാവാത്ത അവസ്ഥയിലേക്കുള്ള മാറ്റത്തെയാണ് ട്രാൻസ് ജെൻഡറിസം എന്ന് പറയുന്നത് .

ലിംഗ ഡിസ്ഫോറിയ അനുഭവിക്കുന്ന കുട്ടികളിൽ ഭൂരിഭാഗവും ട്രാൻസ്ജെൻഡറായി മാറുന്നില്ല. ലിംഗപരമായ അനിശ്ചിതത്വം ഉള്ള



പല കുട്ടികളിലും കാലക്രമേണ ലിംഗസ്വത്വത്തിന്റെ സ്ഥിരത കണക്കിലെടുക്കുമ്പോൾ, ഒരിക്കലും മാറ്റമില്ലെന്ന് അനുമാനിക്കുന്ന വാദങ്ങൾക്കും സ്ഥിരതയില്ല . എന്നാൽ പൊതുവെ മുതിർന്നവർ അവരുടെ ലിംഗ സ്വത്വത്തിൽ നിലനിൽക്കുന്നു. എന്നിരുന്നാലും, ഒരു ആശയമെന്ന നിലയിൽ ലിംഗഭേദം മുൻകാലങ്ങളെ അപേക്ഷിച്ച് ഇന്ന് കൂടുതൽ പഠനവിഷയമാണ് .

ലിംഗസ്വത്വവും വിപരീത ലൈംഗിക ആഭിമുഖ്യവും ഉൾപ്പെടെ ലൈംഗികതയുടെ വിവിധ വശങ്ങൾ മുമ്പ് മനസ്സിലാക്കിയതിനേക്കാൾ കൂടുതൽ വ്യക്തമാണ് . ഒരു പുരുഷ/സ്ത്രീ ബൈനറിയിൽ സ്ഥിരമായി ഉറച്ചുനിൽക്കുന്നതിനുപകരം, ലിംഗഭേദം ഒരു സ്പെക്ട്രത്തിൽ നിലനിൽക്കുന്നതായി പല ഗവേഷകരും ആക്ടിവിസ്റ്റുകളും വിവരിക്കുന്നു. ലിംഗഭേദമുള്ള പുരുഷനോ സ്ത്രീയോ – അല്ലെങ്കിൽ രണ്ടും – സാമൂഹികമായി എങ്ങനെ നിലനിൽക്കുമെന്ന ചോദ്യം കഴിഞ്ഞ നൂറ്റാണ്ടിൽ അതിവേഗം വികസിച്ചുവന്നു . അതൊക്കെയും സാഹിത്യത്തിലും സിനിമയിലും ആവിഷ്കരിക്കപ്പെട്ടു . ദി വെൽ ഓഫ് ലോൺലിനെസ്സ് ( റാഡ് ഹാൾ – 1928 ) , ദി ബല്ലാർഡ് ഓഫ് ലിറ്റിൽ ജോ ( ആൽത്തർ – 1975 ) തുടങ്ങിയ നോവലുകൾ ലിംഗ ദ്വന്ദസ്വത്വ പ്രതിസന്ധി വിവരിക്കുന്നു . നൂറ് വർഷങ്ങൾക്ക് മുമ്പ്, അമേരിക്കയിൽ പോലും ചില സ്ഥലങ്ങളിൽ, പൊതുസ്ഥലത്ത് പാന്റ്സ് ധരിച്ചതിന് സ്ത്രീയെ അറസ്റ്റ് ചെയ്തിരുന്നു. മുപ്പത് വർഷങ്ങൾക്ക് മുമ്പ്, പട്ടാളക്കാരൻ, പൈലറ്റ്, ഓർത്തോപീഡിക് സർജൻ തുടങ്ങിയ പല തൊഴിലുകളിലും കടുത്ത തടസ്സങ്ങളും നിയമപരമായ പ്രശ്നങ്ങളും സ്ത്രീകൾക്ക് നേരിടേണ്ടി വന്നിരുന്നു. ഇന്നും, മുഴുവൻ സമയ മാതാപിതാക്കളായി വീട്ടിൽ തന്നെ കഴിയുന്ന പുരുഷന്മാർ അവരുടെ പുരുഷത്വത്തെക്കുറിച്ച് ചോദ്യങ്ങൾ നേരിടുന്നു. ലിംഗ സ്വത്വ പ്രതിസന്ധികൾ പലതരത്തിലാണ് .

ട്രാൻസ്ജെൻഡർ അവകാശങ്ങൾ സംരക്ഷിക്കുന്നത് എല്ലാ ആളുകളുടെയും സ്വീകാര്യമായ ബന്ധം ലിംഗ സ്വത്വത്തെ ലിംഗ സ്പെക്ട്രത്തിൽ സംതൃപ്തമായി ഉറപ്പിക്കാനുള്ള സൗകര്യം നൽകിക്കൊണ്ടാണ് . ലിംഗ സ്വത്വത്തിന്റെ മാറ്റമില്ലായ്മയെക്കുറിച്ചുള്ള സങ്കൽപ്പവും വികസന സമയത്ത് സംഭവിച്ചേക്കാവുന്ന അതിന്റെ മാറ്റത്തെ അംഗീകരിക്കാത്ത നിലപാടിനെയും തള്ളിക്കളയാൻ തെളിച്ചമുള്ള കാഴ്ചപ്പാട് വേണം .
അങ്ങനെ ജനിച്ചുപോയി എന്നതിന്റെ



മൂന്നാമത്തെ വ്യാഖ്യാനം , ലിംഗസ്വത്വം തിരഞ്ഞെടുക്കാനുള്ള കഴിവില്ലായ്മയെയും ലൈംഗിക ആഭിമുഖ്യത്തെയും കുറിച്ച് പരാമർശിക്കുന്നു. ട്രാൻസ്ജെൻഡർ ആളുകൾ സാധാരണയായി അവരുടെ ലിംഗ സ്വത്വത്തെ തങ്ങളുടെ തിരഞ്ഞെടുപ്പിന്റെ അവകാശമായി കരുതുന്നില്ല . ഒരു ബ്ലോഗർ എഴുതി യതുപോലെ, ആരും ഒരു ട്രാൻസ് സ്ത്രീ ആകാൻ ആഗ്രഹിക്കുന്നില്ല. ഒരുപക്ഷേ പരിവർത്തനം ചെയ്താൽ ജീവിതം മികച്ചതായിരിക്കാം . എന്നാൽ

സുഹൃത്തുക്കളെയും കുടുംബത്തെയും അകറ്റി നിർത്തേണ്ടി വരും. ജോലിസ്ഥലത്ത് എന്തും സംഭവിക്കാം . എല്ലാ പണവും ഹോർമോണുകൾക്കും ശസ്ത്രക്രിയകൾ ക്കുമായി ചെലവഴിക്കാൻ ആഗ്രഹിക്കുന്നു

കൂടുതൽ സാധാരണയായി, ട്രാൻസ് വ്യക്തികൾ കാലക്രമേണ അവരുടെ ലിംഗ വ്യക്തിത്വത്തെക്കുറിച്ചുള്ള അറിവ് നേടുമ്പോൾ, ലിംഗ വ്യക്തി ത്വത്തിന്റെ യഥാർത്ഥ അനുഭവവുമായി പൊരുത്തപ്പെടാത്ത, അതായത് ഒരു ബൈനറി ജനന-നിയുക്ത ലിംഗവുമായി പൊരുത്തപ്പെടാൻ കഴിയാതെ ദുരിതം അനുഭവിച്ചേക്കാം. കാരണം സാമൂഹികമോ മറ്റ് സമ്മർദ്ദങ്ങളോ ആണ് .

ലിംഗ വ്യക്തിത്വം സ്വയം നിശ്ചയി ക്കപ്പെടുന്നതല്ലെങ്കിലും, ലിംഗ വ്യക്തിത്വ ത്തിന്റെ പ്രത്യക്ഷ പ്രകടനത്തിൽ വസ്ത്ര ധാരണം,മുടി,പേരിടൽ, ഒരു ലിംഗത്തെ സൂചിപ്പിക്കുന്ന മറ്റെല്ലാ ചേരുവകളും ഉൾപ്പെടെ നിരവധി തിരഞ്ഞെടുപ്പുകൾ നടത്തുന്നു . ഏത് പൊതു കുളിമുറി ഉപയോഗിക്കണമെന്ന് ഉൾപ്പെടെ. ട്രാൻസ് ജെൻഡർ അവകാശങ്ങളെ എതിർക്കുന്നവർ മേൽപ്പറഞ്ഞ തിരഞ്ഞെടുപ്പുകളെ യും നിഷേധിക്കുന്നു. എതിരാളികൾ ട്രാൻസ് വ്യക്തികളുടെ ആന്തരിക സ്വത്വബോധത്തെക്കുറിച്ച് ചിന്തിക്കുന്നില്ല. ട്രാൻസ്ജെൻഡർ അവകാശങ്ങൾ സംരക്ഷിക്കുക എന്നതിനർത്ഥം ഒരാൾ ലിംഗവും ലിംഗ വ്യക്തിത്വവും ആഭിമുഖ്യ വും എങ്ങനെ പ്രകടിപ്പിക്കുന്നുവോ , അതിനെ തിരഞ്ഞെടുക്കാനുള്ള അവകാ ശത്തെ അംഗീകരിക്കുക എന്നതാണ് .

എന്നാൽ, ട്രാൻസ്ജെൻഡർ അവകാശങ്ങൾ ചില സങ്കല്പത്തിന്റെയും യുക്തിയുടെ യും ശാസ്ത്രീയ തെളിവുകളുടെയും അടിസ്ഥാനത്തിൽ നമ്മുടെ സമൂഹത്തിൽ നിഷേധിക്കപ്പെടുന്നു. ഇതിനു ബദലായി , ട്രാൻസ്ജെൻഡർ അവകാശങ്ങൾ മനുഷ്യാ വകാശങ്ങളിൽ നിന്നാണ് ഉത്ഭവിക്കുന്നതെന്ന് നാം തിരിച്ചറിയണം . അതായത്, ഓരോ വ്യക്തിക്കും അവകാശപ്പെട്ട അടിസ്ഥാന അവകാശങ്ങൾ. സിസ്ജെൻഡർ അല്ലെങ്കിൽ ട്രാൻസ്ജെൻഡർ ഐഡന്റിറ്റികൾ ഉള്ള വ്യക്തികൾ അവരുടെ കമ്മ്യൂണിറ്റികളിൽ ജീവിക്കാനും അഭിവൃദ്ധി പ്രാപിക്കാനും



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
TRANS FILM FESTIVAL
KSFDC

അർഹരാണ്. പഠിക്കാനും ജോലി ചെയ്യാനും സ്നേഹിക്കാനും കളിക്കാനുമുള്ള മനുഷ്യ സ്വാതന്ത്ര്യം അവർക്കുണ്ട് . വീട്ടിലും ജോലിസ്ഥലത്തും പൊതു സാഹചര്യങ്ങളിലും അവരുടെ സുരക്ഷയും നിലനിൽപ്പും ഉറപ്പാക്കണം . അവർ അവരുടെ ജീവിതം ഈ ഭൂമിയിൽ നമ്മോടൊപ്പം കെട്ടിപ്പടുക്കട്ടെ .

ട്രാൻസ്ജെൻഡർ വിരുദ്ധ അക്രമവും അതിലേക്ക് നയിക്കുന്ന സാഹചര്യങ്ങളും തടയുന്നതിന് ലക്ഷ്യമിടുന്ന നയങ്ങളും പരിപാടികളും മുന്നോട്ട് കൊണ്ടു പോകുന്നതിൽ നിരവധി മനുഷ്യസ്നേഹികൾ കഠിനാദ്ധ്വാനം ചെയ്യുന്നുണ്ട്. ട്രാൻസ്ജെൻഡർ ആളുകൾക്കെതിരായ അക്രമ സാധ്യത കുറയ്ക്കുന്നതിനുള്ള നടപടികൾ പൊതു - സ്വകാര്യ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാൻ കഴിയും . അവർക്ക് വിദ്യാഭ്യാസം സൗജന്യമാക്കുക . മികച്ച കൗൺസിലിംഗ് , സ്കോളർഷിപ് എന്നിവ സ്പോൺസർ ചെയ്യുക . തൊഴിലിടങ്ങളിൽ സഹപ്രവർത്തകരാക്കുക . സമത്വ നിയമം പാസാക്കുക.

ഭവന, നഗരവികസന വകുപ്പ്, നീതിന്യായ വകുപ്പ് തുടങ്ങിയവ ഫണ്ട് ചെയ്യുന്ന സേവന ദാതാക്കൾക്കും, ഡ്രോപ്പ്-ഇൻ സെന്ററു കൾക്കും ഷെൽട്ടറുകൾക്കും ട്രാൻസ്ജെൻഡർ ആളുകളോടുള്ള വിവേചനം നിരോധിക്കുന്ന നിയമങ്ങൾ ബാധകമാക്കണം . സംഘടനകൾ ട്രാൻസ്ജെൻഡർ സാംസ്കാരിക പരിശീലന പരിപാടികൾ നടത്തുക . ഫൗഷേനുകൾ, സംസ്ഥാന, മുനിസിപ്പൽ ഗവൺമെന്റുകൾ, കോർപ്പറേഷനുകൾ, സാമൂഹിക നീതി വകുപ്പ് എന്നിവ വിവിധ സംഘടനകൾ വഴി ട്രാൻസ്ജെൻഡർ സമൂഹത്തിന് തൊഴിലവസരം സൃഷ്ടിക്കുക .ഗവൺമെന്റ് ഇൻഷുറൻസിലും ചികിത്സാ സൗകര്യത്തിലും



ട്രാൻസ്ജെൻഡർ വിഭാഗത്തെ ഉൾപ്പെടുത്തി ആരോഗ്യ സംരക്ഷണം ഉറപ്പാക്കണം. ജനാധിപത്യവും പൗരാവകാശവും ജാതി -മത - വംശ ഐക്യവും പ്രസംഗിക്കുന്നവർ ട്രാൻസ്ജെൻഡർ വിഭാഗത്തെ കൂടി പരിഗണിക്കുക .

വിവിധ അംഗീകൃത സംഘടനകൾ ട്രാൻസ്ജെൻഡർ ആളുകൾക്ക് സ്ഥിരമായ തൊഴിൽ അവസരങ്ങൾ സുഗമമാക്കുന്നതിന് പ്രത്യേകമായി ലക്ഷ്യമിട്ടുള്ള പൊതു-സ്വകാര്യ തൊഴിൽ പരിശീലന പരിപാടികൾക്ക് മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പിന്തുണ നൽകണം .

വിദ്യാഭ്യാസ വകുപ്പ് , സ്കൂൾ ജില്ലാ അധികൃതർ , അധ്യാപകർ, മറ്റ് യുവജന സേവന പ്രൊഫഷണലുകൾ എന്നിവർ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കായി സ്വാഗത ക്ലാസ് മുറികൾ സൃഷ്ടിക്കുകയും അധ്യാപകർക്ക് അതിനായി ആവശ്യമായ ഉപകരണങ്ങൾ നൽകുന്ന പരിശീലന പരിപാടികൾ നടപ്പിലാക്കുകയും വേണം.

പോലീസ് ഡിപ്പാർട്ട്മെന്റിന്റെ ട്രാൻസ്ജെൻഡർ വ്യക്തികളുമായുള്ള ഇടപെടലുകൾ കൈകാര്യം ചെയ്യുന്നതിന് പുതിയ നയങ്ങൾ സ്വീകരിക്കണം. പോലീസ് ഉദ്യോഗസ്ഥരെ ബോധവൽക്കരിക്കണം. ട്രാൻസ്ജെൻഡർ

ഇരകൾക്കെതിരായ എല്ലാ കേസുകളിലും പൂർണ്ണവും വേഗത്തിലുള്ളതുമായ അന്വേഷണം സർക്കാർ ഉറപ്പാക്കണം. എൽജിബിടിക്യൂ സമൂഹത്തിലെ അഭിഭാഷകർ, സംഘടനകൾ, വ്യക്തിഗത അംഗങ്ങൾ എന്നിവർക്ക് ട്രാൻസ്ജെൻ ഡറുകൾ നേരിടുന്ന അക്രമത്തെ യും വിവേചനത്തെയും കുറിച്ച് സ്വയം ബോധവൽക്കരിക്കാനും ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ട്രാൻസ്ജെൻഡർ ആളുകളുമായി സഹകരിക്കാനും കഴിയും.

LGBTQ സമൂഹത്തിലെ അംഗങ്ങളും സംഘടനകളും തങ്ങളുടെ ആശയങ്ങൾ മെച്ചപ്പെടുത്തുന്നതിനും ട്രാൻസ്ഫോബിയ യെ നേരിടുന്നതിനും ആദ്യം മാനസികമായി ഉണർന്നു പ്രവർത്തിക്കണം . ഒരു പൗരനി ലും സമൂഹത്തിലും എവിടെയാണോ കുറവുകൾ - അപാകതകൾ ഉള്ളത് അത് പരിഹരിക്കുന്നതാണ് യാഥാർത്ഥ സാമർത്ഥ്യം . അതിനായി ഈ ട്രാൻസ് ഫിലിം ഫെസ്റ്റിവലും സെമിനാറും ഒരു തുടക്കമാവട്ടെ .


ഫിൽക്ക ഫിലിം സൊസൈറ്റി നടത്തുന്ന ട്രാൻസ്ജെൻഡർ ഫിലിം ഫെസ്റ്റിവലിൽ സാമൂഹിക നീതി വകുപ്പ് , ജോയിന്റ് കൗൺസിൽ - നന്മ ഫിലിം സൊസൈറ്റി , ബീം ഫിലിം സൊസൈറ്റി , ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ മിഷൻ , ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ , ചലച്ചിത്ര അക്കാദമി തുടങ്ങിയവ സഹകരിക്കുന്നു. പ്രവേശനം സൗജന്യം . ഏവർക്കും സ്വാഗതം



# ആൺകുട്ടികൾ കരയാറില്ല



ഡോ. പി. അജികുമാർ
(ഫിൽക്ക)




നെബ്രാസ്കയിൽ സ്വയം കണ്ടെത്താനും, പ്രണയിക്കാനും ശ്രമിക്കുന്ന ഒരു അമേരിക്കൻ ട്രാൻസ് -മാനായ ബ്രാൻഡൻ ടീനയുടെ യഥാർത്ഥ ജീവിത കഥയുടെ നാടകീയതയാണ് ഈ ചിത്രം. 1999 ൽ പുറത്തിറങ്ങിയ ഈ ബയോ പിക്കിന്റെ സംവിധാനം നിർവഹിച്ചിരിക്കുന്നത് കിംബർലി പിയേഴ്സ് ആണ്.

അനന്തവും അജ്ഞാതവുമായ ഈ ലോകത്തു നമ്മെ അത്ഭുതപ്പെടുത്തുന്നവയാണ് ഈശ്വര സൃഷ്ടികൾ. പ്രപഞ്ച സൃഷ്ടാവിന്റെ അപ്രമേയ വിലാസലോലമായ ആ ഔന്നത്യത്തിന് മുന്നിൽ നമുക്ക് നമസ്കരിക്കാനേ കഴിയു. ആ ദൈവത്തിന്റെ ഒരു നോട്ടപ്പിശകെന്നോ, വികൃതിയെന്നോ പറയാവുന്ന വിഭാഗമാണ് ഭിന്നലിംഗക്കാർ.

ബഷീറിന്റെ ഭാഷയിൽ ഭൂമിയുടെ അവകാശികളാണ് അവരും. അവർ അത്തരത്തിൽ പിറവിയെടുക്കുന്നത് ഒരു കുറ്റമോ കുറവോ എന്നാൽ സമൂഹം അവരെ വെറുപ്പോടെ കാണുന്നു. അകാരണമായി ആക്രമിക്കുന്നു. വലിയ സ്വത്വ പ്രതിസന്ധി നേരിടുന്ന അക്കൂട്ടരുടെ ജീവിതം യാതനാപൂർണ്ണമാണ്. അത്തരത്തിൽ അമേരിക്കയിൽ വിദ്വേഷ കൊലപാതകത്തിനിരയായ, ബ്രാൻഡൻ ടീന, എന്ന ട്രാൻസ്ജെൻഡറിന്റെ കഥ പറയുന്ന ചിത്രമാണ് ബോയ്സ് ഡോണ്ട് ക്രൈം.

കോളേജിൽ പഠിക്കുമ്പോൾ ഈ കേസിനെക്കുറിച്ച് വായിച്ചതിന് ശേഷം ഒരു തിരക്കഥയ്ക്കായി പിയേഴ്സ് ഏകദേശം അഞ്ചു വർഷത്തോളം ഗവേഷണം നടത്തി. ലാന ടിസ്ഡലും ബ്രാൻഡനും തമ്മിലുള്ള ബന്ധത്തിലാണ് ഈ ചിത്രം കേന്ദ്രീകരിച്ചിരിക്കുന്നത്. ബ്രാൻഡനായി ഹിലാരി സ്വാങ്ക് അഭിനയിക്കുന്നു. മൂന്നു വർഷത്തെ കാസ്റ്റിംഗ് അലച്ചിലിനൊടുവിൽ ബ്രാൻഡനു സമാനമായ വ്യക്തിത്വം തോന്നിയതിനാ ലാണ് സ്വാങ്കിനെ തിരഞ്ഞെടുത്തത്. ചിത്രത്തിലെ മിക്ക കഥാപാത്രങ്ങളും യഥാർത്ഥ ജീവിത



ത്തിലെ ആളുകളെ അടിസ്ഥാനമാക്കി ഉള്ളതായിരുന്നു.

ഗ്രാമീണ നേബ്രാസ്കയിൽ താമസിക്കുന്ന ഒരു ട്രാൻസ് പുരുഷനാണ് ബ്രാൻഡൻ ടീന. ഒരു മുൻ കാമുകിയുടെ സഹോദരൻ ബ്രാൻഡൻ ട്രാൻസ് ജെൻഡർ എന്ന് കണ്ടെത്തിയപ്പോൾ അയാൾക്ക് വധഭീഷണി നേരിടുന്നു. ഒരിക്കൽ ബാറിൽ വച്ച് വഴക്ക് നടക്കുമ്പോൾ ഒറ്റപ്പെടുന്ന ബ്രാൻഡൻ, ഫാൾസ് സിറ്റിയിലേക്ക് താമസം മാറുന്നു. അവിടെ മുൻ കുറ്റവാളികളായ ജോൺ ലോട്ടർ, ടോം നിസ്സാൻ, അവരുടെ കൂട്ടുകാരായ കാൻഡസ്, ലാന ടിസ്ഡൽ എന്നിവരുമായി ബ്രാൻഡൻ സൗഹൃദ ത്തിലാവുന്നു. ലാനയുമായി ബ്രാൻഡൻ പ്രണയത്തിലാവുന്നു. അയാളുടെ ശരീര ഘടനയെക്കുറിച്ചും ഭൂതകാലത്തെക്കുറിച്ചും ലാനയ്ക്കറിയില്ല.

ലാനയുടെ കരോക്കെ ട്രൂപ് പ്രകടനം ബ്രാൻഡൻ കൈകാര്യം ചെയ്യുന്ന മേംഫിസി ലേയ്ക്ക് മാറ്റാൻ പദ്ധതിയിടുന്നു. ക്രമേണ പ്രണയാതുരരായ അവർ ഒരു നാൾ ഒന്നാകുന്നു. ഇതിനിടെ പഴയ കുറ്റകൃത്യം ചുമത്തി ബ്രാൻഡനെ പോലീസ് കസ്റ്റഡിയി ലെടുക്കുന്നു. ജയിലിലെ വനിതാ സെല്ലിൽ പാർപ്പിക്കുന്നു. അതെന്തിനാണെന്ന ലാന യുടെ ചോദ്യത്തിന് താൻ ഇന്റർ സെക്സായി ജനിച്ചുവെന്നും ഉടൻ തന്നെ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തുമെന്നും ബ്രാൻഡൻ നുണ പറയുന്നു. ലിംഗ ഭേദം നോക്കാതെ ലാന അവനോടുള്ള തന്റെ അചഞ്ചല സ്നേഹം പ്രഖ്യാപിക്കുന്നു.

ബ്രാൻഡൻ ജയിലിലായപ്പോൾ അയാളു ടെ ഐഡന്റിറ്റി സംബന്ധമായ രേഖകൾ കാൻഡസ് കണ്ടെടുക്കുന്നു. ബ്രാൻഡനും ലാനയും തിരികെ വരുമ്പോൾ ടോമും ജോണും ചേർന്ന് ബ്രാൻഡനെ ആക്രമിക്കുന്നു. ലാനയ്ക്ക് തെളിവ് നൽകാൻ ബലമായി ബാത്റൂമിൽ കൊ ണ്ടുപോയി നഗ്നനാക്കുന്നു. എന്നാൽ ലാന കണ്ണ് പൊത്തി തിരിഞ്ഞു പോകുന്നു. ഈ ഏറ്റുമുട്ടലിനു ശേഷം ടോമും ജോണും ബ്രാൻഡനെ അവരുടെ കാറിൽ ബലമായി വലിച്ചു കയറ്റി ഒറ്റപ്പെട്ട സ്ഥലത്തേക്ക് കൊണ്ടുപോവുകയും ക്രൂരമായി



മർദ്ദിക്കുകയും കൂട്ടബലാൽകാരത്തിന് ഇരയാക്കുകയും ചെയ്യുന്നു.

ബ്രാൻഡനെ അവർ പിന്നീട് ടോമിന്റെ വീട്ടിൽ കൊണ്ടുപോകുന്നു. കുളിമുറിയിലെ ജനാല വഴി ബ്രാൻഡൻ അവിടെ നിന്നും രക്ഷപ്പെടുന്നു. ഇക്കാര്യം പോലീസിൽ റിപ്പോർട്ട് ചെയ്യരുതെന്ന് അക്രമികൾ ബ്രാൻഡനെ ഭീഷണിപ്പെടുത്തുന്നു. എന്നാൽ ലാനയുടെ നിർബ്ബന്ധത്തിൽ അയാൾ പരാതി നൽകുന്നു. പക്ഷേ, പോലീസ് ഇതിൽ ഒരു കൗതുകത്തിലുപരി കാര്യമായ ഇടപെടൽ നടത്തുന്നില്ല. ഈ സംഭവത്തോടെ ക്ഷുഭിതരായ ജോണും ടോമും മദ്യപിച്ചു കാൻഡേസിന്റെ വീട്ടിൽ പോകുന്നു. അവരെ തടയാനുള്ള ലാനയുടെ ശ്രമം വിഫലമാകുന്നു. ഒരു ഷെഡ്ഢിൽ ഒളിച്ചിരുന്ന ബ്രാൻഡനെ അവർ കണ്ടെത്തി നിഷ്കരുണം വെടിവയ്ക്കുന്നു.

തന്റെ കുഞ്ഞിനെ രക്ഷിക്കാൻ കാൻഡസ് നിലവിളിക്കുമ്പോൾ ടോം അവർക്കു നേരെയും വെടിയുതിർക്കുന്നു. അടങ്ങാത്ത പകയാൽ ബ്രാൻഡന്റെ നിർജീവ ശരീരത്തിൽ ടോം വീണ്ടും കത്തി യാഴ്ത്തുന്നു. അവിടെ എത്തുന്ന ലാന രക്തത്തിൽ കുളിച്ചു കിടക്കുന്ന തന്റെ പ്രേമഭാജനത്തെ കെട്ടിപ്പിടിച്ചു കിടക്കുന്നു. തുറന്നു കിടക്കുന്ന വാതിലിലൂടെ കാൻഡസിന്റ കുഞ്ഞ് കരഞ്ഞു കൊണ്ട് ഇഴയുന്നു.

ലാനയെ അവളുടെ അമ്മ വന്ന് ഫാൾസ് സിറ്റിയിൽ നിന്നും കൊണ്ടുപോകുന്നു. ആ സമയം അവൾക്കു ലഭിച്ച കത്തിൽ, ഞാൻ നിനക്കായ് കാത്തിരിക്കും, എപ്പോഴും എന്നേക്കും. സ്നേഹിക്കുന്നു എന്ന് കത്തിലെ വരികൾ കേൾക്കപ്പെടുന്നതോടെ ഈ ദുരന്ത പ്രേമ സിനിമയ്ക്ക് തിരശ്ശീല വീഴുന്നു.

പ്രധാന കഥാ പാത്രങ്ങളായ ബ്രാൻഡൻ




ടീനയായി ഹിലാരി സ്വാങ്കും, ലീന ടിസ് ഡെലായി ക്ളോയ് സീവൈഗ്നിയും അഭിന യിക്കുന്നു. കൂടാതെ പീറ്റർ സസ്ഗാർഡ്, ബ്രാൻഡൺ സെക്സ്റ്റൻ 3, ലെസി ഗോരാ ങ്സെൻ, അലിസ്സൺ ഫോള്, മാറ്റ് മഗ്രത് തുടങ്ങിയവരും അഭിനയിക്കുന്നു. രണ്ടായിര ത്തിലെ മികച്ച നടിക്കുള്ള ഓസ്ക്കാർ ഈ ചിത്രത്തിലൂടെ ഹിലരി സ്വാങ്ക് നേടി. ഒരു മാസത്തോളം ആൺകുട്ടിയായി ജീവിച്ചാണ് സ്വാങ്ക് ഈ വേഷം ചെയ്തത്.

ചിത്രത്തിൽ മങ്ങിയതും കൃത്രിമവുമായ പ്രകാശമാണ് കൂടുതലായി ഉപയോ ഗിച്ചിരിക്കുന്നത്. നിയോ റിയലിസ്റ്റിക് രീതികൾ ഇതിൽ ദർശിക്കാം. 1999 ൽ ന്യൂയോർക് ഫെസ്റ്റിവലിൽ പ്രദശിപ്പിച്ച ഈ ചിത്രം മറ്റു മേളകൾക്ക് മുൻപുതന്നെ തിയേറ്ററുകളിലെത്തുകയും ബോക്സ് ഓഫീസ് ഹിറ്റാവുകയും ചെയ്തു. വ്യത്യസ്തമായ ലൈംഗിക ആഭിമുഖ്യമോ ലിംഗ വ്യക്തിത്വമോ ഉള്ള ലൈംഗിക ന്യൂനപക്ഷമായ LGBT ആളുകൾക്കെതിരായ അക്രമം, വംശ ലിംഗ ഭേദം, ട്രാൻസ്ജൻഡർ ആളുകളുടെ സ്വത്വ സംഘർഷം സാമൂഹ്യ ഇടപെടൽ തുടങ്ങിയവ വിശകലനം ചെയ്യു ന്നതോടൊപ്പം പ്ലേറ്റോണിക് പ്രണയ ബന്ധങ്ങളുടെ സ്വഭാവവും ഈ ദുരന്ത റൊമാന്റിക് ചിത്രം ഉയർത്തി കാട്ടുന്നു

# കിംബർലി പിയേഴ്സ്



ഗിരിജ സുരേന്ദ്രൻ
(ഫിൽക്ക)



ബോയ്സ് ഡോൺട് ക്രൈ എന്ന സിനിമയുടെ സംവിധായികയാണ് കിംബർലി പിയേഴ്സ് . 1967 സെപ്റ്റംബർ 8 ന് പെൻസിൽവാനിയയിലെ ഹാരിസ്ബർഗിൽ ഷെറിയുടെയും റോബർട്ട് എ. പിയേഴ്സിന്റെയും മകളായി ജനിച്ചു. പിയേഴ്സിന് മൂന്ന് വയസ്സുള്ളപ്പോൾ, അവരും കുടുംബവും ന്യൂയോർക്ക് സിറ്റിയിലും, പതിനൊന്നാം വയസ്സിൽ അവർ ഫ്ലോറിഡയിലെ മിയാമിയിലേക്കും താമസം മാറി. അവിടെ മിയാമി സൺസെറ്റ് സീനിയർ ഹൈസ്കൂളിൽ നിന്ന് ബിരുദം നേടി.

ചിക്കാഗോ സർവകലാശാലയിൽ പഠിക്കുമ്പോൾ, പിയേഴ്സ് ജപ്പാനിലെ കോബെയിൽ രണ്ട് വർഷം ഫോട്ടോഗ്രാഫറായും ഇംഗ്ലീഷ് അധ്യാപികയായും പ്രവർത്തിച്ചു.

തുടർന്ന് ഫോട്ടോ ജേർണലിസ്റ്റ് ആൽഫ്രഡ് ഐസൻസ്റ്റെയ്ഡിന്റെ കീഴിൽ ന്യൂയോർക്ക് സിറ്റിയിൽ, ടൈം മാഗസിനിൽ ഫോട്ടോഗ്രാഫി ഇന്റേണായി ജോലി ചെയ്തു. അതിനെ തുടർന്ന് ചിക്കാഗോ സർവകലാശാലയിൽ ഇംഗ്ലീഷിലും ജാപ്പനീസ് സാഹിത്യത്തിലും ബിരുദം നേടി. പിന്നീട് കൊളംബിയ സർവകലാശാലയിൽ സിനിമയിൽ എം.എഫ്.എ പഠിക്കാൻ ചേർന്നു.

കൊളംബിയയിൽ ആയിരിക്കുമ്പോൾ, പിയേഴ്സ് ദി ലാസ്റ്റ് ഗുഡ് ബ്രീത്ത് എന്ന പരീക്ഷണാത്മക ഹ്രസ്വചിത്രം പൂർത്തിയാക്കി. അത് ഒരു ലോകമഹായുദ്ധത്തിന്റെ മധ്യത്തിൽ രണ്ട് പ്രണയികളുടെ കഥയാണ്. ലൊക്കാർണോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ ലെപ്പേർഡ്സ് ഓഫ് ടുമാറോ പ്രോഗ്രാമിന്റെ ഭാഗമായി ഈ ഹ്രസ്വ ചിത്രം പ്രദർശിപ്പിച്ചു. അതിനെതുടർന്നു അമേരിക്കൻ ആഭ്യന്തര യുദ്ധത്തിലേക്ക് വലിച്ചിഴക്കപ്പെട്ട ഒരു വനിതാ പട്ടാളക്കാരിയെക്കുറിച്ചുള്ള കൊളംബിയയിലെ തന്റെ തീസിസ് ചിത്രീകരിച്ചു .


നെബ്രാസ്കയിൽ നിന്നുള്ള ബ്രാൻഡൻ ടീന എന്ന ട്രാൻസ്ജെൻഡർ കൗമാരക്കാരന്റെ ജീവിതത്തെയും മരണത്തെയും കുറിച്ചുള്ള വില്ലേജ് വോയ്സ് ലേഖനം പിയേഴ്സ് വായിച്ചു. ലിംഗ ചരിത്രം കണ്ടെത്തിയപ്പോൾ അയാൾ ക്രൂരമായി ബലാത്സംഗം

ചെയ്യപ്പെടുകയും കൊല ചെയ്യപ്പെടുകയും ചെയ്തു എന്ന് മനസ്സിലാക്കി.

തന്റെ പ്രാരംഭ തീസിസ് പ്രോജക്റ്റിൽ നിന്ന് മാറി, പിയേഴ്സ് നെബ്രാസ്കയിലെ ഫാൾസ് സിറ്റിയിലേക്ക് പോയി. അവിടെ അവർ ഗവേഷണം നടത്തി. ബ്രാൻഡന്റെ കാമുകി ലാന ടിസ്ഡെയ്ൽ, ലാനയുടെ അമ്മ എന്നി വരുൾപ്പെടെ പട്ടണത്തിൽ നിന്നുള്ള നിരവധി ആളുകളുമായി അഭിമുഖം നടത്തി. കൊല പാതകത്തിന് സംശയിക്കുന്ന രണ്ട് പേരുടെ വിചാരണയിൽ പങ്കെടുത്തു.

1995-ൽ അവർ തന്റെ തീസിസിനായി നിർമ്മിച്ച തുടർന്നുള്ള ഹ്രസ്വചിത്രം കൊളംബിയ ഫാക്കൽറ്റി പ്രിൻസസ് ഗ്രേസ് അവാർഡിന് നാമനിർദ്ദേശം ചെയ്യപ്പെട്ടു. കൂടാതെ ആസ്ട്രിയ പ്രൊഡക്ഷൻ ഗ്രാന്റ് ലഭിച്ചു. ചലച്ചിത്ര നിർമ്മാതാവ് ക്രിസ്റ്റീൻ വച്ചോൺ, ഹ്രസ്വചിത്രത്തിന്റെ ഒരു പതിപ്പ് കണ്ടു. അതിനുശേഷം, വച്ചോണും പിയേഴ്സും ഒരു ഫീച്ചർ ഫിലിമിൽ പ്രവർത്തിക്കാൻ തുടങ്ങി. ഫീച്ചറിന്റെ രചന യ്ക്കും വികസനത്തിനും ധനസഹായം നൽകുന്നതിനായി, പിയേഴ്സ് അർദ്ധരാത്രി 35 എം.എം ഫിലിം പ്രൊജക്ഷനിസ്റ്റായി ജോലി ചെയ്യുകയും ന്യൂയോർക്ക് ഫൗണ്ടേഷൻ ഫോർ ദി ആർട്സ് ഗ്രാന്റ് നേടുകയും ചെയ്തു.

1997-ൽ സൺഡാൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫിലിം മേക്കേഴ്സ്, റൈറ്റേഴ്സ് ആൻഡ് പ്രൊഡ്യൂസേഴ്സ് ലാബുകളുടെ സഹായ ത്തോടെ, പിയേഴ്സ് 1999-ൽ ഫീച്ചർ ഫിലിം പൂർത്തിയാക്കി. പിയേഴ്സ് പറഞ്ഞു : ബോയ്സ് പോലുള്ള ഒരു സിനിമ നിർമ്മിക്കാൻ, എനിക്ക് സിനിമ യിൽ ക്ലാസിക്കൽ പരിശീലനം വേണമായി രുന്നു. ലിംഗഭേദത്തിന്റെയും ലൈംഗിക




ഐഡന്റിറ്റിയുടെയും കാര്യത്തിൽ എനിക്ക് വിദ്യാഭ്യാസം ലഭിക്കേണ്ടതുണ്ടായിരുന്നു . ബോയ്സ് ഡോണ്ട് ക്രൈം ആ വർഷത്തെ ഏറ്റവും പ്രശംസ നേടിയതും ചർച്ച ചെയ്യപ്പെട്ടതുമായ ചിത്രങ്ങളിൽ ഒന്നാ യിരുന്നു.

വെനീസ്, ടൊറന്റോ, ന്യൂയോർക്ക് ഫിലിം ഫെസ്റ്റിവലുകളിൽ റിലീസ് ചെയ്തു. മികച്ച നടിക്കുള്ള ഓസ്കാർ, ഗോൾഡൻ ഗ്ലോബ്, ഇൻഡിപെൻഡന്റ് സ്പിരിറ്റ് അവാർഡ്, ചിത്രത്തിലെ നടി ഹിലാരി സ്വാങ്കിന് ലഭിച്ചു. മികച്ച സഹനടിക്കുള്ള ഓസ്കാർ, ഗോൾഡൻ ഗ്ലോബ്, ഇൻഡിപെൻഡന്റ് സ്പിരിറ്റ് അവാർഡ് എന്നിവ ലാന ടിസ്ഡെയ്ൽ എന്ന കഥാപാത്രത്തെ അവതരിപ്പിച്ച ക്ലോയി സെവിഗ്നിക്ക് ലഭിച്ചു.

ലൻ,സ്റ്റോക്ക്ഹോം ഫിലിം ഫെസ്റ്റിവലു കളിൽ മികച്ച ചിത്രത്തിനുള്ള ഇന്റർനാ ഷണൽ ക്രിട്ടിക്സ് അവാർഡ്, ലൻ ഫിലിം ഫെസ്റ്റിവലിൽ മികച്ച ആദ്യ ചിത്രത്തി നുള്ള സത്യജിത് റേ ഫൗണ്ടേഷൻ അവാർഡ്, ജാനറ്റ് മസ്ലിൻ മികച്ച അമേരിക്കൻ ഫീച്ചർ എന്നീ അവാർഡുകൾ ഈ ചിത്രത്തിന് ലഭിച്ചു. നാഷണൽ ബോർഡ് ഓഫ് റിവ്യൂവിൽ നിന്ന് മികച്ച

അരങ്ങേറ്റ സംവിധായികയ്ക്കുള്ള ബഹുമതിയും ബോസ്റ്റൺ സൊസൈറ്റി ഓഫ് ഫിലിം ക്രിട്ടിക്സിൽ നിന്ന് മികച്ച പുതുമുഖ ചലച്ചിത്ര നിർമ്മാതാവിനുള്ള ബഹുമതികളും പിയേഴ്സ് നേടി.


2005 ൽ, സ്വന്തം സഹോദരൻ ഉൾപ്പെടെയുള്ള അമേരിക്കൻ സൈനികർ ഇറാഖിൽ പോരാടുകയും തിരിച്ച് മടങ്ങിയെത്തുകയും ചെയ്തതിന്റെ യഥാർത്ഥ ജീവിത കഥകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, സ്റ്റോപ്പ്-ലോസിന്റെ ജോലി ആരംഭിച്ചു.

സൈനികരെ അവരുടെ അനുഭവങ്ങളെക്കുറിച്ച് അഭിമുഖം നടത്താൻ പിയേഴ്സ് രാജ്യം മുഴുവൻ സഞ്ചരിച്ചു. ഗവേഷണം ഒരു തിരക്കഥയാക്കി മാറ്റാൻ സഹായിച്ചത് നോവലിസ്റ്റും തിരക്കഥാകൃത്തുമായ മാർക്ക് റിച്ചാർഡായിരുന്നു.2008-ൽ പുറത്തിറങ്ങിയ സ്റ്റോപ്പ്-ലോസിന് നിരൂപകരിൽ നിന്ന് നല്ല അവലോകനങ്ങൾ ലഭിച്ചു. പിയേഴ്സിന് ഹാമിൽട്ടൺ ബിഹൈൻഡ് ദി ക്യാമറ ട്രൂ-ഗ്രിറ്റ് ഡയറക്ടിംഗ് അവാർഡും ആൻഡ്രൂ സാരിസ് ഡയറക്ടിംഗ് അവാർഡുകളും ലഭിച്ചു.ചിത്രവുമായി സഹകരിച്ച്, പിയേഴ്സ് സൗണ്ട് ഓഫ് എന്ന വെബ്സൈറ്റ് സൃഷ്ടിക്കുകയും സൈനികർക്കും അവരുടെ കുടുംബ ങ്ങൾക്കും അവരുടെ കഥകളും അഭിപ്രായങ്ങളും റെക്കോർഡു ചെയ്യാനും പങ്കിടാനും ക്യാമറകൾ നൽകുകയും ചെയ്തു. ചിത്രം പുറത്തിറങ്ങിയതിന് തൊട്ടുപിന്നാലെ, പിയേഴ്സ് നാഷണൽ പ്രസ്ക്ലബ്ബിനും കോൺഗ്രസ് അംഗങ്ങൾക്കും മുമ്പാകെ സോൾജിയേഴ്സ് ആൻഡ് ദി സ്റ്റോപ്പ്-ലോസ് കോമ്പൻസേഷൻ ആക്ടിനും വേണ്ടി സംസാരിച്ചു. സ്റ്റോപ്പ്-ലോസ് നയം കാരണം ഒന്നിലധികം തവണ ഡ്യൂട്ടി ചെയ്ത സൈനികർക്ക് സാമ്പത്തികമായി നഷ്ടപരിഹാരം നൽകുന്ന നിയമം പാസ്സാക്കപ്പെടുകയും ചെയ്തു.


പിയേഴ്സ് തന്റെ രണ്ട് സിനിമകളിലും കുടുംബം വളരെ പ്രധാനമാണ് എന്ന് മനസ്സിലാക്കി തരുന്നു . അവരുടെ രണ്ട് സിനിമകൾക്കും പ്രചോദനമായത് ദി ഗോഡ് ഫാദറിനോടുള്ള അവരുടെ പ്രണയമാണെന്ന് പറയപ്പെടുന്നു: ഗ്യാങ്സ്റ്റർ സിനിമയുടെ പ്രണയം ഉൾക്കൊള്ളാനും അത് ഒരു കുടുംബ നാടകത്തിലൂടെ പ്രദർശിപ്പിക്കാനും കഴിയും . അക്രമത്തിന്റെ മനഃശാസ്ത്രപരവും യഥാർത്ഥവുമായ ചിത്രീകരണത്തിൽ ശരിക്കും താൽപ്പര്യമുണ്ട് - പ്രത്യേകിച്ച് കുടുംബ വികാരങ്ങളിൽ നിന്ന് പുറത്തുവരുന്ന അക്രമത്തിൽ. ●



# ഓൾ എബൗട്ട് മൈ മദർ



**വിനോദ്കുമാർ. പി**
(ഫിൽക്ക)




പെദ്രോ അൽമോദോവർ രചനയും സംവിധാനവും നിർവഹിച്ച് സ്പെയിനിൽ 1999-ൽ പുറത്തിറങ്ങിയ 101 മിനിറ്റ് ദൈർഘ്യമുള്ള ചിത്രമാണ് ഓൾ എബൗട്ട് മൈ മദർ.വാഹനാപകടത്തിൽ കൊല്ലപ്പെട്ട തന്റെ മകന്റെ ഡയറിയിലെ താളുകൾ വായിച്ച് അവന്റെ പിതാവിനെ അന്വേഷിച്ചു ബാഴ്സലോണയിലേക്ക് യാത്ര തിരിക്കുന്ന മാന്യോാല എന്ന അമ്മ യാണ് ഈ സിനിമയിലെ കേന്ദ്ര കഥാപാത്രം.

മാന്യോാല തന്റെ മകന്റെ പക്കൽ നിന്നും കാത്തു സൂക്ഷിച്ചുവച്ച രഹസ്യമാണ് അവന്റെ പിതാവിന്റെ ഐഡന്റിറ്റി. അവന്റെ പിതാവ് ട്രാൻസ്ജെൻഡർ സ്ത്രീ ലോല ആണ്.

മാന്യോാല ബാഴ്സലോണയിൽ തന്റെ പഴയ സുഹൃത്തിനെ കണ്ടുമുട്ടുന്നു. അവർ ഇന്ന് വേശ്യയാണ്. അവർ ശരീരത്തിന്റെയും വൈകാരികതകളുടെയും സങ്കിർണതകളെ കുറിച്ച് മാന്യോാലയോട് പറയുന്നു. പ്ലാസ്റ്റിക് സർജറിയും സിലിക്കോൺ ഇംപ്ലാന്റും ശരീരത്തിൽ പരീക്ഷിക്കുന്നു. അവർ തന്റെ ആ അനുഭവങ്ങൾ മാന്യോാലയോട് പങ്കു വയ്ക്കുന്നു.





ഇതിനിടെ തന്റെ ഭർത്താവായ ലോലയിൽ നിന്നും ഗർഭം ധരിച്ച കന്യാസ്ത്രീ റോസ യുമായി മാന്വേല പരിചയത്തിലാകുന്നു. റോസ വേശ്യകൾക്കായുള്ള ഒരു അഭയകേന്ദ്രത്തിൽ ജോലി ചെയ്യുക യാണ്. അവശയായ ആ ഗർഭിണിയെ മാന്വേല പരിചരിക്കുന്നുവെങ്കിലും പ്രസവത്തോടെ റോസ മരണപ്പെടുന്നു. അവളുടെ ശവസംസ്കാര ചടങ്ങിൽ വച്ച് എച്ച്. ഐ. വി. ബാധിതനായ ലോലയെ മാന്വേല കണ്ടുമുട്ടുന്നു. റോസയുടെ കുഞ്ഞിനെ ഏറ്റെടുക്കുന്ന മാന്വേല മാഡ്രിനിലേക്ക് മടങ്ങുന്നു. രണ്ടു വർഷ ങ്ങൾക്ക് ശേഷം എച്ച് .ഐ.വി. മുക്ത നായ കുഞ്ഞ് അത്ഭുതമാണെന്ന് അവൾ സുഹൃത്തുക്കളോട് പറയുന്നു.

എയ്ഡ്സ്, ലിംഗസ്വത്വം, സ്വവർഗരതി, വിശ്വാസം, അസ്തിത്വവാദം തുടങ്ങി ഗൗരവമേറിയ വിഷയങ്ങൾ കൈകാര്യം ചെയ്ത ഈ ചിത്രം അന്താരാഷ്ട്രതലത്തിൽ വാണിജ്യപരവും നിരൂപകപരവുമായ വിജയം കൊയ്തു. മികച്ച വിദേശ ഭാഷാ ചിത്രത്തിനുള്ള അക്കാദമി അവാർഡും മികച്ച വിദേശ ഭാഷാ ചിത്രത്തിനുള്ള ഗോൾഡൻ ഗ്ലോബും മികച്ച ചിത്രത്തിനുള്ള ബാഫ്റ്റ അവാർഡും നേടി



# പെഡ്രോ അൽമോദോവർ



രാജാംബിക എസ്.എസ്
(ഫിൽക്ക)



പെഡ്രോ അൽമോദോവർ കാബല്ലെറോ ഒരു സ്പാനിഷ് ചലച്ചിത്ര സംവിധായകനും തിരക്കഥാകൃത്തും എഴുത്തുകാരനുമാണ്. 1999 ലെ കാൻ ഫിലിം ഫെസ്റ്റിവലിൽ ഓൾ എബൗട്ട് മൈ മദർ എന്ന ചിത്രം പ്രദർശിപ്പിച്ചു. അവിടെ അൽമോദോവർ മികച്ച സംവിധായകനുള്ള പുരസ്കാരവും എക്യുമെനിക്കൽ ജൂറി പുരസ്കാരവും നേടി.ഈ ചിത്രം ശക്തമായ നിരൂപക സ്വീകാര്യത നേടുകയും സ്പാനിഷ് ചലച്ചിത്ര രംഗത്തെ മറ്റേതൊരു ചിത്രത്തേക്കാളും കൂടുതൽ പുരസ്കാരങ്ങളും ബഹുമതികളും നേടുകയും ചെയ്തു,

അതിൽ മികച്ച വിദേശ ഭാഷാ ചിത്രത്തിനുള്ള അക്കാദമി അവാർഡ്, അതേ വിഭാഗത്തിൽ ഗോൾഡൻ ഗ്ലോബ്, മികച്ച സംവിധായകനുള്ള ബാഫ്റ്റ അവാർഡുകൾ, ഇംഗ്ലീഷ് ഭാഷയിലല്ലാത്ത മികച്ച ചിത്രം എന്നിവ ആയിരുന്നു.

പെഡ്രോ അൽമോദോവർ കാബല്ലെറോ 1949 സെപ്റ്റംബർ 25 ന് സ്പെയിനിലെ സിയുഡാഡ് റിയൽ പ്രവിശ്യയിലെ ഒരു ചെറിയ ഗ്രാമീണ പട്ടണമായ കാൽസാഡ ഡി കലട്രാവയിൽ ജനിച്ചു. അദ്ദേഹത്തിന് അന്റോണിയ, മരിയ ജെസസ് എന്നീ രണ്ട് മൂത്ത സഹോദരിമാരും അഗസ്റ്റിൻ എന്ന ഒരു സഹോദരനുമുണ്ട്. അദ്ദേഹത്തിന്റെ പിതാവ് അന്റോണിയോ അൽമോദോവർ ഒരു വൈൻ നിർമ്മാതാവായിരുന്നു. അമ്മ ഫ്രാൻസിസ്ക കാബല്ലെറോ നിരക്ഷരരായ അയൽക്കാർക്ക് കത്തുകൾ വായിക്കുന്നയാളും ട്രാൻസ്ക്രൈബറുമായിരുന്നു.

അൽമോദോവറിന് എട്ട് വയസ്സുള്ളപ്പോൾ, എപ്പോഴെങ്കിലും അദ്ദേഹം ഒരു പുരോഹിതനാകുമെന്ന പ്രതീക്ഷയോടെ കുടുംബം അദ്ദേഹത്തെ പടിഞ്ഞാറൻ സ്പെയിനിലെ എക്സ്ട്രീമദുരയിലെ കാസെറസ് നഗരത്തിലെ ഒരു വൈദിക ബോർഡിംഗ് സ്കൂളിൽ ചേർത്തു. അദ്ദേഹത്തിന്റെ കുടുംബം ഒടുവിൽ കാസെറസിൽ അദ്ദേഹത്തോടൊപ്പം ചേർന്നു, അവിടെ അദ്ദേഹത്തിന്റെ പിതാവ് ഒരു ഗ്യാസ് സ്റ്റേഷൻ തുറന്നു, അമ്മ സ്വന്തം വീഞ്ഞ് വിൽക്കുന്ന ഒരു ഷോപ്പും.

കാൽസാഡയിൽ നിന്ന് വ്യത്യസ്തമായി, കാസെറസിൽ ഒരു സിനിമ തിയേറ്റർ ഉണ്ടായിരുന്നു. സിനിമ എന്റെ യഥാർത്ഥ



വിദ്യാഭ്യാസമായി മാറി, പുരോഹിതനിൽ നിന്ന് എനിക്ക് ലഭിച്ചതിനേക്കാൾ വളരെ കൂടുതലാണ് സിനിമയിൽ നിന്ന് ലഭിച്ചത് അദ്ദേഹം പിന്നീട് ഒരു അഭിമുഖത്തിൽ പറഞ്ഞു. ലൂയിസ് ബുനുവൽ എന്ന ചലച്ചിത്രകാരൻ അൽമോദോവറിനെ സ്വാധീനിച്ചു. മാതാ പിതാക്കളുടെ ആഗ്രഹത്തിന് വിരുദ്ധമായി, ഒരു ചലച്ചിത്ര നിർമ്മാതാവാകാൻ അൽമോദോവർ 1967 ൽ മാഡ്രിഡിലേക്ക് താമസം മാറി.

സ്പാനിഷ് ഏകാധിപതി ഫ്രാൻസിസ്കോ ഫ്രാങ്കോ മാഡ്രിഡിലെ നാഷണൽ സ്കൂൾ ഓഫ് സിനിമ എന്നെന്നേക്കുമായി അടച്ചു പൂട്ടിയപ്പോൾ, അൽമോദേവർ സ്വയം പഠിച്ചു. ഉപജീവനത്തിനായി അൽമോദോവർ നിരവധി ജോലികൾ ചെയ്തു.അതിൽ പ്രശസ്തമായ മാഡ്രിഡ് ഫ്ലീ മാർക്കറ്റായ എൽ റാസ്ട്രോയിൽ ഉപയോഗിച്ച വസ്തുക്കൾ വിൽക്കുന്നതും സ്പാനിഷ് ഫോൺ കമ്പനിയായ ടെലിഫോണിക്കയിൽ ഭരണസഹായിയും ആയിരുന്നു, അവിടെ അദ്ദേഹം 12 വർഷം ജോലി ചെയ്തു.

ഫ്രാങ്കോയിസ്റ്റ് സ്പെയിനിന്റെ അവസാന ഘട്ടത്തെ തുടർന്നുണ്ടായ സാംസ്കാരിക നവോത്ഥാനം - ലാ മോവിഡ മാഡ്രിലീന യുടെ കാലഘട്ടത്തിൽ അൽമോദോവറിന്റെ കലാജീവിതം വികസിച്ചു.

നാടകീയ സൃഷ്ടി, അനാദരവുള്ള നർമ്മം, കടുത്ത നിറം, തിളങ്ങുന്ന അലങ്കാരം, ജനപ്രിയ സംസ്കാരത്തിൽ നിന്നുള്ള ഉദ്ധരണികൾ, സങ്കീർണ്ണമായ ആഖ്യാനങ്ങൾ എന്നിവയാൽ അദ്ദേഹത്തിന്റെ സിനിമകൾ വ്യത്യസ്തമാണ്.

അഭിലാഷങ്ങൾ, LGBTQ പ്രശ്നങ്ങൾ, അഭിനിവേശം, കുടുംബം, മാതൃത്വം, ഐഡന്റിറ്റി എന്നിവ അൽമോദോവറിന്റെ ഏറ്റവും പ്രധാന വിഷയങ്ങളിൽ ഉൾപ്പെടുന്നു. അന്താരാഷ്ട്രതലത്തിൽ ഏറ്റവും വിജയകരമായ സ്പാനിഷ് ചലച്ചിത്ര നിർമ്മാതാക്കളിൽ ഒരാളായ അൽമോദോവറും അദ്ദേഹത്തിന്റെ സിനിമകളും ഒരു ആസ്വാദന ശൈലി വികാസപ്പെടുത്തി. അദ്ദേഹത്തിന്റെ ആദ്യ കാല സിനിമകൾ ആ കാലഘട്ടത്തിലെ ലൈംഗിക, രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ ബോധത്തെ വളരെയധികം പരിപോഷിപ്പിച്ചു.

1986-ൽ, അദ്ദേഹം തന്റെ ഇളയ സഹോദരൻ അഗസ്റ്റിൻ അൽമോദോവറിനൊപ്പം എൽ ഡെസിയോ എന്ന പേരിൽ സ്വന്തം ചലച്ചിത്ര നിർമ്മാണ കമ്പനി സ്ഥാപിച്ചു. ലോ ഓഫ് ഡിസയർ (1987) മുതൽ അദ്ദേഹത്തിന്റെ എല്ലാ സിനിമകളുടെയും നിർമ്മാണത്തിന് അദ്ദേഹം സഹായിയായിരുന്നു. മികച്ച വിദേശ ഭാഷാ ചിത്രത്തിനുള്ള അക്കാദമി അവാർഡിന് നാമനിർദ്ദേശം ചെയ്യപ്പെട്ട വിമൻ ഓൺ ദി വെർജ് ഓഫ് എ നെർവസ് ബ്രേക്ക്ഡൗൺ (1988) ആയിരുന്നു അദ്ദേഹത്തിന്റെ വഴിത്തിരിവായ ചിത്രം.

നടന്മാരായ അന്റോണിയോ ബാൻഡെറാസ്, പെനിലോപ്പ് ക്രൂസ് എന്നിവരുമായി സഹകരിച്ച് അദ്ദേഹം കൂടുതൽ വിജയം നേടി. ടൈ മി അപ്പ്! ടൈ മി ഡൗൺ! (1989), ഹൈ ഹീൽസ് (1991), ലൈവ് ഫ്ലെഷ് (1997) എന്നിവ അദ്ദേഹം സംവിധാനം ചെയ്തു. അൽമോദോവറിന്റെ അടുത്ത രണ്ട് ചിത്രങ്ങളായ ഓൾ എബൗട്ട് മൈ മദർ (1999), ടോക്ക് ടു ഹെർ ??(2002) എന്നിവ യഥാക്രമം മികച്ച അന്താരാഷ്ട്ര ഫീച്ചർ ഫിലിമിനും മികച്ച ഒറിജിനൽ തിരക്കഥയ്ക്കുമുള്ള അക്കാദമി അവാർഡ് നേടി.

അദ്ദേഹത്തിന്റെ പിന്നീടുള്ള ചിത്രങ്ങളായ വോൾവർ (2006), ബ്രോക്കൺ എംബ്രേസസ് (2009), ദി സ്കിൻ ഐ ലിവ് ഇൻ (2011), ജൂലിയറ്റ (2016), പെയിൻ ആൻഡ് ഗ്ലോറി (2019), പാരലൽ മദേഴ്സ് (2021) എന്നിവയും പ്രശംസിക്കപ്പെട്ടു. ദി ഹ്യൂമൻ വോയ്സ് (2020), സ്ട്രേഞ്ച് വേ ഓഫ് ലൈഫ് (2023) എന്നിവയുൾപ്പെടെ നിരവധി ഹ്രസ്വചിത്രങ്ങൾ സംവിധാനം ചെയ്തതിലൂടെയും അദ്ദേഹം പ്രശസ്തനാണ്.

81-ാമത് വെനീസ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ ഗോൾഡൻ ലയൺ നേടിയ ദി റൂം നെക്സ്റ്റ് ഡോർ (2024) എന്ന ചിത്രത്തിലൂടെ അദ്ദേഹം തന്റെ ആദ്യത്തെ ഇംഗ്ലീഷ് ഭാഷാ ഫീച്ചർ ഫിലിം നിർമ്മിച്ചു. ഒരു അക്കാദമി അവാർഡ്, രണ്ട് ഗോൾഡൻ ഗ്ലോബ് അവാർഡുകൾ, രണ്ട് എമ്മി അവാർഡുകൾ, അഞ്ച് ബാഫ്റ്റ അവാർഡുകൾ, അഞ്ച് ഗോയ അവാർഡുകൾ എന്നിവയുൾപ്പെടെ നിരവധി അംഗീകാരങ്ങൾ അൽമോദോവറിന് ലഭിച്ചിട്ടുണ്ട്.

1997-ൽ ഫ്രഞ്ച് ലെജിയൻ ഓഫ് ഓണർ, 1999-ൽ ഫൈൻ ആർട്സിൽ ഗോൾഡ് മെഡൽ ഓഫ് മെറിറ്റ്, 2013-ൽ യൂറോപ്യൻ ഫിലിം അക്കാദമി അച്ചീവ്മെന്റ് ഇൻ വേൾഡ് സിനിമ അവാർഡ്, 2019-ൽ ലൈഫ് ടൈം അച്ചീവ്മെന്റ് ഫോർ ഗോൾഡൻ ലയൺ എന്നിവ അദ്ദേഹത്തിന് ലഭിച്ചു. 2009-ൽ ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ നിന്നും 2016-ൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്നും ഓണററി ഡോക്ടറൽ ബിരുദങ്ങളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്



# എക്സ് എക്സ് വൈ



**ഷീബ. എസ്.ജെയിംസ്**
(ഫിൽക്ക)




എക്സ് എക്സ് വൈ
വർഷം — 2007
രാജ്യം – അർജന്റീന
സമയം – 1 മണിക്കൂർ 30 മിനിറ്റ്.

അർജന്റിനിയൻ സംവിധായിക ലൂസിയ പ്യൂൻസോ 2007 – ൽ പുറത്തിറക്കിയ വ്യക്തമായ അവബോധ വും ആർദ്രതയുമുള്ളതുമായ ഒരു നാടക ചലച്ചിത്രമാണ് എക്സ് എക്സ് വൈ.മനുഷ്യരും ജനിതക ശാസ്ത്രവും തമ്മിലുള്ള ബന്ധമാണ് ഇതിലെ പ്രമേയം.

സെർജിയോ ബിസിയോ എഴുതിയ ചിക്കോസ് (ആൺ കുട്ടികൾ) എന്ന പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സിനിസ്മോ എന്ന ചെറുകഥയെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ ചലച്ചിത്രം. അലക്സ് (ഇനെസ് എഫ്രാൻ) 15 വയസ്സുള്ള ഒരു ഇന്റർസെക്സ് ആണ്. ഒരു പെൺകുട്ടിയായാണ് കുടുംബം അവനെ വളർത്തിയത് അതിനാൽ അവൾ എന്ന് സംബോധന ചെയ്യാം. അവളുടെ കുടുംബം ഈ അവസ്ഥയെ എങ്ങനെ നേരിട്ടു എന്നും ഓരോ വ്യക്തിയിൽ നിന്നു ണ്ടാകുന്ന പെരുമാറ്റങ്ങൾ അവൾ എങ്ങനെ തരണം ചെയ്തു എന്നും സ്വന്തം ലിംഗ വ്യക്തിത്വം നിർവചിക്കാൻ അവൾ വളരെ പാടുപെടുകയും ചെയ്യുന്നു. ഒടുവിൽ അവൾ എടുക്കുന്ന ഒരു അന്തിമ തീരുമാനം ഉണ്ട്. ഇന്റർസെക്സ് ആയി തന്നെ ജീവിക്കുക എന്നത്. ഇതെല്ലാം ഈ സിനിമയിലൂടെ സമൂഹത്തിന് മുന്നിൽ തുറന്ന് കാട്ടുന്നു.

2007 – ലെ കാൻ ചലച്ചിത്രമേളയിൽ ക്രിട്ടിക്സ് വീക്ക് ഗ്രാൻഡ് പുരസ്കാരവും, 2008 – ലെ അർജന്റീനിയൻ ഫിലിം ക്രിട്ടിക്സ് അവാർഡുകളിൽ ഈ ചിത്രം മികച്ച ചിത്രം ഉൾപ്പടെ മൂന്നു അവാർ ഡുകൾ നേടുകയും ചെയ്തു. കൂടാതെ നിരവധി വിദേശ ചലച്ചിത്ര മേളകളിൽ നാമ നിർദ്ദേശം ചെയ്യപ്പെടുകയും അവാർഡുകൾ കരസ്ഥമാക്കുകയും ചെയ്തു.

അലക്സ് എന്ന കഥാപാത്രത്തെ വളരെ മനോഹരമായി തന്നെ സിനിമയിൽ ഇനെക്സ് എഫ്രോൺ അവതരിപ്പിച്ചി രിക്കുന്നു. പതിനഞ്ചാം വയസ്സിൽ തന്റെ പുരുഷത്വം അടിച്ചമർത്താൻ മാതാപിതാ ക്കൾ നൽകിയ ഗുളികകൾ കഴിക്കുന്നത് നിർത്താൻ അവൾ സ്വയം തീരുമാനിച്ചു. അലക്സിന്റെ അമ്മ സുലി ( വലേറിയ ബെർട്ടു സെല്ലി ) ജനിച്ച നിമിഷം മുതൽ



അവൾക്ക് ശസ്ത്രക്രിയ നടത്താൻ തീരുമാനിച്ചിരുന്നു. കാരണം രണ്ട് ലിംഗ വുമായാണ് അവൾ പിറന്നു വീണത്. 15 വയസ്സിലെങ്കിലും ശസ്ത്രക്രിയ നടത്തണം എന്ന ആഗ്രഹത്താൽ ആണ് കുടുംബ സുഹൃത്തിനെ വീട്ടിലേക്ക് ക്ഷണിച്ചു വരുത്തുന്നത്. അവളുടെ മാതാപിതാക്കൾ അർജന്റീന വിട്ട് ഇപ്പോൾ ഉറുഗ്വേയുടെ ഉറുഗ്വേയുടെ തീരത്തുള്ള ഒരു മത്സ്യ ബന്ധന ഗ്രാമത്തിലാണ് താമസിക്കുന്നത്. മുറിവേറ്റ മൃഗങ്ങളെ ചികിത്സിക്കുന്ന ഒരു സമുദ്ര ജീവ ശാസ്ത്രജ്ഞനാണ് പിതാവ് നെസ്റ്റർ ക്രാക്കൻ.

അലക്സിന്റെ അമ്മ, അലക്സിൽ നിന്നും പുരുഷ പേശി നീക്കം ചെയ്യാനുള്ള ശസ്ത്ര ക്രിയയെക്കുറിച്ച് സുഹൃത്തുമായി ആലോചിച്ചു. പ്ലാസ്റ്റിക് സർജൻ ആയ സുഹൃത്തും കൗമാരക്കാരനായ മകൻ ആൽവാരോയും ആണ് വീട്ടിൽ വിരുന്നിനെത്തിയവർ. താൻ ഒരു ആൺകുട്ടിയാണ് എന്ന് അലക്സ് വിശ്വസിക്കാൻ തുടങ്ങുന്ന സമയത്താണ് ഇവർ എത്തുന്നത്. മരുന്നുകൾ കഴിച്ച് സ്തനം വളരുകയും ചില രൂപമാറ്റങ്ങൾ അലക്സിൽ ഉണ്ടാവുകയും ചെയ്തിരുന്നു.

തന്റെ പ്രായത്തിലെ ലജ്ജാശീലനായ അൽവാരയോട് നല്ലൊരു അടുപ്പം അലക്സിന് ഉണ്ടാകുന്നു. അവർ ലൈംഗിക ബന്ധത്തിൽ ഏർപ്പെടുകയും പിന്നിൽ നിന്നും ഉള്ള സെക്സ് അവൻ നന്നായി ആസ്വദിക്കുകയും ചെയ്യുന്നു. പിതാവ് ഇവരുടെ ബന്ധം കാണുമ്പോൾ അൽവാരോ ഭയന്നോടുന്നുണ്ട്. പിന്നീട് അലക്സ് അവനോട് ക്ഷമാപണം നടത്തുകയും അന്ന് നടത്തിയ സെക്സ് ഇഷ്ടപ്പെട്ടു എന്നറിയിക്കുകയും ചെയ്തു. മോശമായ വികാരങ്ങളൊന്നും തനിക്കി ല്ലെന്നും കൂടി അവൾ അറിയിക്കുന്നു.

അലക്സിന്റെ മാതാപിതാക്കൾ അവളുടെ ജനന സമയത്ത് ജാതിഭേദം ചെയ്തതിനാൽ അലക്സിന് തന്റെ സെക്സിൽ സ്വന്തമായി തീരുമാനം എടുക്കാൻ കഴിയുന്നു. സിനിമ യിലുടനീളം പുരുഷനോടുള്ള ചായ്‌വാണ് അവൾ പ്രകടിപ്പിക്കുന്നത്. ഗ്രാമത്തിലെ മൂന്ന് ആൺകുട്ടികൾ അലക്സിന്റെ ജനനേന്ദ്രിയം കാണാൻ അവളുടെ പാന്റ് ബലമായി താഴ്ത്തുകയും അവളെ ബലാത്സംഗം ചെയ്യുകയുമായിരുന്നു. ഇത് പോലീസിൽ റിപ്പോർട്ട് ചെയ്യുന്നത് ഗ്രാമം മുഴുവൻ അറിയാൻ കാരണമാകും



എന്നുള്ളതിനാൽ പിതാവ് അതിന് മുതിരുന്നില്ല. ഒരുപാട് അവഹേളനം നേരിടുന്ന അലക്സ് മരുന്ന് കഴിക്കാനോ ശസ്ത്രക്രിയ നടത്താനോ ആഗ്രഹിക്കുന്നില്ലെന്ന് പിതാവിനോട് വ്യക്തമാക്കുന്നു. സ്ത്രീ ആകണോ അതോ പുരുഷനാകാനാണോ താല്പര്യം എന്ന ചോദ്യത്തിന് തെരെഞ്ഞെടുക്കാൻ ഒന്നുമില്ലെങ്കിൽ എന്തു ചെയ്യും? എന്ന മറുപടിയാണ് അലക്സ് നൽകുന്നത്. സിനിമയുടെ അവസാനം ആൽവാരോയും കുടുംബവും തിരികെ പോകാൻ ബോട്ടിൽ കയറുകയാണ്. അൽവരോ തന്റെ കുടുംബത്തിൽ നിന്നും മാറി കടൽ ഭിത്തിക്കു പിന്നിൽ കുറച്ചു നിമിഷങ്ങൾ അലക്സിനൊപ്പം ചെലവഴിക്കുന്നു. വീണ്ടും കാണുമോ എന്ന് ചോദിക്കുമ്പോൾ കാണുമെന്ന് കരുതുന്നില്ല എന്ന മറുപടിയാണ് അൽവാരോ പറയുന്നത്. അവൾ നൽകിയ ആമ ടാഗ് താൻ ധരിച്ചിട്ടുന്നെ് അവളെ ധരിപ്പിക്കുന്നു. തങ്ങൾ പരസ്പരം പ്രണയത്തിലാണ് എന്ന് രണ്ടു പേരും സമ്മതിക്കുന്നു. അലക്സിനെ ചുംബിക്കാൻ അൽവാരോ ശ്രമിക്കുമ്പോൾ അവൾ അവനെ തള്ളിമാറ്റുന്നു. അവസാന ഷോട്ട് അലക്സും കുടുംബവും അതിഥികളെ ബോട്ടിൽ കയറ്റിവിട്ടശേഷം നടന്നു പോകുമ്പോൾ അവളെ ചേർത്തുപിടിക്കാൻ ശ്രമിക്കുന്ന പിതാവിന്റെ കൈകൾ അവൾ പിടിച്ച് മാറ്റുന്നതാണ്. കുടുംബാംഗങ്ങളുടെ നിശബ്ദമായ കാരുണ്യം ചിത്രം നിരാശാജനകമല്ല എന്നത് ഉറപ്പിക്കുന്നു.

മികച്ച അഭിനയവും മികച്ച സംവിധാനവും ആണ് ചിത്രത്തെ മികവുറ്റതാക്കിയത് എന്ന കാര്യത്തിൽ സംശയമില്ല.



# ലൂസിയ പുയെൻസോ



**സുരേഷ്കുമാർ.സി**
സെക്രട്ടറി ,
ബീം ഫിലിം സൊസൈറ്റി



1976 -ൽ അർജന്റീനയുടെ തലസ്ഥാനമായ ബ്യൂണസ് അയേഴ്സിൽ ജനിച്ച നോവലിസ്റ്റും ചലച്ചിത്രകാരിയുമാണ് ശ്രീമതി ലൂസിയ പുയൻസോ .

ഓസ്കാർ അവാർഡ് ജേതാവായ പ്രസിദ്ധ ചലച്ചിത്ര സംവിധായകൻ ലൂയി പുയൻസോയാണ് പിതാവ്. ഔപചാരിക വിദ്യാഭ്യാസത്തിനു ശേഷം പിതാവിന്റെ പാത പിന്തുടർന്ന് ചലച്ചിത്ര പഠനത്തിലേക്ക് തിരിഞ്ഞ ലൂസിയ, പിതാവ് തന്നെ സംവിധാനം ചെയ്ത വ്യഭിചാരിണിയും തിമിംഗിലവും (2004 ) എന്ന ചിത്രത്തിന്റെ തിരക്കഥാ രചയിതാവായാണ് സിനിമാ ജീവിതം തുടങ്ങുന്നത്.2007 - ൽ പുറത്തിറങ്ങിയ ത്രൂ യുവർ ഐസ് എന്ന രണ്ടാമത്തെ തിരക്കഥയും രചിച്ചു.

അതേ വർഷം (2007 ) തന്നെയാണ് ആദ്യത്തേതും ഏറ്റവും മികച്ചതെന്ന് സ്വയം കരുതുന്നതുമായ എക്സ് എക്സ് വൈ എന്ന സിനിമയിലൂടെ സ്വതന്ത്ര സംവിധായികയായി രംഗത്തുവരുന്നത്. വിവിധ അന്താരാഷ്ട്ര ചലച്ചിത്ര മേളകളിൽ പ്രേക്ഷക ശ്രദ്ധ പിടിച്ചു പറ്റിയ സിനിമയായിരുന്നു എക്സ് എക്സ് വൈ. ദ്വന്ദ്വ ലൈംഗിക സ്വത്വവുമായി ജീവിക്കുന്ന ഒരു വ്യക്തിയുടെ അതിജീവനകഥയാണ് ഈ ചിത്രം പറയുന്നത്.



തുടർന്ന് ലൂസിയയുടെ സംവിധാനത്തിൽ പുറത്തുവന്ന ദ ഫിഷ് ചൈൽഡ് (2009), ദ ജർമൻ ഡോക്ടർ (2013) എന്നീ ചിത്രങ്ങളും മനുഷ്യ ശരീരത്തിൽ സംഭവിക്കുന്ന ജനിതക - ലൈംഗിക വ്യതിയാനങ്ങളുടെ കഥ പറയുന്ന സിനിമകളാണ്. തന്റെ തന്നെ നോവലുകളുടെ ചലച്ചിത്ര ഭാഷ്യങ്ങളായിരുന്നു ഈ രണ്ടു സിനിമകളും.



അപര ലൈംഗികതയും ബാല്യ - കൗമാര വിഹ്വലതകളുമാണ് ലൂസിയയുടെ ഇഷ്ട പ്രമേയങ്ങളായി കാണാൻ കഴിയുന്നത്. അസാധാരണ സാഹചര്യങ്ങളിൽ സ്വന്തം വ്യക്തിത്വം കണ്ടെത്താൻ പൊരുതുന്ന യുവതികളും അവരുടെ സിനിമയിലെ ഒരു പ്രധാന കാഴ്ചയാണ്. ശബ്ദഘോഷങ്ങളല്ല; നിശ്ശബ്ദതയുടെ സാന്ദ്രതയാണ് കഥ പറയാൻ ലൂസിയ തെരഞ്ഞെടുത്തിട്ടുള്ള രചനാരീതി. സ്ഥല - കാല തെരഞ്ഞെടുപ്പുകളിൽ പോലും കൃത്യമായ അടയാളപ്പെടുത്തലുകൾ സൂക്ഷിക്കുക എന്നത് ലൂസിയയുടെ സിനിമകളുടെ ഒരു പ്രത്യേകതയാണ്.



ചുറ്റുമുള്ള ജീവിത യാഥാർത്ഥ്യങ്ങളുടെ സൂക്ഷ്മ നിരീക്ഷണത്തിൽ നിന്ന് തീർത്തും വ്യത്യസ്തമായ ജീവിത സമസ്യകളുടെ അന്വേഷണത്തിലേക്ക് സ്വയം വളരുന്നവയാണ് ലൂസിയ പുയെൻസോയുടെ സിനിമകൾ.


ചലച്ചിത്ര ജീവിതത്തിന്റെ ആദ്യ പകുതിയിൽ മാത്രം എത്തിനിൽക്കുന്ന ലൂസിയയിൽ നിന്നും മികച്ച സിനിമകളുടെ ഒരു നല്ല നിര നമുക്ക് പ്രതീക്ഷിക്കാം.



# ബ്യൂട്ടിഫുൾ ബോക്സർ



രാജാംബിക എസ്.എസ്
(ഫിൽക്ക)



2003-ൽ ഏകാച്ചായി ഉക്രാങ്തം സംവിധാനം ചെയ്തു പുറത്തിറക്കിയ ജീവചരിത്ര ചിത്രമാണ് ബ്യൂട്ടിഫുൾ ബോക്സർ. ആൺ ശരീരത്തിൽ നിന്ന് പെൺ മനസിന്റെ രൂപാന്തരം വിവരിക്കുന്ന വികാരനിർഭരമായ ആക്ഷൻ സിനിമ.

ബ്യൂട്ടിഫുൾ ബോക്സർ, സ്ത്രീയാകാൻ വേണ്ടി പോരാടണം എന്ന അദമ്യമായി ആഗ്രഹിക്കുന്ന ഒരു ആൺകുട്ടിയുടെ ഹൃദയത്തിലേക്കും മനസ്സിലേക്കും കടന്നുചെല്ലുന്നു
.
പ്രശസ്ത കാതോയിയും മുവായ് തായ് പോരാളിയും അഭിനേത്രിയും മോഡലുമായ പരിന്യ ചാരോൻഫോളിന്റെ ജീവിതകഥയാണ് ഈ സിനിമയിലൂടെ പറയുന്നത്. പുരുഷ കിക്ക് ബോക്സർ അസാനി സുവാനാണ് ചാരോൺഫോളിനെ അവതരിപ്പിച്ചത്.

കുട്ടിക്കാലം മുതൽ ഒരു ആൺകുട്ടിയുടെ ശരീരത്തിൽ കുടുങ്ങിപ്പോയ പെൺകുട്ടിയാണ് താനെന്ന് വിശ്വസിക്കുന്ന പരിന്യ ചാരോയെൻഫോൾ, ഉപജീവനമാർഗം കണ്ടെത്തുന്നതിനും സമ്പൂർണ്ണ സ്ത്രീത്വമെന്ന തന്റെ ആത്യന്തിക ലക്ഷ്യം നേടുന്നതിനുമായി മുവായ് തായ്യിലെ ഏറ്റവും പൗരുഷമേറിയ, മാരകമായ കായികവിനോദത്തിൽ പ്രാവീണ്യം നേടാൻ പുറപ്പെടുന്നു.

ഹൃദയസ്പർശിയായതും രസകരവും ആശ്വാസകരവുമായ തായ് കിക്ക് ബോക്സിംഗ് സീക്വൻസുകൾ നിറഞ്ഞ ബ്യൂട്ടിഫുൾ ബോക്സർ നോങ് ടൂമിന്റെ ബാല്യവും ഒരു സഞ്ചാര സന്യാസി എന്ന നിലയിൽ കൗമാര ജീവിതവും ബോക്സിംഗ് ക്യാമ്പുകളിലെ കഠിനമായ ദിനങ്ങളും വരച്ചുകാട്ടുന്നു.

നോങ് ടൂം തന്റെ ബാല്യകാലത്ത് കൂട്ടുകാരിയെ പിൻതുടർന്നു പോകുമ്പോൾ ഒരു ബോക്സിങ് മത്സരം കാണാനിടയാവുകയും പഞ്ച് കണ്ടു പേടിച്ചു ഓടി, വനിതകളുടെ ഒരു പ്രോഗ്രാം സ്ഥലത്തു എത്തുകയും ചെയ്യുന്നു. ഡാൻസും പാട്ടുമൊക്കെ ആസ്വദിച്ചു അവിടെയെല്ലാം തന്റെ കൂട്ടുകാരിയെ തിരഞ്ഞു നടക്കുന്നതിനിടയിൽ യാദൃച്ഛികമായി സ്ത്രീകളുടെ മേക്കപ്പ് റൂമിനടുത്തെത്തിയ ടൂം കൗതുകപൂർവ്വം മേക്കപ്പ് ഇടുന്നതു വീക്ഷിച്ചു നിൽക്കെ ആ കലാകാരിയെ ആരോ വിളിച്ചു അവരുടെ ഊഴമായെന്ന് ഓർമ്മിപ്പിക്കുന്നു. വേഗമെണീറ്റതോടെ കയ്യിലിരുന്ന ലിപ്സ്റ്റിക് താഴെ വീഴുന്നു . ആരും കാണാതെ ടൂം അതെടുത്ത് വീട്ടിൽ കൊണ്ടുപോകുന്നു.



വീട്ടിൽ കുടുംബാംഗങ്ങൾ അത്താഴത്തി നിരുന്നപ്പോൾ ഇഷ്ടവിഭവങ്ങളുടെ പേരു പറഞ്ഞ് മറ്റു മക്കൾ അമ്മയോട് ആവശ്യ പ്പെട്ടപ്പോൾ , അത്താഴത്തിനു ടൂം എത്തി യിട്ടില്ലെന്ന് എല്ലാവരും ശദ്ധിക്കുന്നു.

വിളിച്ചപ്പോൾ ആദ്യം ഓടി വന്നത് വീട്ടിലെ വളർത്തുനായ ആയിരുന്നു. പൂവ് കൊണ്ടുള്ള കിരീടം വച്ച് ഒരുക്കി വിട്ട ആ നായയുടെ പുറകെ പെൺകുട്ടികളുടെ വേഷവിധാനത്തോടെ ടൂം കടന്നു വന്നു. നേരത്തെ കേട്ട ഗാനമാലപിച്ച് ഡാൻസും ചെയ്താണ് ടൂം നിന്നത്. പാടി കഴിഞ്ഞതും എല്ലാവരും കയ്യടിച്ചു അഭിനന്ദിച്ചു. ഒരിക്കൽ സഹോദരനുമായി തല്ലു കൂടിയതിന്റെ പേരിൽ അമ്മ ടൂമിനെ ശിക്ഷിച്ചത് അവനു വല്ലാത്ത വിഷമ മുണ്ടാക്കി. ഭക്ഷണം കഴിക്കാതെ ദുഃഖിച്ചിരുന്ന അവനെ അമ്മ കുറെ ഉപദേശിച്ചു. കാര്യം മനസ്സിലാക്കിയ ടൂം ആശ്വാസം തേടി ആ മടിയിലേക്കു ചാഞ്ഞു.

ടൂമിനെ ബുദ്ധവിഹാരത്തിൽ പഠിക്കാനാ യി ചേർത്തു. അതിനു മുമ്പ് തല മുണ്ഡനം ചെയ്യണം. വെട്ടിയിടുന്ന തന്റെ മുടിയിഴകളെ നോക്കി അവൻ വ്യസനത്തോടെ നെടുവീർപ്പിട്ടു. ലൌകിക സുഖസൌകര്യങ്ങൾ ജീവിത ത്തിൽ നിന്ന് ഒഴിവാക്കണമെന്നാണ് അവിടെനിന്നു കിട്ടിയ പാഠം. വീട്ടുകാരെ കാണാനും പാടില്ല. കുറെ സാധനങ്ങൾ സമ്മാനമായി അവർക്കു കിട്ടിയപ്പോൾ അതിലുണ്ടായിരുന്ന ലിപ്ഗ്ലോസ് കുട്ടികൾ വെയ്സ്റ്റ് ബിന്നിലിട്ടു.

ടൂം അതെടുത്തു പുഴക്കരയിൽ പോയിരുന്ന് ചുണ്ടിൽ പുരട്ടി. ഒരു സഹപാഠി അത് ഉപേക്ഷിക്കാൻ നിർബന്ധിച്ചു. അവൻ സഹപാഠിയെ പറ്റിക്കാൻ ഒരു കല്ലെടുത്ത് വെള്ളത്തിലേക്ക് വലിച്ചെറിഞ്ഞു.ഒരു ദിവസം ചോര പുരണ്ട അധരങ്ങളുമായി അവശ നായ അച്ഛനെ കണ്ടു. രാത്രി പതുങ്ങി വന്ന അച്ഛനെ ആളറിയാതെ കള്ളൻ എന്നു കരുതി അവൻ തല്ലാനാഞ്ഞതാണ്.

അച്ഛൻെറ അസുഖത്തിന് ചികിത്സിക്കാൻ പണം കണ്ടെത്താനായി അവൻ ചെറിയ ജോലികൾ ആരുമറിയാതെ ചെയ്തു. അവൻ കുറച്ചു നല്ല ഭക്ഷണം അമ്മയെ ഏൽപ്പിച്ച ശേഷം പൊട്ടിക്കരയുക യാണ്. ബന്ധുക്കളെ കാണുന്നത് അവിടെ നിയമലംഘനം ആണ്. വീട്ടിൽ നല്ല ഭക്ഷണം എത്തിക്കണം. അതിനു കാശു വേണം, ജോലി ചെയ്യണം. ഇതൊക്കെ ആലോചിച്ച് വിഷമിച്ചിരിക്കുന്ന സമയത്ത്, അവിടെ വന്ന പിനീത് അവനെ ആശ്വസിപ്പിക്കുകയും അവളുടെ പിതാവിന് അവനെ പരിചയ

പ്പെടുത്തി കൊടുക്കുകയും ചെയ്തു. പുതിയ ഒരു സഹോദരിയെ കിട്ടിയതിൽ അവനു തെല്ലാശ്വാസമുണ്ടായി. അമ്മ പറഞ്ഞതിൻ പ്രകാരം പിനീതിന് ഒരു സമ്മാനം കൊണ്ടു പോയ അവൻ പിനീതിനെ തിരക്കി അവളുടെ റൂമിലെത്തി. അവളുടെ അമ്മയുടെ സൌന്ദര്യമത്സര ത്തിൽ പങ്കെടുത്ത ഫോട്ടോകൾ കാണുന്നു .ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വേണ്ടി ധാരാളം പണം ചെലവാക്കിയെങ്കിലും ഒരു ഫലവുമുണ്ടായില്ലെന്ന വിവരം അവരിൽ നിന്ന് അറിയുന്നു.

ഒരു ദിവസം പതിവുപോലെ ജോലിക്കു പോകാനായുള്ള വസ്ത്രം ധരിക്കാനായി അവൻ സന്ന്യാസ വേഷം മാറ്റുന്നത് ഗുരു കാണാനിടവരികയും നിയമലംഘനം നടത്തിയതുകൊണ്ട് അവിടെ നിന്നും പുറത്താക്കുകയും ചെയ്തു. പിന്നീടവൻ



സഞ്ചാരിയായ സന്യാസിയായി മാറുന്നു. അങ്ങനെ ടൂം പിനീതിന്റെ അച്ഛന്റെ അടുക്കൽ എത്തുകയും ആ ഗുരുവിന്റെ കീഴിൽ വിദ്യ അഭ്യസിക്കുകയും ചെയ്യുന്നു.യുവാവായ പ്പോൾ അവൻ തന്റെ ഒരു കൂട്ടുകാരിയുടെ ഫ്ളവർ ഷോപ്പിൽ ജോലിക്കു ചേർന്നു. അവിടെ പൂവ് വാങ്ങാൻ വന്ന യുവാവിനോട് അവന്റെ ഉള്ളിലെ സ്ത്രീ ആകൃഷ്ടയായി.



ഒരു ബോക്സർ ആകുകയെന്ന തന്റെ സ്വപ്ന സാക്ഷാത്കാരത്തിനായി ടൂം വളരെയധികം പ്രയത്നിക്കുകയും അല്ലാത്ത സമയം ലിപ്സ്റ്റിക് ഇട്ട് ഒരുങ്ങി സ്വയം തന്നിലെ സ്ത്രൈണ സ്വഭാവത്തെ സന്തോഷിപ്പിക്കുകയും ചമയങ്ങളിൽ തൃപ്തിപ്പെടുകയും ചെയ്യുന്നു.ബോക്സിങ് കൂടുതൽ മികച്ചതാക്കാർ ഒരു പരിശീലകന്റെ അടുത്തു എത്തിച്ചേരുകയും ആദ്യമാദ്യം മടിച്ചു നിന്ന ടൂമിനെ പരിശീലകൻ കഠിന മുറകളിലൂടെ നല്ലൊരു ബോക്സറാക്കി വാർത്തെടുക്കുന്നു .

അമ്മയെ ജോലികളിൽ സഹായിച്ച പരിചയം വച്ച് ടൂം പച്ചക്കറികൾ അതിവേഗത്തിൽ മുറിച്ചു കൊടുക്കുന്നു. മുമ്പ് ചെയ്യാൻ കഴിയാതിരുന്ന പല ഇനങ്ങളിലും ഇപ്പോൾ അവനു പ്രാഗത്ഭ്യം തെളിയിക്കാൻ കഴിയുന്നുണ്ട്. അതുവരെ ഒന്നാം സ്ഥാനത്തു നിന്നവരെയെല്ലാം ടൂം മലർത്തിയടിക്കുവാനും തുടങ്ങി .

അവരോടൊപ്പം കുളിക്കുന്നതും കിടക്കു ന്നതുമൊക്കെ അവനിൽ അസ്വസ്ഥതയു ളവാക്കി. എല്ലാവരും ഉറങ്ങിയെന്നു ബോധ്യം വന്ന സമയം സ്വസ്ഥമായി കുളിക്കു വാനാരംഭിക്കുന്നു. അതേ സമയം അവിടെയെത്തിയ വേറൊരു ആൺ സുഹൃത്തിനെ അവനു കിട്ടി. അവൻ നല്ല കൂട്ടുകാരായി.

ബോക്സിങ് റിംഗിൽ അവൻ നേട്ടങ്ങളുടെ കൊടുമുടികൾ താണ്ടിക്കൊണ്ടിരുന്നു. സമ്മാനമായി കിട്ടിയ ട്രോഫിയിൽ ചുംബിക്കുകയും സമ്മാനത്തുക അമ്മയെ ഏൽപ്പിക്കുകയും ചെയ്തു. ആ പണം ഉണ്ടാക്കാൻ ചെയ്ത ത്യാഗത്തിന്റെ വഴികൾ വിവരിച്ചപ്പോൾ അമ്മയ്ക്ക് സന്തോഷമായി. എന്നാലും മകന്റെ ദേഹത്ത് പരുക്കേൽക്കുന്ന കാര്യമോർത്ത് അമ്മ ആ ജോലിയിൽ നിന്നു അവനെ നിരുത്സാഹപ്പെടുത്തി.

ഒരു ദിവസം ബാത്ത്റൂമിലിരുന്ന ലിപ്സ്റ്റിക് ഇടുകയായിരുന്ന അവനെ സുഹൃത്ത് അക്ഷമയോടെ വിളിച്ചപ്പോൾ അവൻ വെപ്രാളപ്പെട്ട് ലിപ്സ്റ്റിക് തൂവാല യിൽ തുടച്ചു കളയുന്നതിനിടയിൽ ലിപ്സ്റ്റിക് ബാത്ത് റൂമിന്റെ ഡോറിനടിയിൽ ക്കൂടി പുറത്തേക്ക് ഉരുണ്ടുപോയി . സുഹൃത്തിന്റെ സംശയമുനയാലെയുള്ള നോട്ടത്തിൽ നിന്നു അതു തന്റെതാണെന്നു പറഞ്ഞു രക്ഷപ്പെടുത്തിയത് ടൂമിന്റെ പെൺസുഹൃത്തായിരുന്നു. ഒരു ഷോയിൽ പങ്കെടുത്ത ഒരുവളെ കൂട്ടുകാർ അവന്റെ നാണം മാറ്റിയെടുക്കുവാൻ വേണ്ടി റൂമിൽ എത്തിക്കുന്നു. അവൾ സ്വയം അവനെ നഗ്നത കാട്ടിക്കൊടുക്കുകയും തിരിച്ചു അവനോടും അങ്ങനെ ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. പക്ഷേ പിന്നീട് ഒരിക്കൽ തീർച്ചയായും അതിന് തനിക്കു കഴിയുമെന്ന് ടൂം മറുപടി പറഞ്ഞ് ഒഴിഞ്ഞുമാറുന്നു .

പെൺവേഷം കെട്ടി നടക്കുന്ന ടൂമിനെ സഹോദരൻ ടാം വഴക്കു പറയുന്നു. നിന്നെ എല്ലാവരും കോമാളി എന്നു വിളിക്കില്ലേ എന്നൊക്ക ആക്ഷേപിക്കുന്നു. അതൊക്കെ വീണ്ടും വീണ്ടും ആലോചിച്ച് അവൻ വല്ലാത്ത സങ്കടത്തിലായി.

തന്റെ എതിരാളിയായി മത്സരിക്കേണ്ട സുഹൃത്തിനെ വിഷമിച്ചിരിക്കുന്ന അവസ്ഥയിൽ അവൻ കാണാനിടയായി. വിജയിച്ചു കിട്ടുന്ന പണം സ്വന്തമാക്കാനും ടൂമിന്റെസഹതാപം നേടിയെടുക്കാനും സുഹൃത്ത് കുറെ കള്ളക്കഥകൾ പറയുന്നു .മത്സരരംഗത്ത് ആദ്യ പകുതിയിൽ ആ സുഹൃത്തിന്റെ ഇടികൊണ്ടു ടൂം അവശനായി .ഇന്റർവെൽ സമയത്തു മറ്റുള്ളവർ എന്തു പറ്റി എന്ന് അവനോട് ചോദിക്കുന്നു. എതിരാളി യുടെ അമ്മ സുഖമില്ലാതെ കിടക്കുന്നു. ഇതിൽ നിന്നു കിട്ടുന്ന പണം കൊണ്ടു അവരെ ചികിത്സിക്കണം - ടൂം പറഞ്ഞു. എതിരാളിയുടെ അപേക്ഷ കേട്ടിട്ടാണ്



മനപൂർവ്വം താൻ തോറ്റു കൊടുത്തതെന്നു ടൂം പറഞ്ഞപ്പോൾ അത് തെറ്റായ വിവരമാണെന്ന് കൂടെയുള്ളവർ അവനെ ബോധ്യപ്പെടുത്തുന്നു. രണ്ടാം പകുതിയിൽ ടൂമിന്റെ ദൃഢനിശ്ചയം സ്ഫുരിക്കുന്ന മുഖവും പ്രകൃതവും ആർത്തിരമ്പുക യായിരുന്നു.മത്സരത്തിൽ വിജയിക്കുന്നു.

പുലർച്ചെ, വാം അപ്പിനിടയ്ക്ക് തന്റെ പ്രിയ പെൺ സുഹൃത്തിന്റെ ഓർമ്മകളിൽ അവൻ അസ്വസ്ഥനായി. വിഭ്രാന്തി കാട്ടു കയും ചെയ്യുന്നു. റിംഗിൽ നൃത്തം വയ്ക്കുകയും ആരോടൊക്കെയോ ഉള്ള അരിശം തീർക്കുന്ന മട്ടിൽ എല്ലാം തട്ടിയെറിഞ്ഞ് ചവിട്ടി മെതിക്കുകയും ചെയ്യുന്നു . അവൻ നിലത്തു വീണു ചുരുണ്ടു കിടന്നു ഒരു കുഞ്ഞിനെപ്പോലെ വാവിട്ടു പൊട്ടിക്കരഞ്ഞു.

ലുംബിനി സ്റ്റേഡിയത്തിൽ അടുത്ത മത്സരത്തിനു വേണ്ടി തയ്യാറെടുക്കേതായി ട്ടുണ്ട്. ലാബ് ടെസ്റ്റിൽ അച്ഛനു ശ്വാസകോശ അർബുദമാണെന്ന് സ്ഥിരീകരിച്ചു. ടൂമിന്റെ മത്സരം നടക്കും വരെ താൻ ജീവിച്ചിരി ക്കുമോ എന്നോർത്ത് അച്ഛന്റെ വിഷമി ക്കുന്നുണ്ട്. മത്സരത്തിനു ഇനി ഒരു മാസ മേയുള്ളു. വിളവെടുപ്പിന്റെ പേരും പറഞ്ഞു അച്ഛൻ സഹയാത്രയിൽ നിന്നൊഴിവായി. അങ്ങനെ അവൻ തനിയെ ബാങ്കോക്കിലേക്ക് തിരിച്ചു. സ്ത്രീയാവാനു ള്ള തന്റെ ആഗ്രഹ പൂർത്തീകരണത്തിനായി ടൂം ചികിത്സ തേടുന്നു.സ്ത്രീകൾക്കുള്ള ഹോർമോൺ ചെയ്ഞ്ച് ടാബ്ലെറ്റ് കഴിക്കുന്നു .മത്സര ദിവസം സമാഗതമായി. എതിരാളി എല്ലാവ രുടെയും മുന്നിൽ വച്ച് ശാരീരിക പരിശോധനയ്ക്ക് വിധേയനായി. മാത്രമല്ല രാത്രി മത്സരത്തിൽ അവനെ നേരിടും എന്നു വെല്ലുവിളിക്കുകയും ചെയ്യുന്നു .

അടുത്ത ഊഴം ടൂമിന്റേതായിരുന്നു. പക്ഷേ അവൻ പൊട്ടിക്കരയുകയാണ്. താനിനി ഒരിക്കലും ബോക്സിങ്ങിന് ഇല്ല എന്നു കരഞ്ഞു പറയുന്നു . എന്നാൽ കൂടെയുള്ളവർ അവനെ സമാധാനിപ്പിച്ച് അവനെ ഒരുക്കി. ഭാരം കൃത്യം 118 പൌണ്ട്.

പുരാതന തായ് ബോക്സിംഗ് തുടക്കം വളരെ വ്യത്യസ്തമായിരുന്നു. ആ ചലനങ്ങൾക്ക് ഒരു പ്രത്യേക പേര് - സാവോ നോയ് പാ പാങ് എന്നാണ്. കളി കാണാനായി ടൂറിസ്റ്റുകളെ ആകർഷിക്കാൻ വേണ്ടി വേഷവും അതിനനുസരിച്ച് ഉള്ള തായിരുന്നു. പിന്നെ ആ ഡ്രസ്സൊക്കെ മാറ്റി ബോക്സിംഗ് ഡ്രസ്സിട്ടു വന്ന് ഇടി തുടങ്ങി. ഹോർമോൺ ടാബ്ലെറ്റ് കഴിക്കുന്നതു



കൊണ്ടു നന്നായി പെർഫോം ചെയ്യാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല, ഇടി മുക്കാൽ ഭാഗത്തോളം വാങ്ങി കൂട്ടുകയും ചെയ്തു. വിജയം ആഘോഷിക്കാൻ കൂട്ടുകാർ കാത്തിരിക്കുകയാണ്. ടൂം നേരെ പോയത് വീട്ടിലേക്കു ഫോൺ വിളിക്കാ നായിരുന്നു. ടാബ്ലെറ്റിന്റെ ഉപയോഗം അവനെ അനുദിനം ക്ഷീണിതനാക്കി.

അവൻ ജപ്പാനിലും പോകുന്നു . അവിടെ ആശുപത്രിയിൽ അച്ഛനും അമ്മയും ഒപ്പിട്ടു കൊടുക്കുന്നു . അവരുടെ അനുഗ്രഹം

വാങ്ങി,അവൻ ശസ്ത്രക്രിയ നടത്തി. ഉദയസൂര്യന്റെ നാട്ടിൽ , ആദ്യമായി ഒരു സ്ത്രീയോടു പൊരുതി ജയിക്കുന്നു . ഒരു ബോക്സറുടെ ശരീരത്തിൽ ഒരു സ്ത്രീ എങ്ങനെ വന്നുവെന്ന് അവനാലോചിച്ചു. അപ്പോൾ ആരാധകരും റിപ്പോർട്ടന്മാരും എത്തി. അവനെ അഭിനന്ദിക്കാൻ ബൊക്കെയുമായി പെൺസുഹൃത്തും എത്തി.

പുരുഷനും സ്തീയുമായി ജീവിക്കുമ്പോൾ ഉള്ള വ്യത്യാസം എന്തെന്ന ചോദ്യത്തിന് അവൻ പറഞ്ഞു. പുരുഷനായിരിക്കുക കുറച്ചു കടുപ്പമാണ്. ഒരു സ്ത്രീയായിരിക്കുക എന്നത് അതിനേക്കാൾ കഠിനമാണ്. ഏറ്റവും കഠിനമായത് നമ്മളെ ആർക്കാണോ ആവശ്യമുള്ളത് അവരെ മറക്കാതിരിക്കുക.

സർജ്ജറി കഴിഞ്ഞു ഒരു സ്ത്രീ ആയി അവൻ തിരികെ വന്നു. എല്ലാവരും കരുതിയത് ബോക്സിംഗ് കൂടുതൽ പ്രാക്ടീസ് ചെയ്യാൻ പോയെന്നാണ്.

ഓപ്പറേഷൻ കഴിഞ്ഞു വരുന്ന ടൂമിനെ കാണാൻ ജനങ്ങൾ തടിച്ചു കൂടി. വിജയകരമായ ശസ്ത്രക്രിയയ്ക്കു ശേഷം അതിസുന്ദരിയായ സ്ത്രീയുടെ ശരീരവും മനസ്സുമായി ടൂം വിജയത്തിന്റെ കൊടുമുടികൾ ഒന്നൊന്നായി കീഴടക്കിക്കൊണ്ടിരുന്നു...ടൊറിനോ ഇന്റർനാഷണൽ ഗേ & ലെസ്ബിയൻ ഫിലിം ഫെസ്റ്റിവലിൽ , മികച്ച ഫീച്ചർ? ഫിലിം അവാർഡ് ഈ സിനിമ നേടി. തായ്‌ലൻഡ് നാഷണൽ ഫിലിം അസോസിയേഷൻ അവാർഡുകൾ - മികച്ച നടൻ അസാനി സുവാൻ, മികച്ച മേക്കപ്പ് - ക്രൈയ്സോൺ സാംപെത്ചാരിയോൺ. സാൻ സെബാസ്റ്റ്യൻ ഇന്റർ നാഷണൽ ഫിലിം ഫെസ്റ്റിവൽ - സെബാസ്റ്റ്യൻ അവാർഡ് മിലാൻ ഇന്റർ നാഷണൽ ലെസ്ബിയൻ & ഗേ ഫിലിം ഫെസ്റ്റിവൽ - മികച്ച ചിത്രം ഔട്ട്ഫെസ്റ്റ് - നേട്ട അവാർഡ് - മികച്ച വളർന്നുവരുന്ന പ്രതിഭ (എകാചായ് ഉക്രോങ്തം) നാമനിർദ്ദേശം ചെയ്യപ്പെട്ടു ഗ്ലാഡ് മീഡിയ അവാർഡുകൾ - മികച്ച ചിത്രം



# എക്കച്ചായി ഉക്രാങ്ങ്തം



ജോൺ തോമസ്
(ഫിൽക്ക)



എക്കച്ചായി ഉക്രാങ്ങ്തം പ്രസിദ്ധനായ നാടക - സിനിമ സംവിധായകനാണ്. സിംഗപ്പൂർ കേന്ദ്രമാക്കിയാണ് അദ്ദേഹം പ്രവർത്തിക്കുന്നത്. സിംഗപ്പൂരിലെ പ്രൊഫഷണൽ നാടക കമ്പനിയായ ആക്ഷൻ തിയേറ്ററിന്റെ സ്ഥാപക ആർട്ടിസ്റ്റിക് ഡയറക്ടർ ആണ് എക്കച്ചായി.

അദ്ദേഹത്തിന്റെ നാടക സൃഷ്ടികളി ൽ യഥാർത്ഥ സയാമീസ് ഇരട്ടകളായ ചാങ്ങിന്റെയും എങ്ങ്ബങ്കറിന്റെയും ജീവിതത്തെ അടിസ്ഥാനമാക്കി നിർമ്മിച്ച ചാങ്ങ് ആൻഡ് എങ്ങ് എന്ന സംഗീത ശില്പവും ഉൾപ്പെടുന്നു.അദ്ദേഹത്തിന്റെ മറ്റ് നാടക കൃതികളിൽ കോർപ്പറേറ്റ് അനിമൽസ്, കാ-രാ-യു ഓക്കേ? വിവാ വയാഗ്ര! ഓട്ടം ടോയാം, മെയിൽ ഓർഡർ ബ്രൈഡ്സ് ആൻഡ് അദർ ഓറിയന്റൽ ടേക്ക് എവേസ്, കൺഫഷൻസ് ഓഫ് ത്രീ അൺമാരീഡ് വിമെൻ എന്നിവ ഉൾപ്പെടുന്നു.

2003ൽ ബ്യൂട്ടിഫുൾ ബോക്സർ എന്ന സിനിമയിലൂടെ അദ്ദേഹം ചലച്ചിത്ര സംവിധാന രംഗത്തേക്ക് കടന്നുവന്നു. ദ്വിലിംഗ വ്യക്തിയായ മുവെ തായ് ബോക്സർ നോംഗ് തൂമിന്റെ ജീവിതത്തെ അടിസ്ഥാനമാക്കി നിർമ്മിച്ച സിനിമയാണിത്. അദ്ദേഹത്തിന്റെ രണ്ടാമത്തെ ചിത്രം സിംഗപ്പൂരിലെ ഗേലാങ് ചുവന്ന തെരുവിലെ ലൈംഗിക തൊഴിലാളികളേയും അവരെ തേടിയെത്തുന്ന വരെയും അടിസ്ഥാനമാക്കി നിർമ്മിച്ച പ്ളഷർ ഫാക്ടറിയാണ്. ഈ ചിത്രം 2007 ലെ കാൻ ഫിലിം ഫെസ്റ്റിവലിലേക്ക് ഔദ്യോഗികമായി തിരഞ്ഞെടുക്കപ്പെട്ട സിനിമയായിരുന്നു.

അദ്ദേഹത്തിന്റെ മൂന്നാമത്തെ ചിത്രം, ആനന്ദാ എവരിങ് ഹാം അഭിനയിച്ച ദ് കോഫിൻ തായ്ലൻഡിലെ സിനിമ ശാലകളിൽ 2008 ഏപ്രിൽ 21ന് റിലീസ് ചെയ്യപ്പെട്ടു. ഡോൾഫ് ലുൺ ഗ്രെന്റിന്റെ മനുഷ്യ കടത്തിനെ സംബന്ധിച്ച സ്കിൻ ട്രേഡ് എന്ന ചിത്രം അദ്ദേഹം 2014ൽ സംവിധാനം ചെയ്തു. ടോണി ജാ, റോൺ പേൾമാൻ എന്നിവർ അഭിനയിച്ച 2015 ൽ റിലീസ് ചെയ്യപ്പെട്ട ഈ സിനിമ ബാങ്കോക്ക്, വാൻഹുവർ എന്നിവിടങ്ങളിലാണ് ചിത്രീകരിച്ചിരിക്കുന്നത്.



April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
TRANS FILM FESTIVAL
KSFDC



(പ്രതികരണം)

# കെട്ടിടങ്ങൾ പ്രകൃതിയോട് ചേർന്നുനിൽക്കുന്നവയായിരിക്കണം - ഡോ. പ്രൊഫ. ആശാലത തമ്പുരാൻ





**ജോൺ തോമസ്**
(ഫിൽക്ക)

വാസ്തുശാസ്ത്രവും ലോകസിനിമ യും എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ചലച്ചിത്രമേള ഫിൽക്ക ഫിലിം സൊസൈറ്റി, ജോയിന്റ് കൗൺസിൽ നന്മ ഫിലിം സൊസൈറ്റി, ബീം ഫിലിം സൊസൈറ്റി അടക്കമുള്ള ഫിലിം സൊസൈറ്റികളുടെ സഹകരണ ത്തോടെ 2025 മാർച്ച് മാസം 23 -30 തീയതി ജോയിൻറ് കൗൺസിൽ എ.സി ഹാളിൽ നടത്തുകയുണ്ടായി.ചലച്ചിത്ര ഫെസ്റ്റിവലിന്റെ ഭാഗമായി സെമിനാറും സംഘടിപ്പിച്ചു.ഫിൽക്ക ഫിലിം സൊസൈറ്റി പ്രസിഡൻറ് ഡോ. ബി. രാധാകൃഷ്ണൻ അധ്യക്ഷനായിരുന്നു. മുതിർന്ന വാസ്തു ശാസ്ത്രകാരനും തിരുവനന്തപുരത്ത് ആദ്യമായി വാസ്തു ശാസ്ത്ര വിഭാഗം ആരംഭിച്ച കോളേജ് ഓഫ് എൻജിനീയറിങ്ങിലെ വാസ്തുശാസ്ത്ര വിഭാഗം തലവനും ആയിരുന്ന തോമസ് പണിക്കരെ ചടങ്ങിൽ ആദരിച്ചു.

തിരുവനന്തപുരം ഗവൺമെൻറ് എൻജിനീയറിങ് കോളജിൽ ജെ.സി അലക്സാണ്ടറുടെ നേതൃത്വത്തിൽ ആദ്യമായി വാസ്തു ശാസ്ത്രവിഭാഗം രൂപം കൊണ്ട കാലത്തെക്കുറിച്ച്അദ്ദേഹം ഓർത്തു. പ്രൊഫ. ഡോ. ആശാലതാ തമ്പുരാൻ (റിട്ട. പ്രിൻസിപ്പൽ, കോളജ് ഓഫ് എൻജിനീയറിങ്, തിരുവനന്തപുരം, റിട്ട. എക്സിക്യൂട്ടീവ് ഡയറക്ടർ, മോഹൻദാസ് കോളേജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി) മുഖ്യപ്രഭാഷണം നടത്തി.

വാസ്തുവിദ്യ കാലത്തിനനുസരിച്ചും ആവശ്യത്തിനനുസരിച്ചും ആയിരിക്കണം. പക്ഷികളുടെ കൂട് നിർമ്മാണമാണ് പ്രകൃതിയിൽ നിന്നുള്ള ഉദാഹരണം. പാരമ്പര്യ വാസ്തുശാസ്ത്രവിധി പ്രകാരം കേരളത്തിൽ പണിത കെട്ടിടങ്ങൾക്ക് ബാഹ്യമോടി കുറവായിരുന്നെങ്കിലും ഈ തത്ത്വം അടിസ്ഥാനമാക്കിയാണ് നിർമ്മിതി നടത്തിയിരുന്നത്. പ്രകൃതി- പുരുഷ സങ്കല്പത്തെ അടിസ്ഥാനമാക്കി നിർമ്മിച്ച അത്തരം കെട്ടിടങ്ങൾ പ്രകൃതിയോടു ചേർന്നു നിൽക്കുന്നവയായിരുന്നു. അത്തരം നിർമ്മിതികൾ ഇപ്പോഴും നമുക്ക് കാണാൻ കഴിയും. ആധുനിക കാലത്തെ ഫ്ലാറ്റുകളുടെ ആധിക്യത്തിൽ അതിയായ ആശങ്ക തോന്നുന്നു. ആധുനിക വാസ്തുവിദ്യ, വായിൽ തോന്നുന്നത് കോതയ്ക്ക് പാട്ട് എന്ന മട്ടിലേക്ക് മാറുന്നു. പണ്ട് അഞ്ചു പേർക്ക് ഒരു മുറി എന്ന രീതിയായിരുന്നു വെങ്കിൽ ഇന്ന് ഒരാൾക്ക് അഞ്ചു മുറി എന്ന ധൂർത്തിന്റെയും ധാരാളിത്തത്തിന്റെ രീതിയിലേക്ക് മാറിയിട്ടുണ്ട്. ആർക്കിടെക്ചർ സെൻസ് ഉള്ള നിർമ്മിതികൾ നമുക്ക് പഴയ സിനിമകളിൽ കാണാൻ കഴിയും. മലയാള സിനിമയിലെ ശ്രദ്ധേയമായ കെട്ടിടങ്ങൾക്ക് ഉദാഹരണമായി ദേവാസുരം സിനിമയിൽ ഉള്ളതു പോലുള്ള കെട്ടിടങ്ങൾ ഉണ്ട്. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതും പ്രകൃതി സംരക്ഷണത്തിന് ഊന്നൽ നൽകുന്നതുമായ കെട്ടിടങ്ങളാണ് നമുക്ക് വേണ്ടത്.

ഇന്ന് നിരവധി സ്ഥാപനങ്ങളിൽ വാസ്തു ശാസ്ത്ര അഭ്യസനം നടക്കുന്നുണ്ട്. കാലത്തിനനുസരിച്ചും സാഹചര്യങ്ങൾ ക്കനുസരിച്ചും ഉള്ള മാറ്റം കെട്ടിടങ്ങളുടെ പ്രത്യേകിച്ച് വീടുകളുടെ നിർമിതിയിൽ പ്രകടമാണെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിച്ച ജോയിന്റ് കൗൺസിൽ ജനറൽ സെക്രട്ടറി ജയശ്ചന്ദ്രൻ കല്ലിംഗൽ ചൂണ്ടിക്കാട്ടി.

ചലച്ചിത്രകലയിലെ വാസ്തുവിദ്യ എന്ന വിഷയത്തെക്കുറിച്ചാണ് ഫിൽക്ക ജനറൽ സെക്രട്ടറി സാബു ശങ്കർ തന്റെ പ്രസംഗത്തിൽ പരാമർശിച്ചത്. ഇത്തരം കലാപരമായ വാസ്തുവിദ്യ ഓരോ മികച്ച ചലച്ചിത്ര കലാസൃഷ്ടിയ്ക്കുമുണ്ടെന്നും കാലത്തിനനുസരിച്ചും സാങ്കേതികവിദ്യ യുടെ വളർച്ചയ്ക്കനുസരിച്ചും അത് മാറുമെന്നും അദ്ദേഹം സൂചിപ്പിച്ചു.




വാസ്തുശാസ്ത്രവും സംസ്കാരവും എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഫിൽക്ക നടത്തിയ ലേഖന മത്സരത്തിൽ ജേതാക്കളാ യവർക്കുള്ള പുരസ്കാരങ്ങളും തദവസ രത്തിൽ വിതരണം ചെയ്തു. ഫിൽക്ക വൈസ് പ്രസിഡ് ഗിരിജാ സുരേന്ദ്രൻ നന്ദി പ്രകാശിപ്പിച്ചു.

## ദി ഗ്രാൻഡ് ബുഡാപെസ്റ്റ് ഹോട്ടൽ

**വെസ് ആൻഡേഴ്സൺ സംവിധാനം ചെയ്ത ഗ്രാൻഡ് ബുഡാപ്പസ്റ്റ് ഹോട്ടൽ എന്ന 2014 ൽ പുറത്തിറങ്ങിയ ചിത്രമാണ് ചലച്ചിത്ര മേളയിൽ ആദ്യമായി പ്രദർശി പ്പിച്ചത്.**

**ഓസ്ട്രിയൻ നോവലിസ്റ്റ് സ്റ്റെഫാൻ സ്വെയ്ഗിന്റെ കൃതിയിൽ നിന്നാണ് സിനിമ യ്ക്കു വേണ്ട കഥാതന്തു സംവിധായകന് ലഭിക്കുന്നത്. ജർമ്മനിയോട് ചേർന്നു കിടക്കുന്ന ഒരു സാങ്കല്പിക യൂറോപ്യൻ രാജ്യത്താണ് സ്വപ്നസദൃശമായ വാസ്തു ഭംഗിയും അലങ്കരിക്കപ്പെട്ട ഉൾഭാഗവും ഒത്തുചേർന്ന ആൽപ്പയിൻ റിസോർട്ടു കളിൽ ഒന്നായ ഗ്രാൻഡ് ബുഡാപ്പസ്റ്റ് ഹോട്ടൽ നിലകൊള്ളുന്നത്.**

**ഹോട്ടൽ ഉടമയും ധനികയുമായ വയോ ധികയുടെ മരണത്തിന് കാരണഭൂതനായി അവരുടെ രഹസ്യ കാമുകനും ഹോട്ടലിലെ മുഖ്യ ജീവനക്കാരനുമായ ഗുസ്താവ്. എച്ച്, ഹോട്ടലിലെ ഒറ്റപ്പെട്ട ജീവനക്കാരുടെ സഹായത്തോടെ ഹോട്ടൽ ഉടമയുടെ ബന്ധുക്കൾ ഉന്നയിച്ച ആരോപണത്തെ തുടർന്ന് തടവിലാക്കപ്പെടുന്നു. ഹോട്ടലിലെ ലോബി ബോയ് മുസ്തഫയുടെയും അയാ ളുടെ സുഹൃത്തായ ബേക്കറി ജീവനക്കാരി**



അഗതയുടെയും സഹായത്തോടെ ഗുസ്താവ് തടവുചാടുന്നു. തുടർന്നയാൾ മരണപ്പെട്ട ധനിക എഴുതി വച്ച വിൽപ്പത്ര പ്രകാരം ഹോട്ടലിന്റെ ഉടമയായി തീരുകയും അയാളെ തുടർന്ന് സീറോ മുസ്തഫ യിലേക്ക് ആ സ്വപ്ന സദൃശ്യ മായ ഹോട്ടലിന്റെ ഉടമസ്ഥാവകാശം കൈമാറുകയും ചെയ്യുന്നു.

ഒരു കുറ്റാന്വേഷണ കഥയുടെ സ്വഭാവം പലപ്പോഴും ആർജ്ജിക്കുന്ന ഈ സിനിമ ഊന്നൽ നൽകുന്നത് ഗുസ്താവ്. എച്ചും സീറോ മുസ്തഫയും തമ്മിലുള്ള ബന്ധത്തിലാണ്.യൂറോപ്യനായ ഗുസ്താവും ഏഷ്യൻ വംശജനായ മുസ്തഫയും തമ്മിലുള്ള സമാഗമം രണ്ടു സംസ്കാരങ്ങളിലെ നല്ല അംശങ്ങളുടെ ഒത്തുചേരൽ കൂടിയാണ്. വിദ്യാഭ്യാസം, സമ്പത്ത്, പാരമ്പര്യം, മുൻ പരിചയം ഇവ ഒന്നുമില്ലാത്തവൻ എന്ന അർത്ഥത്തിലാണ് സീറോ എന്നറിയപ്പെട്ട കൗമാരക്കാരനായ മുസ്തഫ ഹോട്ടലിൽ നിയമിക്കപ്പെടുന്നത്. പടിപടിയായി വളർന്ന അയാൾ ഗുസ്താവി ന്റെ വിശ്വസ്തനും അയാളുടെ കാലശേഷം ഹോട്ടൽ ഉടമയുമായി മാറുന്നത് വിശ്വസ്തത, സ്ഥിരോത്സാഹം,പ്രായോഗിക ബുദ്ധി എന്നിവയിലൂടെയാണ്. ഈ ഗുണഗണങ്ങൾ എങ്ങനെ ഒരാളെ മാറ്റിത്തീർക്കും എന്നത് ഗുസ്താവിന്റെയും മുസ്തഫയുടെയും ജീവിതത്തിലൂടെ നമുക്ക് കാട്ടിത്തരുന്നു


എന്നതാണ് ഈ ചിത്രത്തിൻെറ പ്രത്യേകത. നാസികളുടെ പടയൊരുക്കവും ലോകമഹാ യുദ്ധവും അരങ്ങേറുന്ന കാലത്താണ് ഈ ഹോട്ടലി ലെ സംഭവ വികാസങ്ങൾ അരങ്ങേറുന്നത്.

മരണപ്പെട്ട അഗതയുടെ ഓർമ്മകളെ താലോലിച്ച് ഏകനായി ഹോട്ടലിൽ കഴി യുന്ന മുസ്തഫയെയാണ് ചിത്രാരംഭ ത്തിൽ എഴുത്തുകാരൻ കണ്ടുമുട്ടുന്നത്. അദ്ദേഹം തന്റെ കഥ എഴുത്തുകാരനോട് പറയുന്നതായിട്ടാണ് ഈ സിനിമ ചിത്രീ കരിക്കപ്പെട്ടിട്ടുള്ളത്.




## ദി ഫൗണ്ടൻ ഹെഡ്

1949 ൽ പുറത്തിറങ്ങിയ ബ്ലാക്ക് ആൻഡ് വൈറ്റ് അമേരിക്കൻ ചിത്രമാണ് ദി ഫൗണ്ടൻ ഹെഡ് . കിംഗ് വിഡോർ സംവിധാനം ചെയ്ത ഈ ചിത്രത്തിൽ പ്രധാന കഥാപാത്ര ങ്ങളായ ഹൊവാർഡ് റോക്ക് എന്ന വാസ്തു ശില്പിയേയും അയാളെ ഗൂഢമായി പ്രണയി ക്കുന്ന ഡൊമിനിക് ഫ്രാങ്കൺ എന്ന



ധനിക യുവതിയെയും അന്നത്തെ പ്രസിദ്ധ ഹോളിവുഡ് നടീ നടന്മാരായ ഗാരി കൂപ്പറും പെട്രീഷ്യ നീലുമാണ് അവതരിപ്പിച്ചത്. മലയാള സിനിമ ശൈശവാവസ്ഥയിൽ നിൽക്കുന്ന കാലത്താണ് ഈ സിനിമ നിർമ്മിക്കപ്പെട്ടതെന്ന് അറിവ് അതിൻെറ മാറ്റ് വർദ്ധിപ്പിക്കുന്നു.

ഈ സിനിമ സാഹിത്യലോകത്ത് ഓളം സൃഷ്ടിച്ച അയൻ റാൻഡ് എന്ന അമേരിക്കൻ സാഹിത്യകാരിയുടെ ഇതേ പേരിലുള്ള നോവലിനെ അടിസ്ഥാന മാക്കിയാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. 1930 കളിൽ സോവിയറ്റ് യൂണിയനിൽ നിന്നും അമേരിക്കയിലെത്തിയ അയൻ റാൻഡ് മത്സരാധിഷ്ഠിതമായ അമേരിക്കൻ മുതലാളിത്ത വ്യവസ്ഥിതിയിൽ ആകൃഷ്ട യായി തന്റെ ചിന്തകളെ അതിനനുസരിച്ച് കരുപ്പിടിപ്പിച്ചു എന്ന് വേണം കരുതാൻ.

അമേരിക്കൻ സമ്പദ് വ്യവസ്ഥയിൽ പിൽക്കാലത്ത് സംഭവിച്ച സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ രചി ക്കപ്പെട്ട അറ്റ്ലസ് ഷ്റഗ്ഡ് എന്ന മറ്റൊരു ബൃഹത് നോവലാണ് റാൻഡിന്റെ മറ്റൊരു സാഹിത്യ സൃഷ്ടി. തന്റെ ചിന്തകളെ യെല്ലാം കോർത്തിണക്കി ഒബ്ജക്ടിവിസം എന്നൊരു ചിന്താ പദ്ധതിക്കും അവർ രൂപം നൽകി.

ഹൊവാർഡ് റോക്ക് എന്ന വാസ്തു ശില്പി നേരിടുന്ന കുറ്റപ്പെടുത്തലുകൾ, മാധ്യമ ങ്ങളും ധനകാര്യ സ്ഥാപനങ്ങളുടെ ഉടമസ്ഥരും അയാളെ ഒറ്റപ്പെടുത്തുന്നത്, ഉപജീവനത്തിന് വേണ്ടി കരിങ്കൽ ക്വാറി യിൽ ജോലി ചെയ്യേണ്ടി വരുന്നത്, കേസിൽപ്പെടുന്നത്, എന്തിനു പറയുന്നു, അയാളെ ഗൂഢമായി പ്രണയിക്കുന്ന യുവതി പോലും റോക്കിനെ ഒറ്റപ്പെടുത്തുകയും നിന്ദിക്കുകയും ചെയ്യുന്നു. ഇതിന്റെയൊക്കെ മുന്നിൽ വിട്ടുവീഴ്ചയ്ക്കോ തന്റെ ഡിസൈ നുകളിൽ വെള്ളം ചേർക്കുകയോ ചെയ്യാൻ അയാൾ തയ്യാറാവുന്നില്ല. ഒരു ഒത്തുതീർപ്പി നും തയ്യാറല്ലാത്ത അയാൾ തന്റെ കലാ ചാതുരിക്കും മന:സാക്ഷിക്കും അനുസരിച്ച് വരച്ച ഡിസൈനിനോട് ആത്മവഞ്ചന നടത്താൻ തയ്യാറാവുന്നില്ല.

നഗരത്തിലെ പാർപ്പിട ദാരിദ്ര്യം പരിഹരിക്കാൻ വേണ്ടി പണിയുന്ന കെട്ടിടസമുച്ചയത്തിലൊ സിഗ്നേച്ചർ ബിൽഡിംഗ് ആയി ന്യൂയോർക്ക് നഗരത്തിൽ നിലകൊള്ളാൻ വേണ്ടി പണിയുന്ന ബഹു നിലകളിലുള്ള കെട്ടിടത്തിന്റെ കാര്യത്തി ലൊ ഒരു സന്ധിക്കും ആരുമായിട്ടും അയാൾ തയ്യാറാവുന്നില്ല. പൗരാണികമായ എടുപ്പുകളെ അനുസ്മരിപ്പിക്കുന്ന പുറം മോടി കെട്ടിടത്തിന് വേണമെന്ന നിലപാടു കളെ ഒക്കെ അയാൾ പുച്ഛിച്ചു തള്ളുന്നു. അങ്ങനെ ചെയ്താൽ അത് തന്റെ ഡിസൈൻ ആയിരിക്കില്ല എന്ന് അയാൾ പറയുന്നു.

തന്റെ നിലപാട് അവതരിപ്പിച്ചുകൊണ്ട് കോടതി മുമ്പാകെ റോക്ക് ചെയ്യുന്ന പ്രസംഗം ഗ്രേറ്റ് ഡിക്റ്റേറ്റർ എന്ന സിനിമ യിൽ ചാർലി ചാപ്ലിൻ നടത്തുന്ന പ്രസംഗ ത്തെ ഓർമിപ്പിക്കുന്നു. ഒടുവിൽ അയാളുടെ നിലപാട് അംഗീകരിക്കപ്പെടുന്നു. ഒരു

കലാകാരൻ സ്വീകരിക്കേണ്ട സാമൂഹികമായ നിലപാട് സംബന്ധിച്ച കാര്യത്തിലേക്ക് വെളിച്ചം വീശുന്നതാണ് ഈ ചിത്രം. മത്സരാധിഷ്ഠിതമായ വിപണിയാൽ നിയന്ത്രിക്കപ്പെടുന്ന സമ്പന്ന സമൂഹത്തിൽ ഈ ചിത്രത്തിന്റെ സന്ദേശം ഒരു വലിയ പരിധിവരെ പ്രസക്തമായേക്കാം. ദാരിദ്ര്യവും ഉച്ചനീചത്വവും അസന്തുലിതാവസ്ഥയും അതിജീവനത്തിന് വേണ്ടിയുള്ള നിലനിൽപ്പ് മുൻകണ്ട് ജീവിക്കുന്ന മനുഷ്യരുമുള്ള ഒരു സമൂഹത്തിൽ ഈ സന്ദേശം എത്രമാത്രം പ്രസക്തമാണെന്ന് ചിന്തിച്ചു പോയി !




## ഈഫൽ

ഈ ചലച്ചിത്രമേളയിൽ അവതരിപ്പിച്ച സിനിമകളിൽ വാസ്തുശില്പ കലയുമായി ഏറ്റവും അടുപ്പം പുലർത്തിയ സിനിമ ഈഫൽ എന്ന മൂന്നാമതായി അവതരിപ്പിക്കപ്പെട്ട സിനിമയാണ്. മാർട്ടിൻ ബോർബുലോൺ സംവിധാനം ചെയ്ത 2021ൽ പുറത്തിറങ്ങിയ ഫ്രഞ്ച് ചിത്രമാണിത്. ആധുനിക ലോകാത്ഭുതങ്ങളിൽ ഒന്നും, എൻജിനീയറിങ് വൈദഗ്ധ്യത്തിന് മകുടോദാഹരണമായി ലോകം ചൂണ്ടിക്കാണിക്കുന്ന നിർമ്മിതികളിൽ ഒന്നുമായ പാരീസിലെ ഈഫൽ ടവറിന്റെ നിർമ്മിതിക്ക് കാരണഭൂതനായ ഗുസ്താവ് ഈഫൽ എന്ന ഫ്രഞ്ച് സിവിൽ എഞ്ചിനീയറുടെ ജീവിതമാണ് ഈ സിനിമയിൽ ആവിഷ്കരിച്ചിരിക്കുന്നത്.

ഫ്രാൻസിലെ ഒരു ഗ്രാമ പ്രദേശത്ത് എൻജിനീയറായി സേവനമനുഷ്ഠിക്കവേ ഈഫൽ പരിചയപ്പെടുകയും പ്രണയത്തിൽ ആവുകയും ചെയ്ത ധനിക കുടുംബാംഗം അഡ്രിയാൻ എന്ന സുന്ദരിയെ അവളുടെ മാതാപിതാക്കൾ ഈഫലിൽ നിന്നും അകറ്റി സമ്പന്നനായ ബിസിനസുകാരനെക്കൊണ്ട് വിവാഹം കഴിപ്പിക്കുകയും അവർ പട്ടണത്തിലേക്ക് പോവുകയും ചെയ്യുന്നു. വർഷങ്ങൾക്കുശേഷം പാരീസിലെ വേൾഡ് ഫെയറിന് സമർപ്പിക്കാനുള്ള പ്രോജക്ട് എന്തായിരിക്കണം എന്ന ഈഫലിന്റെ ചിന്ത 300 അടി ഉയരമുള്ള ഒരു ഇരുമ്പ് ടവർ എന്ന പദ്ധതിയിലേക്ക് അയാളെ നയിക്കുന്നു . പലവിധമായ എതിർപ്പുകളെ അതിജീവിച്ചാണ് ഈ പ്രോജക്ടിന് അംഗീകാരം നേടിയെടുക്കുന്നത്. പാരീസിലെ വലിയ എടുപ്പുകളിൽ ഒന്നായ നോത്രദാമിലെ പള്ളിയെയും കവച്ചു വയ്ക്കുന്ന ഒന്നായിട്ടാണ് ന്യൂയോർക്കിലെ സ്റ്റാച്യു ഓഫ് ലിബർട്ടിയുടെ ശില്പി കൂടിയായിരുന്ന ഗുസ്താവ് ഈഫൽ സമർപ്പിച്ച ഈഫൽ ടവറിന്റെ മാതൃക വിഭാവനം ചെയ്തത്.

ടൂറിസ്റ്റുകളെ പാരീസിലേക്ക് ആകർഷിക്കുന്നതിനുള്ള കാരണങ്ങളിൽ ഒന്നായി ഇത് മാറുമെന്ന് പ്രവചിക്കപ്പെടുന്നു. അഡ്രിയാന്റെ ഭർത്താവ് ഈ പദ്ധതിക്ക് വേണ്ട പണം നൽകുന്ന ബാങ്കർ ആയിരുന്നെങ്കിലും അയാളുടെ ഭാര്യയുടെ മുൻ കാമുകനാണ് ഈഫൽ എന്നറിഞ്ഞപ്പോൾ പിൻവാങ്ങുന്നു. ഈ സാഹചര്യം നേരിടുന്നതിനായി ഈഫൽ നിർമ്മാണത്തിന് ആവശ്യമായ മൂലധനം സ്വയമേവ കണ്ടെത്തുന്നു. അയാളുടെ മകളും നിർമ്മാണ പ്രവർത്തനങ്ങൾക്ക് സഹായിയായി ചേരുന്നു.തൊഴിലാളി


കളുടെ നിസ്സഹകരണം ഉൾപ്പെടെ എല്ലാം അതിജീവിച്ച് ഈ വമ്പൻ പദ്ധതി പൂർത്തിയാക്കപ്പെടുന്നു. അഡ്രിയാനെ കുറിച്ചുള്ള സ്മരണകളാണ് ഈ നിർമ്മിതി യുടെ കാര്യത്തിൽ ഉറച്ചു നിൽക്കാനും അത് പൂർത്തീകരിക്കാനും ഈഫലിനെ പ്രേരിപ്പിച്ചത് എന്ന് സിനിമ സൂചിപ്പിക്കുന്നു. അതുകൊണ്ടാണ് ഇംഗ്ലീഷിൽ എ എന്ന അക്ഷരത്തെ അനുസ്മരിപ്പിക്കുന്ന ഒരു ഘടന ഈഫൽ ടവറിന് ലഭിക്കുന്നതു പോലും. ഏതാണ്ട് ഷാജഹാൻ ചക്രവർത്തി ഭാര്യയായ മുംതാസ് മഹലിന്റെ ഓർമ്മയ് ക്കായി താജ്മഹൽ നിർമ്മിച്ചു എന്ന് പറയുന്നതു പോലെ.

നട്ടിനും ബോൾട്ടിനും പകരം ഒരിക്കലും



ഇഴപിരിയാത്ത റിവറ്റ് എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് ഈ നിർമ്മിതി പൂർത്തിയാക്കിയിരിക്കുന്നത്. ജനസഞ്ച യത്തെ മുൻനിർത്തി ഉദ്ഘാടനം നടക്കുന്ന അവസരത്തിൽ വേദിയിലിരിക്കുന്ന ഈഫൽ സദസ്സിൽ ആരുടെയും ശ്രദ്ധ യിൽപ്പെടാതെ വന്നിരിക്കുന്ന അഡ്രിയാനെ കാണുന്ന രംഗം മനസ്സിനെ സ്പർശിക്കും. അതിനുമുമ്പ് ഈഫലിനെ നിർമ്മാണ സ്ഥലത്തെത്തി രഹസ്യമായി സന്ധിച്ച് പകുതി പണിത ടവറിന്റെ മുകളിൽ നിന്ന് അവർ ഇരുവരും പാരീസ് പട്ടണത്തെ വീക്ഷിക്കുന്ന രംഗവും മനസ്സിൽ നിന്നും

മായില്ല. ഈഫൽ ടവറിന്റെ നിർമിതിയിലെ പ്രധാന ഘട്ടങ്ങളുടെ മാതൃകകൾ സൃഷ്ടിച്ചു കൊണ്ടാവണം ഭാവനയും യാഥാർത്ഥ്യ വും ഒത്തു ചേർന്ന ഈ സിനിമ ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്.




## ബെല്ലി ഓഫ് ആൻ ആർക്കിടെക്റ്റ്

ഫെസ്റ്റിവലിൽ അവതരിപ്പിക്കപ്പെട്ട നാല് ചിത്രങ്ങളിൽ മികച്ചതായി അനുഭവപ്പെട്ടത് അവസാനമായി പ്രദർശിപ്പിക്കപ്പെട്ട ബെല്ലി ഓഫ് ആൻ ആർക്കിടെക്റ്റ് എന്ന സിനിമ യാണ്. പീറ്റർ ഗ്രീനവേ രചനയും സംവിധാനവും നിർവഹിച്ച 1987 ലെ ഈ ചിത്രം കാൻ ചലച്ചിത്രമേളയിലെ മികച്ച ചിത്രത്തിനുള്ള പാം ദ് ഓറിന് പരിഗണി ക്കപ്പെട്ട സിനിമകളുടെ കൂട്ടത്തിൽ പെടുന്നു.

ഈ ചിത്രം പതിനെട്ടാം നൂറ്റാണ്ടിലെ ഇറ്റാലിയൻ വാസ്തു ശില്പി ലൂയിസ് ബൗളിന് ആദരവർപ്പിച്ചുകൊണ്ടുള്ള പ്രദർശനം ഒരുക്കാൻ റോമിലെത്തുന്ന അമേരിക്കൻ വാസ്തു ശില്പി സ്റ്റോർലി ക്രാക്ക്ലെറിന്റെ ജീവിതത്തിൻെറ



അവസാനത്തെ ഒരു വർഷം നടന്ന സംഭവങ്ങൾക്ക് ഊന്നൽ നൽകിയാണ് ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. മഹത്തായ റോമൻ വാസ്തു കലാ പാരമ്പര്യത്തിന്റെ അവശേഷിപ്പുകളായ പാൻതിയോൺ അടക്കമുള്ളവ പശ്ചാത്തലത്തിൽ മനോഹരമായി ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും ഈ സിനിമയിലെ ശ്രദ്ധേയമായ അംശം ഒരു കലാകാരനെ മനുഷ്യൻ എന്ന നിലയിൽ കാണാനുള്ള ശ്രമമാണ്.

രോഗഗ്രസ്തനായി അയാൾ അനുഭവിക്കുന്ന ശാരീരിക വേദനകൾ, ഭാര്യയും സമൂഹവും കൈവിടുന്ന അവസ്ഥ ഇവയൊക്കെ ഉള്ളിൽ തട്ടുംപടി ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. തന്റെ അഭാവത്തിൽ തന്റെ പ്രതിയോഗി കൂടിയായിരുന്ന ചെറുപ്പക്കാരനായ കലാകാരനെ ക്കൊണ്ട് അധികാരികൾ പ്രദർശനം പൂർത്തിയാക്കുന്നതായി ചിത്രീകരിച്ചു കൊണ്ട് സിനിമ അവസാനിക്കുന്നത്.

ഏതാണ്ട് ടോൾസ്റ്റോയിയുടെ വിഖ്യാത കഥയിലെ ഇവാൻ ഇലിയിച്ചിന്റെ മരണത്തെ അനുസ്മരിപ്പിക്കുന്ന സിനിമ. ട്രെയിൻ യാത്രയിലും തുടർന്നും അമേരിക്കൻ വാസ്തു ശില്പ കലയുടെ അന്തസ്സാര ശൂന്യതയെക്കുറിച്ചും ഇറ്റലിയിലെയും അമേരിക്കയിലെയും കലാകാരന്മാരുടെ കാഴ്ചപ്പാടിലുള്ള വ്യത്യാസത്തെ കുറിച്ചും മറ്റുമുള്ള അർത്ഥവത്തായ ചർച്ചകളും കമന്റുകളും നമുക്ക് കേൾക്കാൻ കഴിയും.

ഡാവിഞ്ചിയെയും മൈക്കലാഞ്ചലോയെക്കാളും ശ്രദ്ധിക്കപ്പെടേണ്ടിയിരുന്ന ഒരു കലാകാരനായിരുന്നു ഇറ്റലിക്കാർ അർഹിക്കുന്ന പരിഗണന നൽകാതിരുന്ന ബൗളിൻ എന്ന് സ്റ്റാക്ക്ലെറ്റ് കരുതുന്നു.അതുകൊണ്ടാണ് ഈ പ്രദർശനം ഒരുക്കാനുള്ള ദൗത്യം ഏറ്റെടുത്തു കൊണ്ട് അയാൾ റോമിലെത്തുന്നത്. റോമിലെത്തുന്ന അയാൾ ദഹനക്കേട്, വയറുവേദന, വിശപ്പില്ലായ്മ എന്നിവയിലൂടെ ക്യാൻസർ രോഗബാധിതനാണെന്ന കണ്ടെത്തലിൽ എത്തുന്നത് വിശദമായി ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. ആശുപത്രി പരിസരത്ത് നീറോ, ടൈറ്റസ് തുടങ്ങിയ റോമൻ ഭരണാധികാരികളുടെ പ്രതിമകൾ ചൂണ്ടിക്കാണിച്ച് ഇവരുടെയെല്ലാം ജീവിതം ഹൃസ്വമായിരുന്നുവെന്ന് സ്റ്റാക്ക്ലെറ്റിനോട് പറയുന്ന ഡോക്ടർ മനുഷ്യജീവിതം

ഹ്രസ്വവും തുടർച്ചയാർന്നതും ആണെന്ന സന്ദേശമാണ് നൽകുന്നത്. സ്റ്റാക്ക്‌ലെറ്റിന്റെ ഭാര്യ പ്രസവിച്ച കുഞ്ഞിന്റെ കരച്ചിലിന്റെ പശ്ചാത്തലത്തിൽ സ്റ്റാക്ക്‌ലെറ്റിന്റെ ആത്മഹത്യ അവതരിപ്പിച്ചത് ഈ നൈരന്തര്യത്തിന് തെളിവാണ്.

ബൗളിന്റെ കലയിലെ പ്രത്യേകതകളിൽ ആകൃഷ്ടനായ സ്റ്റാക്ക്‌ലെറ്റ് ബൗളിന്റെ വയറിന്റെ വലിപ്പം, മരണകാരണമായി മാറിയ ഉദരരോഗം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന അന്വേഷണങ്ങളിലേക്ക് തിരിയുന്നു. ഇറ്റലിയിലെ പ്രസിദ്ധരായ അഗസ്റ്റിൻ ഉൾപ്പെടെയുള്ളവരുടെ മരണകാരണങ്ങളുടെ അന്വേഷണങ്ങളിലേക്ക് സ്റ്റാക്ക്‌ലെറ്റ് നയിക്കപ്പെടുന്നു. ചെറുപ്പക്കാരിയായ ഭാര്യ അത്തിപ്പഴത്തിൽ വിഷം ചേർത്ത് നൽകുന്നതുകൊണ്ടാണ് വയറുവേദന ഉണ്ടാവുന്നതെന്ന ഒബ്സെഷൻ ക്രാക്ക്‌ലെറ്റിനെ ബാധിക്കുന്നു. ചെറുപ്പക്കാരിയും ക്രാക്ക്‌ലെറ്റിന്റെ പ്രതിയോഗികൂടിയായ കലാകാരന്റെ സൗഹൃദം തേടി പോകുന്നത്, ക്രാക്ക്‌ലെറ്റിന്റെ ഛർദി നായ ഭക്ഷിക്കുന്ന രംഗം, സാമ്പത്തിക നഷ്ടം വരുത്തി വയ്ക്കുന്നു എന്ന കാരണത്താൽ രോഗഗ്രസ്തനായ ക്രാക്ക്‌ലെറ്റിനെ ഒഴിവാക്കി എതിരാളി കൂടിയായ കലാകാരനെ കൊണ്ട് പ്രോജക്ട് പൂർത്തിയാക്കിപ്പിക്കുന്നത്, ക്രാക്ക്‌ലെറ്റിനെ ഉപേക്ഷിച്ചിട്ട് പോയ ഭാര്യയെക്കൊണ്ട് ബൗളിയെ കുറിച്ചുള്ള പ്രദർശനം ഉദ്ഘാടനം ചെയ്യിക്കുന്നത് ഇവയൊക്കെ ഈ സിനിമയിലെ ശ്രദ്ധേയമായ രംഗങ്ങളാണ്.

ഒരു മാരകരോഗം എങ്ങനെയാണ് മനുഷ്യന്റെ അന്തസ്സിനെ ബാധിക്കുന്നത്, അതെപ്രകാരമാണ് ഒരു ഒബ്സെഷനായി രോഗിയുടെ മനസ്സിൽ മാറുന്നത്, തന്റെ മരണത്തിലൂടെ മാത്രമേ ആ മനുഷ്യന് ആ രോഗത്തിന്റെ പിടിയിൽ നിന്നും ഒരു വിമോചനം ഉള്ളു എന്നീ കാര്യങ്ങൾ ഈ സിനിമ ചർച്ച ചെയ്യുന്നു. ഇതിലെ നായകൻ ഒരു വാസ്തു ശില്പി ആയതിനാൽ ചിത്രത്തിന് പര ഭാഗശോഭ അണയ്ക്കുന്ന തരത്തിൽ റോം എന്ന പുരാതന നഗരിയും അവിടുത്തെ ചേതോഹരമായ വാസ്തുശിൽപ്പ കാഴ്ചകളും നാം കാണുന്നു.






April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
TRANS FILM FESTIVAL
KSFDC



കവിയരങ്ങ് – ട്രാൻസ്ജെൻഡർ ഫിലിം ഫെസ്റ്റിവൽ

# ലിംഗസ്വത്വം



രാജാംബിക എസ്.എസ്
(ഫിൽക്ക)

അവഗണനയല്ലിന്നെനിക്കു
വേണ്ടത്
പരിഗണനയെന്നു ലോകമേ
തിരിച്ചറിയുക.

കൂർത്തമുനകളേറ്റു
പിടയുകയാണെന്നും
കണ്ണിലെ സൂര്യന്റെ തിരി
താഴ്ത്തുക.

അപരാധമൊന്നും ചെയ്തതല്ല
അനന്യ,
ഓർമ്മകൾ നൊമ്പരത്തീയിൽ
വിതുമ്പിടുന്നൂ...

ഗർഭഗൃഹത്തിന്റെ വാതിൽക്കലാ
വാർത്ത
ലിംഗസ്വത്വം തേടി, അന്നു
ശിരസ്സുകൾ താണു...

ആരൊക്കെയോ, നീണ്ടു
സഹായവാഗ്ദാനങ്ങൾ
പാഴ് വാക്കായിമാത്രംഒടുങ്ങീടവേ.

തൊഴിലു തേടാനിടമില്ല, ഒരുനാൾ
വിദ്യയും ശിക്ഷണവും തട്ടിക്കളഞ്ഞതും
സുഹൃത്തുക്കൾ എന്നും അകലമിട്ടതും
കളിക്കളത്തിൽ ഒറ്റപ്പെട്ടതും...

മരണം ഒരായുസ്സിലൊരിക്കൽ മാത്രം,
പക്ഷേ;
ഞങ്ങളാണെങ്കിലോ
അതൊന്നിലേറെ .

വിശപ്പിന്റെ മുറവിളിയേറിടും
നേരം
തട്ടിയെടുത്തിട്ടുണ്ടാവാം
പൊറുത്തീടുക.

അതിജീവനത്തിന്റെ
ശരശയ്യയിലാണെങ്കിലും
ഒരു മാത്രയാസ്വദിച്ചീടട്ടേ
ഈ പുണ്യഭൂമി

ചേർത്തണച്ചീടുക, ഇരുകാലിയായ്
കാണുക
ഉപജീവന പോരാട്ടം, കൈകോർക്കുക

കവിയരങ്ങ് - ട്രാൻസ്ജെൻഡർ ഫിലിം ഫെസ്റ്റിവൽ

# നോവിൻ പിറപ്പുകൾ



ദിവ്യ. സി. ആർ

എത്ര നോവുകൾ താണ്ടിയാലാണു
ഞാൻ
എന്നിലെ ഞാനാവുക.?

നിങ്ങൾ തരംതിരിക്കുന്ന
ലിംഗഭേദങ്ങളിൽ
ഞാൻ ഞാനാണെന്നു പറയുവാൻ
ഇനിയുമെത്ര കാതം താണ്ടിടേണം..

അധിക്ഷേപസ്വരങ്ങളിൽ
നിന്നടർന്നു-
വീഴുന്നു വാക്കുകൾ:
പെൺപിറപ്പെന്നോ
ആൺപിറപ്പെന്നോ ചൊല്ലുവാൻ.!

മനസ്സിൽ ചുമക്കുന്നൊരെന്നെ
രൂപം കൊണ്ടെഴുതും നിൻ
കൺകളിൽ
തെളിയുന്ന പരിഹാസങ്ങളോട്;
ഞാൻ 'ഞാനാ'കും

യാത്രകളുടെ
വേദനയും നിരാശയും
പടർന്നൊഴുകി -
ക്കുതിർന്ന രാവിൽ, നിലാവിൽ
പൂക്കും
പ്രതീക്ഷകളുടെ
നക്ഷത്രശോഭകളെ
കുറിച്ചെഴുതിയാൽ
നിനക്കതെങ്ങനെ
മനസ്സിലാകുമെന്നാണ്..?

മനുഷ്യനായിപ്പിറന്നതിന്നൊരടയാളം
മാത്രം മതി; മനുഷ്യത്വം
പകരുമൊരു
നോട്ടം മതിയാകും: നോവിൻ
പിറപ്പുകൾക്കൊപ്പമിരിക്കുവാൻ.!

കവിയരങ്ങ് – ട്രാൻസ്ജെൻഡർ ഫിലിം ഫെസ്റ്റിവൽ



ഡോ. ഉഷാറാണി .പി.

# ഞാൻ

ഞാൻ,
നിന്റെയറിവിന്നുമതീതൻ
മാനുഷസൃഷ്ടിതൻ മൂന്നാം ഭാവം.
ചഞ്ചലമാണെന്റെ
മാനസമെപ്പൊഴും
ഇരുളും വെളിച്ചവുമിമചിമ്മുന്നു.

സംഭ്രമമുണ്ടേറ്റം
സാകൂതമണയുവാൻ
സാഹോദര്യം, വെറും
പൊയ് മൊഴിയോ!
പുണ്യപുരാണത്തിലും
ഇതിഹാസകവനത്തിലും
ഞാനുണ്ടു,
നോവിന്റെയാടചാർത്തി

വിധിയോ വികാരത്തിൻ
പാരമ്യമോയെന്റെ
പ്രകൃതത്തിലിടിമിന്നൽപ്പിണർ
ജാലയായി

ജനിതകമാറ്റത്തിനു ജന്മം
കടംവച്ചു,
ശാസ്ത്രം മടക്കുന്നു
ജ്ഞാനഗ്രന്ഥങ്ങളും.

രൗദ്രവും ശാന്തവും ഞാൻ
പകർന്നാടുമ്പോള –
ശാസ്ത്രീയതക്കില്ലയളവുകോൺകൾ.
രാശിപ്പെരുക്കവും പിഴച്ചുപോയി,
നീചൻ
പെരുവഴിയിങ്കൽ പരിഹാസഹേതു

പരിവർത്തനത്തിന്റെ
നവസൂര്യബിംബം
പ്രത്യാശവിരിച്ചെന്നിൽ
നൃത്തമാടിടുമ്പോൾ
മാറ്റല്ലേ, മറയല്ലേ, വാഗ്ശരമെയ്യല്ലേ
എങ്കിലതു, നിൻജന്മത്തിൻ
കൈക്കുറ്റപ്പാടുമാത്രം.

കവിയരങ്ങ് - ട്രാൻസ്ജെൻഡർ ഫിലിം ഫെസ്റ്റിവൽ

# അതിജീവന സ്വത്വം



എസ്. എൽ. ബ്രൈറ്റ് മീയണ്ണൂർ

അവഗണിക്കയോ സുന്ദര
ലോകമേ അഗ്നിച്ചിറകറ്റു
പിടയുന്നോരെന്നെ നീ
ആത്മനൊമ്പരം പേറി ചളിയിലൂടീ
ജന്മം,
അതിജീവനമുറവിളിയുമായധികാര
വാതിലിൽ മുട്ടുന്നോരോ ദിനം...

അപരനല്ലപരാധിയുമല്ലീ ഉലകിൽ
അമ്മതൻ ഗർഭം ചുമന്നു പെറ്റൊരു
സ്വത്വം
അടുക്കാൻ പലരുണ്ടെങ്കി
ലുമവജ്ഞയോടെ,
അകലെയൊഴിഞ്ഞെന്നും ലിംഗ
നീതിയ്ക്കായ്...

ആത്മ
സൗഹൃദങ്ങളേറെയുണ്ടെങ്കിലും
അവരോടൊത്തൊന്നുരസിപ്പാൻ,
അനുവദിയ്ക്കില്ലീ സത്ഗുണ
സമൂഹം

അലസമായോരോ രാവും
ആണാകുവാനുമായില്ലെനിക്ക്,
പെണ്ണും...
കദന ചുഴിയിൽപ്പെട്ടുഴലും ഹൃദന്തം
അമ്മയാകാമാണൊരുത്തന്റുൾ
ക്കരുത്തിൽ...

ആഡംബര
വേഷഭൂഷാദികളിണിഞ്ഞീടും
അല്പനേരെത്തെ വിശപ്പകറ്റിടാൻ

ആനന്ദ ചിത്തയായ്
ആസ്വദിച്ചീടട്ടെ അനവദ്യ ഭാസുര
പുണ്യഭൂവിൽ,
അനുവദിക്കയീ ജനിതക
രൂപാന്തരം
അണുവിട ഭ്രഷ്ടു
കല്പിച്ചിടാതെന്നും.

കവിയരങ്ങ് - ട്രാൻസ്ജെൻഡർ ഫിലിം ഫെസ്റ്റിവൽ

# ഇരുമുഖം



അനീഷ്. ആർ. കെ

അടർന്നു വീഴാൻ കൊതിക്കുന്നു
ഞാൻ
ധരണിയിൽ എവിടെയോ
എനിക്കായ് തീർത്തൊരാ
രന്ധ്രത്തിനുള്ളിൽ.
ശരമേറ്റ് പിടച്ചെന്റെ ഉള്ളിലെ
പെണ്മനം ചിതറിയാലോ....?

മുലക്കണ്ണുകൾക്ക് പോലും
വലിപ്പമില്ലത്രേ...!
ഗർഭപാത്രത്തിനും വാസമില്ലാത്ത
നിൻ മേനിയിലെവിടെയാ
പെണ്ണെന്ന് ചിലർ.

ആർത്തുപെയ്യാൻ കൊതിച്ച
നൽനാളുകൾ...
അധരങ്ങൾ കാർന്നു രമിച്ച
ചിതലുകൾ...
ഗന്ധം നുകരാനെത്തിയ
രാക്ഷസൻമാർ ...

അവനിലൊരുവളായും
അവളിലൊരുവനായും
പാരിതിൽ വന്നവർ
പാപിയാണോ...?

കുപ്പിവളകളാൽ കൈകൾ
മിനുക്കിയും
കഴുത്തിലായ് പൊന്മാല
കെട്ടിയൊരുങ്ങിയും മേനിയിൽ
പട്ടുടയാടയണിഞ്ഞൊരു
പെണ്മനമുള്ളൊരു കാമനയാണ്
ഞാൻ.

മൃദുലമാം പൂമേനിയില്ലെനിയ്ക്ക്,
പൂവിനെപോലും മയക്കും
സുഗന്ധവുമിന്നെനിക്കില്ല.
ആണത്തമുള്ളൊരു കേമനായ്
മാറുവാൻ ഏറെക്കൊതിച്ചൊരു
പെണ്ണാണ് ഞാൻ

സിരകളിൽ പടരുന്ന
ജീവരസത്തിലും
പെരുകുന്ന പെണ്മയാം
ലാസ്യമോടെ
ഇഴകളിൽ ഊട്ടിവളർത്തുവാൻ
വെമ്പുന്നു മേനിയും കൂടെയാ
നാരിയെപ്പോലെ...
ഇഴകളിൽ ഊട്ടിവളർത്തുവാൻ
വെമ്പുന്നു മേനിയും കൂടെയാ
നാരിയെപ്പോലെ..

കവിയരങ്ങ് – ട്രാൻസ്ജെൻഡർ ഫിലിം ഫെസ്റ്റിവൽ

# ഗ്യാസ്*



പി. കെ. ജയരാജൻ

മനുഷ്യരിലുണ്ടൊരു മൃഗം
നരസിംഹം,
സത്തിലും മിഥ്യയിലും.
സത്തിലാവാം
പക്ഷെ
മിത്തിലങ്ങനെ
സഹിക്കില്ല,
മതം
മദമിളകി മെതിക്കും
സകലതും.
ശിവന്
മോഹന വിഷ്ണുവിലാകാം,
ജോസഫിനഴകിയ
കന്യയിലും!
ചരിത്രത്തിൽ,
ഇനി വേണ്ട ഡാർവ്വിന,
യാളിൻ നരക്കുരങ്ങും.
കത്രിക വെക്കാം
'എമ്പുരാനെ'
തുടകീറിയയ്യനെ
പെറ്റെടുക്കാം.
താരമടർന്നു കണ്ടെടുക്കാം
ഉണ്ണിയെ,
കാലിത്തൊഴുത്തിൽ.
അങ്ങനെയങ്ങനെ,
മിത്ത് കൊരുത്ത്
കൊരുത്തു നമുക്കൊരു
'മായാമോഹിനി'
ചിത്രമൊരുക്കാം!

*GAS (Gender Affirming Surgery)
ലിംഗമാറ്റ ശസ്ത്രക്രിയ.

കവിയരങ്ങ് - ട്രാൻസ്ജെൻഡർ ഫിലിം ഫെസ്റ്റിവൽ

# ഒന്നാണു നമ്മൾ



ജാനു കാഞ്ഞിരംകുളം

അക്ഷരത്തെറ്റുകൾ
ഹൃത്താകെയെഴുതുന്ന
മർത്യരേ അറിയുക ഒന്നാണു
നമ്മൾ.

സ്നേഹത്തിൻ വീചികളൊഴുകുന്ന
സിരകളും
മോഹത്തിൻ വല്ലികൾ പിടയുന്ന
ചിന്തയും
ഒന്നായി ഒന്നായി ഉണരുന്നു
നമ്മിൽ ,
മർത്യരേ അറിയുക ഒന്നാണു
നമ്മൾ .

പെറ്റിട്ട വീടിനും
അന്യരായിത്തീരുന്ന
ഒരു കൂട്ടരിവിടുണ്ടു ഭൂതലത്തിൽ !

ലിംഗഭേദങ്ങൾക്കു ഇംഗിതമില്ലാതെ
ഭാഗമായിപ്പോകും മാനവർ താൻ !

ഇഷ്ടങ്ങളെല്ലാമറുത്തു മാറ്റപ്പെട്ട്,
കഷ്ടങ്ങളിൽ
വീണുടഞ്ഞിടുന്നോർ !

വിദ്യാതലങ്ങളും ഉദ്യോഗതലങ്ങളും,
വകഞ്ഞുമാറ്റിപ്പോയവർ
മനുഷ്യരാണേ !

ആണെന്നോ പെണ്ണെന്നോ
ചൊല്ലുന്ന -
പോലെ, ഭൂഗർഭമാതാവിൻ
ജീവസ്വത്വം!

ആത്മാഭിമാനം ചോരത്തുടിപ്പുകൾ
മർത്യരിലെല്ലാം
ഒന്നാണെന്നറിയണം.


ലിംഗഭേദങ്ങളും വർണ്ണഭേദങ്ങളും
ഒന്നുമേ ജീവന്റെ താളമല്ലറിയണം.

ഇനിയേതു ജന്മത്തിൽ മർത്യജന്മം
ഇനിയേതു ജന്മത്തിലീ പുണ്യജന്മം !

അറിവിന്റെയജ്ഞാനം
ഇല്ലാതിരിക്കണം
ലിംഗഭേദങ്ങളീശ്വരസൃഷ്ടിയെന്നറി
യണം

കവിയരങ്ങ് - ട്രാൻസ്ജെൻഡർ ഫിലിം ഫെസ്റ്റിവൽ

# ട്രാൻസ്ജെൻഡറിസം



പുഷ്പ അനിൽ

മനുഷ്യനായ് പിറന്നിട്ടും
മാറ്റിനിർത്തും വിധി വൈഭവം
ജനിതക പരിണാമം
പേറിയൊടുങ്ങും മാറ്റമില്ലാത്തോ
രായിരം മനോവ്യാധി

ഭൂമിയിൽ പിറന്നു പോയതിൽ
ശിക്ഷയോയിന്നനാഥരായെത്രയോ
ജന്മങ്ങൾ ഭൂമിയിലലയുന്നു

കനൽച്ചീളാളിത്തണുത്ത വഴിയിലും
ജീവിതജ്വരം പകർത്തിയ
കണ്ണിലൊരു ഉപ്പുകാറ്റിൻ കടൽ
തിളയ്ക്കുന്നു
തിരസ്ക്കരണങ്ങളും
മേൽക്കോയ്മകളായി
ഉറഞ്ഞുതുള്ളുന്നേരം
പുച്ഛത്തിൻ നാവേറുകൾ ഉച്ഛ
സ്ഥായിയിലെത്തുന്നു

ഓടിത്തളർന്നോരിര
മൃഗത്തെപ്പോലെ
ദൈന്യത ചോർന്നൊലിച്ചു
കിതയ്ക്കുന്നതും
കമ്പി പൊട്ടിയ
തംബുരുവിന്നപശ്രുതി പോലെയും
മുറിഞ്ഞു മുറിഞ്ഞു പോകുന്നതും

അടരുവാനില്ലയിന്നീ
ഊഴിയിലെപ്പോഴും
അഴൽ മൂടി ആമോദമാകെ
കവരിലും
ഒരു നുള്ളു പുഞ്ചിരി ഒരു നുള്ളു
സ്നേഹം
തരിക നീ മനുജാ
അർത്ഥമായ് നിൽക്കട്ടെയെൻ
ആനന്ദധാര......

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
TRANS FILM FESTIVAL
KSFDC



കവിയരങ്ങ് - ട്രാൻസ്ജെൻഡർ ഫിലിം ഫെസ്റ്റിവൽ

# ആരു ഞാൻ?



സജി അജീഷ്

മകനോ മകളോ എന്നറിയീല
നാളെ ഞാൻ അച്ഛനോ,
അമ്മയോ...

പേരറിയാത്തൊരു രൂപമോ ഞാൻ
ആരറിയുന്നെന്റെ സത്യവും
സ്വത്വവും !

പരിഹാസമണികളെൻ
പുറവും അകവും
വാരിയെറിഞ്ഞുകൊ
ണ്ടുള്ളൊരായിരം
ചോദ്യങ്ങൾ

കാരിരുമ്പിൻ കനലുക
ളായെന്നിൽ വന്നു പതിക്കെ,
മജ്ജയോളം പുകഞ്ഞൊരു
മാംസ പ്രതിമയായ് മാറുന്നു
ഞാനും

എങ്ങുനിന്നോ ഒരു
കൊള്ളി മീനെന്നപോൽ
വേഗാൽ
എന്നിൽ തെളിഞ്ഞൊരാ
തിരിവെട്ടം, പിന്നെയും പിന്നെയും
ഞാൻ ചികഞ്ഞു നോക്കെ,

ആണോ പെണ്ണോ രണ്ടുമോ അല്ലത്
ജീവൻ സ്ഫുരിക്കുമൊരു
വാഴ്വിൻ രൂപമായിരുന്നു.


അകതാരിൽ കിടന്നൊരാ
തുരുമ്പിച്ചു ദ്രവിച്ച
ചിന്തകളോരോന്നായ്
വകഞ്ഞുനിക്കെ

ചിത്തത്തിൽ ചേലൊത്തൊരു
ചിത്രമുളവായിടുന്നപോൽ
ചുറ്റും ഇരുട്ടും പുകയും
വിഷ കണങ്ങളും
മാത്രം നിറക്കുവോർ.

ഒരു കൊച്ചു മിന്നാമിന്നി
യായിത്തീരാൻ
കാലമെ, നീയിനിയെത്ര
നാൾ കാത്തിടേണ്ടൂ??!

കവിയരങ്ങ് - ട്രാൻസ്ജെൻഡർ ഫിലിം ഫെസ്റ്റിവൽ

# തിരുനങ്കൈകൾ



തിരുമല ശിവൻകുട്ടി

ബാല്യം കഴിഞ്ഞു കൗമാര
കൗതുകം
മേനിയെ പുൽകി പുണരാൻ
തുടങ്ങവേ
അന്തരിന്ദ്രിയ
സ്രവങ്ങളെന്നുള്ളിലായ്
ജനിതക പരിണാമ സൃഷ്ടി
നടത്തവേ

കുറ്റം പറഞ്ഞവർ, പരിഹസിച്ചവർ
ഒറ്റപ്പെടുത്തിയോർ
ശാപജന്മമെന്നോതി
സമൂഹഭ്രഷ്ട് കല്പിച്ചവർ
വീട്ടിലും നാട്ടിലും നിന്നകറ്റപ്പെട്ടവർ
സ്വപ്നമരീചികയായ്
തെളിയുന്നുവോ
ഭഗ്നമോഹങ്ങളായ് മാറുന്നുവോ

കണ്ടു വളർന്നവർ, തൊട്ടു
കളിച്ചവർ
കിട്ടും കാണാത്ത ഭാവം
നടിച്ചവർ
എന്തിനീ വേർതിരിവ്? ഞങ്ങളും
മർത്യജന്മങ്ങൾ
വൈവിധ്യമാർന്നീഭൂവിലെ
യാത്രികർ.

ഞങ്ങൾക്കുണ്ടൊരു ദിനം മംഗലം
കഴിക്കുവാൻ
ഞങ്ങളൊരുമിച്ചു ചേരുന്നയാദിനം
വളർമതി വാനിൽ തിളങ്ങുംദിനം
വസന്തം പൂക്കൾ വർഷിക്കും
മുഹൂർത്തം

തിരുനങ്കൈകൾ ഞങ്ങൾ
സഹജാതർ
അരുതുകൾ ചൊല്ലിയകറ്റരുതേ
അനുജാതഭാവം വെടിയരുതേ...

April Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
TRANS FILM FESTIVAL
KSFDC



കവിയരങ്ങ് - ട്രാൻസ്ജെൻഡർ ഫിലിം ഫെസ്റ്റിവൽ

# മൂന്നാം ലിംഗം



ഡോ. അനിൽകുമാർ. എസ്. ഡി

വാലിട്ടെഴുതിയ കണ്ണും
ചായം ചുവപ്പിച്ച ചുണ്ടും
ചീകിയൊതുക്കിയ മുടിയും
നിറവുള്ളമാറും നിറയുന്ന വയറും
മീശമുളച്ച ചുണ്ടിനും മേലേ
ഈ മോഹവും പടരുന്ന മനവും
ചേരുന്ന ലോലമാം മനസ്സാണു
ഞാൻ.

പരിഹാസവാക്കുകൾ വിഴുങ്ങി
ശാപത്തിൻ ചാട്ടുളിയേറ്റും
കോമാളിയെന്ന് വിളിച്ചപഹസിക്കും
കോമരക്കൂത്തിനെയെതിർത്തും.


അച്ഛനുമമ്മയും വെറുക്കുന്ന ഈ
ജന്മം
ഉള്ളിലൊളിച്ചണ്ടൊരു പെണ്ണിനെ
പോറ്റി

പാവാട മേലാട ചാർത്തിയൊരുങ്ങി
കണ്ണെഴുതി വട്ടപ്പൊട്ടുമണിഞ്ഞ്
എന്നെ ഞാൻ തന്നെ ഉയർത്തി
ട്രാൻസ്ജെറാക്കി കുടിയിരുത്തി.

മാനാഭിമാനത്തെ
അടിയറവയ്ക്കാതെ
ലോകത്തിനുമുന്നിൽ മൂന്നാം
ലിംഗമായ്
എന്നിലെയെന്നെ അംഗീകരിച്ചു
ഞാൻ
ആണിനും പെണ്ണിനുമൊപ്പം
ലിംഗസമത്തിന്റെ
പുതുലിംഗമാവുന്നു

# ആന്ദ്രേ താർകോവ്സ്കി
# സ്റ്റോക്കർ

## വിശ്വവിഖ്യാത ചലച്ചിത്ര ശിൽപത്തിന്റെ തിരക്കഥാ പുനരാവിഷ്കാരം മലയാളത്തിൽ !




ഓഡിറ്റോറിയത്തിൽ
സ്റ്റോക്കർ പുസ്തകം
(മുഖവില 200 രൂപ)
150 രൂപയ്ക്ക്
ലഭിക്കുന്നതാണ്.
GPay സൗകര്യം
ഉണ്ടായിരിക്കും

Vinod Kumar

**Film Vision Monthly April 2025.Rs 2/-RNI-KER/BIL/2002/8043**




**Membership**

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹ 200~~ ₹150




13th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ചലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com
Shop Online



CHIEF EDITOR : DR. B. RADHAKRISHNAN * CHIEF ASSOCIATE EDITOR: RAJAMBIKA.S.S*. ASSOCIATE EDITOR: DR. LALITHA GOURI *SUB EDITORS : JYOTHISHKUMAR.P.S. , GIRIJA SURENDRAN.* DESIGN: SHAJI CAD * CIRCULATION: VINODKUMAR. P. *
EDITOR AND PUBLISHER: DR. SABU SANKAR ,
GENERAL SECRETARY, FILCA FILM SOCIETY, PB 2224, TRIVANDRUM -695010.
Phone: 80890 36090. Email: filcakerala@gmail.com